



# ദി THE MALANKARA SABHA
# മലങ്കരസഭ


MALAYALAM MONTHLY, Vol-68, Issue-3

MARCH 2024

Price ₹ 25, Annual Subscription ₹ 250



muthootgroup.com
The Muthoot Group
TAKING INDIA FORWARD
Muthoot Finance INDIA'S #1 MOST TRUSTED FINANCIAL SERVICES BRAND 2023#
Muthoot Family - 800 years of Business Legacy
Serving over 2 lakh customers every day
40,000+ dedicated workforce
Strong network of 6300+ PAN India branches*
20 Diversified Divisions
Our Diversified Products & Services
Gold Loan
Home Loan
Personal Loan
Gold Coin
Money Transfer
Foreign Exchange
Insurance
Mutual Funds
PAN Card
*T&C apply
1800 202 1212
# Power of Trust TRA's Brand Trust Report. *Muthoot Finance and its subsidiaries.
A Muthoot M George Enterprise


ഓർമ്മപ്പെരുന്നാൾ
2024, ഏപ്രിൽ 11, 12
മാർ ബസേലിയോസ് ദയറാ
ഞാലിയാകുഴി
ദൈവസ്നേഹിയായ
ഗീവർഗീസ് മാർ ഈവാനിയോസ് മെത്രാപ്പോലീത്താ

# മലങ്കരസഭ

ESTD. 1946 മാസിക

മലങ്കര സഭയുടെ ഔദ്യോഗിക മാധ്യമം . 2024 മാർച്ച്. ലക്കം 3. പുസ്തകം 68. വില ₹ 25


LETTER FROM THE EDITOR

*"നോമ്പിനാൽ പറുദൈസയുടെ വാതിലുകൾ തുറക്കപ്പെടുന്നു. അതിനെ ശരിയായി ആചരിക്കുന്നവർക്ക് മാലാഖമാരുടെ പ്രഭയും ഉയരത്തിലേക്കു കരേറുവാൻ ആത്മീയ ചിറകുകളും ലഭിക്കുന്നു".*

*(പ്രഭാത പ്രാർത്ഥന, വലിയ നോമ്പ്)*

അബ്രഹാമിന്റെയും സാറായുടെയും മിസ്രയീമ്യ ദാസിയായിരുന്ന ഹാഗാർ സാറായുടെ വാക്കിൻ പ്രകാരം അബ്രഹാമിൽ നിന്ന് ഗർഭം ധരിച്ചു. എന്നാൽ അതോടുകൂടി ഹാഗാർ സാറായിയ്ക്ക് അനിഷ്ടയായിത്തീർന്നു. അവൾ സാറായെ വിട്ട് ഓടിപ്പോയി. യാത്രാവഴിയിലെ കിണററികെ വെച്ച് ദൈവദൂതൻ ഹാഗാറിനെ ആശ്വസിപ്പിച്ച് ബലപ്പെടുത്തുന്നു. ദൂതൻ ഹാഗാറിനോടു ചോദിച്ച രണ്ട് ചോദ്യങ്ങൾ പ്രസക്തമാണ്.

നീ എവിടെ നിന്ന് വരുന്നു?

എങ്ങോട്ടു പോകുന്നു?

ഒടുവിൽ ഹാഗാർ ദൂതനോട് "എന്നെ കാണുന്നവനെ ഞാൻ ഇവിടെയും കണ്ടുവോ" എന്ന് പറഞ്ഞ് തന്നോട് അരുളിച്ചെയ്ത ദൈവത്തെ "ദൈവമേ നീ എന്നെ കാണുന്നു"-ബേർ ലഹയിരോയി-എന്ന് പേർവിളിച്ചു. ആ കിണറും അങ്ങനെ അറിയപ്പെട്ടു. യിശ്മായേലിന്റെ ജനനശേഷമുള്ള അഗ്നിപരീക്ഷകളിലും ഹാഗാർ ഒരു നീരുറവ് കാണുന്നുണ്ട്. പറക്കാൻ പഠിപ്പിക്കുമ്പോൾ കൂടിളക്കി, താഴേക്കു വീഴുന്ന തന്റെ കുഞ്ഞ് ഒരു കരണം മറിഞ്ഞ് പറക്കാൻ തുടങ്ങുന്നത് അമ്മ പരുന്ത് നോക്കിയിരിക്കുന്നതുപോലെ ദൈവം ഹാഗാറിനെ നോക്കുന്നു.

അവളുടെ കണ്ണ് തുറക്കുന്നു

സാറായുടെ മകനായ ഇസഹാക്കിന്റെ വിവാഹ സമയത്ത് അബ്രഹാമിന്റെ ദാസൻ റിബേക്കയേയും കൂട്ടി വരുമ്പോൾ ഇസഹാക്ക് തന്റെ പ്രിയപ്പെട്ടവളെ ആദ്യമായി കാണുന്നതും ബേർലഹയിരോയിയുടെ ധ്യാനപൂർണ്ണിമയിലാണ്. ദൂരെ നിന്ന് വധുവിന്റെ ഒട്ടകകൂട്ടം വരുമ്പോൾ ഇസഹാക്ക് 'തല ഉയർത്തി നോക്കി' റിബേക്കയും "തല ഉയർത്തി നോക്കി" പരസ്പരമുള്ള ഈ നോട്ടം കുലീനവും ആത്മീയവുമായ ഒരു ശരീരഭാഷയാണ്. അബ്രഹാം മരിച്ച ശേഷവും ഇസഹാക്ക് ബേർലഹയിരോയിക്കരികെ പാർത്തു.

ഈ നോമ്പ് ഒരു നീരുറവാണ്. ബേർലഹയിരോയി-"ദൈവമേ നീ എന്നെ കാണുന്നു". ഈ നീരുറവ് നൽകുന്ന ശമനം അത്ര ചെറുതല്ല. നാം ദൈവത്തെ തിരയുന്നതിനേക്കാൾ അവിടുന്ന് നമ്മെ തിരയുന്നു; കാണുന്നു. ആ ദൃഷ്ടി പരിധിയിൽ ആയിരിക്കുകയത്രെ നോമ്പിന്റെ സുകൃതം. സഖറിയ പ്രവചിക്കുന്നു (2:8) " നിന്നെ തൊടുന്നവൻ എന്റെ കൺമണിയെ തൊടുന്നു".

– ഫാ. സഖറിയാ തോമസ് പുതുപ്പള്ളി


**മലങ്കരസഭ മാസിക**
കാതോലിക്കേറ്റ് അരമന,
ദേവലോകം
കോട്ടയം-04
ഫോൺ: 0481-2573234

**പ്രസിഡന്റ്**
ഡോ. യൂഹാനോൻ മാർ
ദീയസ്കോറോസ്
മെത്രാപ്പോലീത്താ

**ചീഫ് എഡിറ്റർ**
ഫാ. സഖറിയാ തോമസ്

**മാനേജിംഗ് എഡിറ്റർ**
ഫാ. തോമസ് രാജു കരുവാറ്റ

**സബ് എഡിറ്റർ**
ഫാ. അലക്സ് തോമസ്
നാഴൂരിമറ്റത്തിൽ

**അംഗങ്ങൾ**
ഫാ.ഡോ. ബിജേഷ് ഫിലിപ്പ്
ഫാ. തോമസ് വർഗീസ് ചാവടിയിൽ
അഡ്വ. ബിജു ഉമ്മൻ
ഡോ. തോമസ് കുരുവിള
അലക്സിൻ ജോർജ് IPoS
മെർലിൻ റ്റി. മാത്യു

ഇ.മെയിൽ:
malankarasabha1946@gmail.com,
sabhamasika@yahoo.com

Read online:
www.mosc.in
www.malankarasabhaonline.com

*കംപ്യൂട്ടർ ഓപ്പറേറ്റർ*
*& ഗ്രാഫിക് ഡിസൈനർ :*
ജിന്റോ കുറിച്ചി

*അക്കൗണ്ടന്റ്:*
ബിജു വർക്കി
9947804477

# അകം

CONTENTS





**10** മാർത്തോമ്മൻ സ്മൃതിസംഗമ റിപ്പോർട്ട്

**14** ഹോശന്നാ...
- ഫാ. ജിതിൻ ജോസഫ്

**16** പെസഹാ രഹസ്യം
- ഡോ. കെ.എൽ. മാത്യു വൈദ്യൻ കോർഎപ്പിസ്ക്കോപ്പാ

**18** സ്നേഹവും സഹനവും ആശ്ലേഷിച്ച...
- ഡോ. ജോസഫ് മാർ ദീവന്നാസിയോസ് മെത്രാപ്പോലീത്താ SST

**21** വിയർപ്പിന്റെ അടയാളങ്ങളാകുവാനുള്ള...
- ഫാ. തോമസ് രാജു കരുവാറ്റ

**33** കെ. മാത്തൻ സമുന്നത സ്നേഹിയും...
- കെ.വി. മാമ്മൻ കോട്ടയ്ക്കൽ

**44** മാർ ഗ്രീഗോറിയോസ് കാരുണ്യ നിലയം...
- സി. ജോൺ ചിറത്തിലാട്ട് കോർഎപ്പിസ്ക്കോപ്പാ

പംക്തികൾ
വചനദീപ്തി
പുതിയ നിയമ പഠനം
വേദാനുഭവം
മനപൂർവ്വം
യൂത്ത്ജംഗ്ഷൻ


**മലങ്കരസഭ**

വരിക്കാരാകുവാനും
വരിസംഖ്യ പുതുക്കുവാനും
QR CODE SCAN ചെയ്യുക.
പണമടച്ചതിനു ശേഷം 8281661946
എന്ന
വാട്സാപ്പ് നമ്പരിൽ അറിയിക്കുക.

**SCAN & PAY**



# മഹാപുരോഹിത സന്ദേശം

**2024 ഫെബ്രു. 25 ഞായറാഴ്ച, കോട്ടയം നെഹ്റു സ്റ്റേഡിയത്തിൽ സംഘടിപ്പിച്ച 'മാർത്തോമ്മൻ പൈതൃകസംഗമ'ത്തിൽ മലങ്കര ഓർത്തഡോക്സ് സഭയുടെ പരമാധ്യക്ഷൻ പരിശുദ്ധ ബസേലിയോസ് മാർത്തോമ്മാ മാത്യൂസ് തൃതീയൻ കാതോലിക്കാബാവാ നടത്തിയ അധ്യക്ഷപ്രസംഗത്തിന്റെ പൂർണ്ണരൂപം.**

ത്രിയേകദൈവത്തിനു സ്തുതി.

Hon. Governor of Kerala H.E. Arif Mohammed Khan, Hon. Governor of Goa H.E. Adv. P.S. Sreedharan Pillai, Beloved and respected Metropolitan Antony from Russian Orthodox Church, Beloved Metropolitan H.E Abba Melkisedek Nurbegen Geda from Ethiopian Orthodox Church, ബഹുമാനപ്പെട്ട മന്ത്രിമാരായ ശ്രീ വി.എൻ. വാസവൻ, ശ്രീമതി വീണാ ജോർജ്, എം.എൽ.എ. മാരായ ശ്രീ തിരുവഞ്ചൂർ രാധാകൃഷ്ണൻ, ശ്രീ ചാണ്ടി ഉമ്മൻ, പരിശുദ്ധ സഭയുടെ സുന്നഹദോസ് സെക്രട്ടറിയും വർക്കിംഗ് കമ്മറ്റി അംഗവുമായ അഭി. ഡോ. യൂഹാനോൻ മാർ ക്രിസോസ്റ്റമോസ് തിരുമേനി, വൈദിക ട്രസ്റ്റി ഫാ. ഡോ. തോമസ് വർഗീസ് അമയിൽ, അല്മായ ട്രസ്റ്റി ശ്രീ റോണി വർഗീസ് ഏബ്രഹാം, അസോസിയേഷൻ സെക്രട്ടറി അഡ്വ. ബിജു ഉമ്മൻ, അഭിവന്ദ്യ സഹോദര മെത്രാപ്പോലീത്താമാരേ, കോർ-എപ്പിസ്ക്കോപ്പാമാരേ, റമ്പാച്ചന്മാരേ, വൈദികശ്രേഷ്ഠരേ, കന്യാസ്ത്രീകളേ, രാഷ്ട്രീയ-സാമുദായിക നേതാക്കളേ, മലങ്കരസഭയുടെ 30 ഭദ്രാസനങ്ങളിൽ നിന്നായി കാലേക്കൂട്ടി ഇവിടെ സന്നിഹിതരായിരിക്കുന്ന നമ്മുടെ സന്തോഷവും കിരീടവുമായ വാത്സല്യമക്കളേ, ക്ലേശങ്ങളും ദുരിതങ്ങളും സഹിച്ച് നമ്മുടെ ആഹ്വാനം ശിരസ്സാവഹിച്ച് ഇവിടെ സമ്മേളിച്ച നിങ്ങളുടെ സഭാസ്നേഹത്തിലും ഭക്തിയിലും നാം അതിയായി സന്തോഷിക്കുന്നു. 'മലങ്കരസഭയേ, നീ ഭാഗ്യവതി' എന്ന് അഭിമാനത്തോടെ നിങ്ങളെ നോക്കി പറയുന്നതിൽ ബലഹീനനായ നാം അഭിമാനം കൊള്ളുന്നു. ഈ മഹാസമ്മേളനം നമ്മുടെ ഹൃദയത്തെ ആഹ്ലാദം കൊണ്ട് നിറയ്ക്കുകയാണ്. ഈ മാർത്തോമ്മൻ പൈതൃകസംഗമം സഭയുടെ ഏറ്റവും വലിയ ചരിത്ര മുഹൂർത്തമായി മാറിക്കഴിഞ്ഞു. നസ്രാണിദേശമായ കോട്ടയം കണ്ടിട്ടുള്ള ജനസഞ്ചയങ്ങളിൽ ഒന്നായി ഈ മാർത്തോമ്മൻ പൈതൃകസംഗമം മാറിയിരിക്കുന്നുവെന്നുള്ളതിൽ ദൈവത്തെ സ്തുതിക്കാം.

സ്വർഗ്ഗത്തിലെ ദൈവവും, മാലാഖമാരും, പരിശുദ്ധന്മാരും, ശുദ്ധിമതികളും, വിശേഷാൽ നമ്മുടെ പിതാവായ മാർത്തോമ്മാ ശ്ലീഹായും, ഈ സഭയുടെ നിലനില്പിനുവേണ്ടി അക്ഷീണം അധ്വാനിച്ച അർക്കദിയാക്കോന്മാരും, മാർത്തോമ്മാ മെത്രാന്മാരും, ഭാഗ്യവാന്മാരായ പരിശുദ്ധ എൽദോ ബാവായും, പരിശുദ്ധ പരുമല തിരുമേനിയും, പരിശുദ്ധ വട്ടശ്ശേരിൽ തിരുമേനിയും നമ്മുടെ മുൻഗാമികളായി പൗരസ്ത്യശ്ലൈഹിക സിംഹാസനത്തെ അലങ്കരിച്ച കാതോലിക്കാമാരും, നമ്മുടെ പൂർവ്വപിതാക്കളും, മാതാക്കളും സഹോദരങ്ങളുമായ സകല വാങ്ങിപ്പോയവരും ഇപ്പോൾ സന്തോഷിക്കുകയാണ്.

"മലങ്കരസഭയേ, നീ ഭാഗ്യവതിയാകുന്നു. മാർത്തോമ്മാ പൈതൃകമേ, നീ ധന്യവതിയാകുന്നു; എന്തെന്നാൽ നിന്റെ മക്കൾ ധീരരും യോഗ്യരും വിശുദ്ധന്മാരുമാകുന്നു. കാറ്റുകൾ ഏറെ വീശിയിട്ടും, ഓളങ്ങൾ അനവധി ഉയർന്നിട്ടും മലങ്കരസഭയേ, നിന്നെ തകർക്കുവാൻ ഒരു ശക്തിക്കും സാധ്യമായില്ല. നിന്നെ തകർക്കുവാൻ ഒരു ശക്തിക്കും സാധ്യമാകുകയുമില്ല. നിന്നെ ചിതറിക്കുവാൻ ഒരു ശക്തിയെയും അനുവദിക്കുകയുമില്ല എന്ന് നാം പ്രതിജ്ഞ ചെയ്യണം."

ഈ പൈതൃകസംഗമം ഇക്കാലത്തിന്റെ അനിവാര്യതയാണ്. വി. തോമാശ്ലീഹാ രക്തം നല്കി ഉറപ്പിച്ച വിശ്വാസം കാലത്തിന്റെ



കുത്തൊഴുക്കിലും നിരർത്ഥകമായ പരിഹാസങ്ങളുടെ മധ്യത്തിലും ഒലിച്ചു പോകുന്ന ഒന്നല്ല. പരിശുദ്ധ സഭയ്ക്ക് രണ്ടായിരം വർഷത്തെ പ്രയാണത്തിൽ പൈതൃക സ്വത്തായി ലഭിച്ചതും പിന്നീട് കാലാകാലങ്ങളിൽ കൂട്ടിച്ചേർക്കപ്പെട്ടതുമായ ആരാധനാരീതികളും തനതായ പാരമ്പര്യങ്ങളും ഒന്നും തന്നെ വിട്ടുകളയുവാൻ നമുക്ക് ആവുകയില്ല. നാം അതിന് തയ്യാറുമല്ല. നാം അനുദിനം ഏറ്റുവാങ്ങുന്ന നിന്ദയും പരിഹാസവും ഒന്നും തന്നെ നമ്മെ അതിൽനിന്ന് ഒരുനാളും പിൻതിരിപ്പിക്കുകയുമില്ല എന്ന് സധൈര്യം നമുക്ക് പറയാം.

മാർത്തോമ്മൻ പൈതൃകം എന്തിനാണ് നാം ആഘോഷിക്കുന്നത്, മാർത്തോമ്മൻ പൈതൃകം എല്ലാവർക്കും ഇല്ലേ എന്ന് പലരും ചോദിച്ചേക്കാം. എന്നാൽ മലങ്കര ഓർത്തഡോക്സ് സുറിയാനി സഭയെ സംബന്ധിച്ചിടത്തോളം മാർത്തോമ്മൻ പൈതൃകം 3 കാര്യങ്ങളിൽ അധിഷ്ഠിതമാണ്.

### ഒന്നാമതായി മാർത്തോമ്മാശ്ലീഹായുടെ പൗരോഹിത്യ തുടർച്ച

എ.ഡി. 52 മുതൽ 72 വരെ മലങ്കരയിൽ താമസിച്ച മാർത്തോമ്മാ ശ്ലീഹാ ഏഴരപ്പള്ളികൾ സ്ഥാപിച്ചു എന്നതിന്റെയും പകലോമറ്റം, ശങ്കരപുരി, കള്ളി, കാളിയാങ്കൽ തുടങ്ങിയ കുടുംബങ്ങളിൽനിന്ന് പുരോഹിതന്മാരെ വാഴിച്ചു എന്നതിന്റെയും സഭാ പിതാക്കന്മാരുടെ ചരിത്രരേഖകൾ എ.ഡി. നാലാം നൂറ്റാണ്ടുമുതൽ നമുക്ക് ലഭിച്ചിട്ടുണ്ട്. അന്ത്യോക്യ പാത്രിയർക്കീസ് ബാവായുടെ ഡെലിഗേറ്റ് ആയിരുന്ന അബ്ദുൾ ആഹാദ് റമ്പാൻ (പിന്നീട് യാക്കോബ് തൃതീയൻ പാത്രിയർക്കീസ്) 1933 മുതൽ 1946 വരെ മഞ്ഞനിക്കരയിൽ താമസിച്ച് അറബി ഭാഷയിൽ എഴുതിയ 'സുറിയാനി സഭാചരിത്രം' (തകടിയിൽ യാക്കോബ് റമ്പാന്റെ പരിഭാഷ) എന്ന ഗ്രന്ഥത്തിന്റെ ആമുഖത്തിൽ (പുറം 119), മാർത്തോമ്മാശ്ലീഹാ മലങ്കരസഭയിൽ ഏഴരപ്പള്ളികൾ സ്ഥാപിക്കുകയും പകലോമറ്റം ശങ്കരപുരി, കള്ളി, കാളിയാങ്കൽ തുടങ്ങിയ കുടുംബങ്ങളിൽ നിന്ന് പട്ടക്കാരെ വാഴിക്കുകയും ചെയ്തു എന്ന് ചരിത്രവസ്തുതകളുടെ പിൻബലത്തോടെ രേഖപ്പെടുത്തിയിട്ടുണ്ട്. 1950-ൽ മെത്രാനായ അദ്ദേഹം 1951-ൽ അറബിയിൽ രചിച്ച 'മലബാർ സഭാചരിത്രം' (History of the Syrian Church in India ഇന്ത്യയിലെ സുറിയാനി സഭാചരിത്രം) ഡോ. മത്തിമൂസ എന്ന വ്യക്തി ഇംഗ്ലീഷിലേക്ക് പരിഭാഷപ്പെടുത്തി. ആ ഗ്രന്ഥത്തിന്റെ 41-ാം പുറത്തിൽ മാർത്തോമ്മാ ശ്ലീഹാ മലബാറിലെ നാല് കുടുംബങ്ങളിൽനിന്നും പട്ടക്കാരെയും കേഫാ എന്ന പേരോടുകൂടി മെത്രാനെയും വാഴിച്ചു എന്നും യാക്കോബ് തൃതീയൻ പാത്രിയർക്കീസ് രേഖപ്പെടുത്തി. അനേകം ചരിത്രഗ്രന്ഥങ്ങൾ സൂക്ഷ്മനിരീക്ഷണം ചെയ്ത് രചിച്ച ഗ്രന്ഥമാണ് എന്ന് ആമുഖത്തിൽ ഉണ്ട്. ഈ ചരിത്ര സത്യം അദ്ദേഹം നിഷേധിച്ചിട്ടില്ല. 1957-ലാണ് അദ്ദേഹം യാക്കോബ് തൃതീയൻ എന്ന പേരിൽ പാത്രിയർക്കീസായത്. മാർത്തോമ്മാ ശ്ലീഹായുടെ പൈതൃകം സാക്ഷ്യപ്പെടുത്തിയിട്ടുള്ള അദ്ദേഹം 1970-ൽ 203-ാം കല്പനയിൽ കൂടി മാർത്തോമ്മാ ശ്ലീഹായ്ക്ക് പട്ടമില്ല എന്ന് പറഞ്ഞത് എന്തുകൊണ്ടാണെന്നു നമുക്കു മനസ്സിലാകുന്നില്ല. നിങ്ങൾ ചിന്തിച്ചുകൊള്ളുക! ചരിത്രസത്യങ്ങൾ ആർക്കും നിഷേധിക്കാൻ കഴിയുകയില്ല. അതുകൊണ്ടാണ് അത് അദ്ദേഹത്തിന് എഴുതാതിരിക്കാൻ കഴിയാഞ്ഞത്. ഈ പൈതൃകവഴിയിൽ നിന്ന് മാറി സഞ്ചരിച്ചവർക്ക് തിരികെ വരുവാനുള്ള ആഹ്വാനമായി അദ്ദേഹത്തിന്റെ പുസ്തകത്തിലെ ചരിത്രസാക്ഷ്യം നാം കാണണം..

### മാർത്തോമ്മൻ പൗരോഹിത്യ തുടർച്ച സഭയിൽ നിലനിൽക്കുന്നു

മലങ്കരസഭയ്ക്കു എ.ഡി. 4-ാം നൂറ്റാണ്ടു മുതൽ 17-ാം നൂറ്റാണ്ടു വരെ (1653 വരെ) പൗരോഹിത്യപാരമ്പര്യം നിലനിർത്തുവാൻ സഹായിച്ചത് പേർഷ്യയിൽ നിന്നുള്ള മേല്പട്ടക്കാർ ആയിരുന്നു. 1599 മുതൽ 1653 വരെ ലത്തീൻവൽക്കരണം ഇവിടെ ഉണ്ടായിട്ടും മാർത്തോമ്മൻ പൗരോഹിത്യ പാരമ്പര്യം മലങ്കരസഭയിൽ നിന്നും തുടച്ചുനീക്കപ്പെട്ടില്ല. 1653ൽ പേർഷ്യൻ മെത്രാൻ അഹത്തുള്ള ബാവയെ മലങ്കരയിൽ പ്രവേശിക്കുവാൻ പോർട്ടുഗീസ് ഭരണാധികാരികൾ അവസരം നിഷേധിച്ചതിനാൽ 1653ലെ കൂനൻകുരിശ് സത്യത്തിനുശേഷം തദ്ദേശീയ മെത്രാന്മാർ മാത്രമാണ് ഇതിനു പരിഹാരമെന്ന് ഉറച്ചു തീരുമാനിച്ച നസ്രാണിസംഘം മാർത്തോമ്മാ ഒന്നാമനെ 12 പട്ടക്കാർ കൂടിച്ചേർന്ന് മെത്രാനായി വാഴിക്കുകയും അതിന്റെ സ്ഥിരീകരണം നടത്തുന്നതിനുവേണ്ടി പേർഷ്യൻ, അന്ത്യോക്യൻ ഈഗുപ്തായ സഭാമേലധ്യക്ഷന്മാരോട് ആവശ്യപ്പെടുകയും ചെയ്തു. 1665-ൽ മലങ്കരയിൽ എത്തിയ അന്ത്യോക്യൻ സഭയുടെ പ്രതിനിധി മാർ ഗ്രിഗോറിയോസ്, മാർത്തോമ്മാ ഒന്നാമന് മേല്പട്ടസ്ഥാന സ്ഥിരീകരണം നൽകിയതോടെ അന്ത്യോക്യൻ പൗരോഹിത്യസഹായം പ്രഥമമായി മലങ്കരയിൽ എത്തി. എന്നാൽ തുടർന്ന് അന്ത്യോക്യൻ സഭ തദ്ദേശീയ മെത്രാന്മാർക്കു മേൽ അധികാരം സ്ഥാപിക്കുവാനും മലങ്കരസഭയുടെ ഉടമസ്ഥത അവകാശപ്പെടുവാനും തുടങ്ങിയതോടെ മലങ്കരസഭയിൽ കക്ഷിവഴക്കുകൾ രൂപപ്പെട്ടു. അത് 1876-ൽ പത്രോസ് പാത്രിയർക്കീസിന്റെ ആഗമനത്തോടെ രൂക്ഷമായിത്തീർന്നു. 1912-ൽ കാതോലിക്കേറ്റിന്റെ സ്ഥാപനത്തോടെ, മലങ്കരയിലെ മെത്രാന് പാത്രിയർക്കീസിനെപ്പോലെയുള്ള എല്ലാ അധികാര അവകാശങ്ങളും ലഭിച്ചു കഴിഞ്ഞിട്ടും ഈ അധിനിവേശ അധികാരഭ്രമം അന്ത്യോക്യൻ സുറിയാനി സഭയിൽനിന്ന് മലങ്കരസഭയ്ക്ക് നേരിട്ടുകൊണ്ടിരിക്കുന്നതാണ് സഭയിലെ തർക്കങ്ങൾക്ക് ഇന്നും കാരണമായിരിക്കുന്നത്. മാർത്തോമ്മൻ പൗരോഹിത്യപാരമ്പര്യം മലങ്കരയിൽ തുടരുവാൻ സഹായിച്ച അവരോടെല്ലാം സഭയ്ക്ക് നന്ദിയുണ്ട്, ആദരവുണ്ട്, ബഹുമാനവുമുണ്ട്. എന്നാൽ മലങ്കരസഭയെ സഹായിച്ചവർ മാർത്തോമ്മായുടെ പൗരോഹിത്യപാരമ്പര്യത്തെ തമസ്കരിച്ച് സഭയുടെ അധികാരികളും ഉടമസ്ഥരുമാകുവാൻ ശ്രമിച്ചാൽ മലങ്കരസഭാമക്കൾ ഒരു നാളും സമ്മതിക്കുകയില്ല. ചുരുക്കത്തിൽ മലങ്കരസഭയുടെ പ്രതിസന്ധിഘട്ടത്തിൽ സഹായിക്കാൻ വന്നവർ ഉടമസ്ഥാവകാശവും മേലധികാരവും ആവശ്യപ്പെടുന്നു എന്നുള്ളതാണ് മലങ്കരസഭയിൽ നിലനിൽക്കുന്ന തർക്കങ്ങളുടെ രത്നചുരുക്കം.

### രണ്ടാമതായി മാർത്തോമ്മൻ പൈതൃകം ശ്ലൈഹികപാരമ്പര്യസ്വത്ത്

മാർത്തോമ്മായുടെ ശ്ലൈഹികപാരമ്പര്യം മലങ്കരയിൽ എന്നു തുടങ്ങി എന്നതിനെപ്പറ്റി ചിലർക്കൊക്കെ സംശയ

മുണ്ട്. ഇത് അബ്ദുൽ മശിഹാ പാത്രിയർക്കീസ് ഇവിടെ കൊണ്ടുവന്നതല്ല. ചരിത്രം സൂക്ഷ്മമായി പരിശോധിക്കണം. ഒന്നാമത്, 1817 ഒക്ടോ. 19ന് കിടങ്ങൻ ഗീവർഗീസ് മാർ പീലക്സിനോസ് മലങ്കരസഭയുടെ 11-ാം മലങ്കര മെത്രാപ്പോലീത്തയായി പുന്നത്ര മാർ ദിവന്നാസ്യോസിനെ തോമാസ്ലീഹായുടെ പിൻഗാമിയായി വാഴിച്ച് കല്പന കൊടുത്തു. ഇത് മാർത്തോമ്മൻ ശ്ലൈഹികപാരമ്പര്യത്തിന്റെ **ഒന്നാമത്തെ സാക്ഷ്യം. രണ്ടാമത്,** 1829 മാർച്ച് 29-ന് ചേപ്പാട് മാർ ദിവന്നാസ്യോസ് കുത്തൂർ ഗീവർഗീസ് മല്പാനെ തൊഴിയൂരിന്റെ മെത്രാനായി വാഴിച്ചു കൊടുത്തു. സുസ്ഥാത്തിക്കോനിൽ മലങ്കര മെത്രാപ്പോലീത്തായെ മാർത്തോമ്മാ ശ്ലീഹായുടെ സിംഹാസനത്തിന്റെ അധിപതി എന്ന് വിശേഷിപ്പിച്ചിരിക്കുന്നു.

**മൂന്നാമത്,** 1844 ജൂൺ 12-ാം തീയതി ചേപ്പാട് മാർ ദിവന്നാസ്യോസ് പള്ളികൾക്ക് കല്പന അയച്ചതിൽ മാത്യൂസ് അത്താനാസ്യോസ് സ്ഥാത്തിക്കോൻ ആർക്കും സമർപ്പിക്കാത്തതിനാൽ അദ്ദേഹത്തിന്റെ സ്ഥാനസാധുതയിൽ സംശയമുണ്ടെന്നും അദ്ദേഹത്തിന്റെ ഇപ്പോഴത്തെ പ്രവർത്തനങ്ങളിൽ അതൃപ്തിയുണ്ടെന്നും മാർത്തോമ്മാ ശ്ലീഹായുടെ പൗരോഹിത്യ പാരമ്പര്യത്തിലുള്ള ഈ സഭയുടെ സിംഹാസനത്തിന് അദ്ദേഹം അയോഗ്യനാണെന്നും അദ്ദേഹത്തെ ആരും സ്വീകരിക്കരുതെന്നും രേഖപ്പെടുത്തി.

**നാലാമത്,** 1857 മാർച്ച് 27-ാം തീയതി, വലിയ നോമ്പിന്റെ മധ്യത്തിൽ യാക്കോബ് രണ്ടാമനായ മോറാൻ മാർ ഇഗ്നാത്തിയോസ് പാത്രിയർക്കീസ് ബാവായുടെയും ബഹനാം മഫ്രിയാന ബസേലിയോസ് ബാവായുടെയും, മലങ്കരയിൽ ഉള്ള തോമാശ്ലീഹായുടെ സിംഹാസനത്തിന്മേൽ വാഴുന്ന യൂയാക്കീം മാർ കൂറീലോസിന്റെയും നാളുകളിൽ അഞ്ചാം പാത്രിയർക്കീസ് ആയ ഊർശ്ലേമിന്റെ മെത്രാപ്പോലീത്ത ഉറഹാക്കാരൻ അബ്ദേദ് സഹറോ ആയ മാർ ഗ്രിഗോറിയോസ് ഈ പള്ളിയിൽ എത്തിയെന്ന് അങ്കമാലി ഭദ്രാസനത്തിലെ റാക്കാട് പള്ളിയുടെ കിഴക്കേ ഭിത്തിയിൽ സുറിയാനിയിൽ രേഖപ്പെടുത്തിയിട്ടുണ്ട് എന്നത് ആർക്കും നിഷേധിക്കാനാവാത്ത മാർത്തോമ്മായുടെ മലങ്കരസഭയിലെ ശ്ലൈഹികപാരമ്പര്യത്തിന്റെ സാക്ഷ്യമാണ്.

**അഞ്ചാമത്,** 1912 സെപ്തം. 15-ാം തീയതി കാതോലിക്കാ സ്ഥാപനം

നിരണം പള്ളിയിൽ വെച്ച് മുറിമറ്റത്തിൽ മാർ ഈവാനിയോസിനെ ഒന്നാം കാതോലിക്കയായി അബ്ദേദ് മശിഹാ പാത്രിയർക്കീസ് മാർത്തോമ്മാ ശ്ലീഹായുടെ സിംഹാസനത്തിൽ ആരൂഢനായിരിക്കുന്ന പൗരസ്ത്യ കാതോലിക്കാ എന്ന് വിളംബരം ചെയ്തു.

**ആറാമത്,** 1959 ഡിസം. 16, മലങ്കരസഭാ സമാധാനം

പാത്രിയർക്കാ പ്രതിനിധി ഏലിയാസ് മാർ യൂലിയോസ്, യാക്കോബ് തൃതീയൻ പാത്രിയർക്കീസിനുവേണ്ടി മാർത്തോമ്മാ ശ്ലീഹായുടെ സിംഹാസനത്തിൽ ആരൂഢനായ പ. ഗീവർഗീസ് ദ്വിതീയൻ കാതോലിക്കാ ബാവായെ 1934-ലെ ഭരണഘടനയ്ക്ക് വിധേയമായി അംഗീകരിച്ചു എന്ന് എഴുതി തന്നിട്ടുണ്ട്.

**ഏഴാമത്,** 1964 മെയ് 22ന് കോട്ടയം ഏലിയാ ചാപ്പലിൽ വച്ച് യാക്കോബ് തൃതീയൻ പാത്രിയർക്കീസ്, പ. ഔഗേൻ ബാവായെ മാർത്തോമ്മാ ശ്ലീഹായുടെ സിംഹാസനത്തിൽ ആരൂഢനായ പൗരസ്ത്യ കാതോലിക്കായും മലങ്കര മെത്രാപ്പോലീത്തയുമായി സ്വീകരിച്ചു.

വാത്സല്യമക്കളേ, മലങ്കര മെത്രാപ്പോലീത്താ, കാതോലിക്കാ സ്ഥാനനാമങ്ങളെ എതിർത്തവർക്ക് ഇന്ന് ഈ സ്ഥാനനാമങ്ങളോട് ഇത്ര ഭ്രമം ഉണ്ടായിരിക്കുന്നത് മനസ്സിലാകുന്നില്ല. പലർക്കും മലങ്കര മെത്രാപ്പോലീത്താ സ്ഥാനം വേണം, പലർക്കും പൗരസ്ത്യ കാതോലിക്കാ സ്ഥാനം വേണം. മലങ്കര ഓർത്തഡോക്സ് സുറിയാനി സഭയുടെ പൗരസ്ത്യകാതോലിക്കായ്ക്കും മലങ്കര മെത്രപ്പോലീത്തായ്ക്കും അല്ലാതെ മറ്റാർക്കും 'പരിശുദ്ധ' (His Holiness) എന്ന് ചേർത്ത് ഉപയോഗിക്കുവാൻ സാധിക്കുകയില്ല. അതിന്റെ കാരണം മറ്റുള്ളവരുടെ പ്രധാന മേലധ്യക്ഷന്മാർ വിദേശികളാണ്. എന്നാൽ മാർത്തോമ്മാ ശ്ലീഹായുടെ സിംഹാസനത്തിൽ ആരൂഢനായിരിക്കുന്ന പരിശുദ്ധ കാതോലിക്കായും മലങ്കര മെത്രാപ്പോലീത്തായും ആയി ഈ ലോകത്തിൽ ഇന്ന് ഒരാൾ മാത്രമേയുള്ളൂ. അത് മലങ്കര ഓർത്തഡോക്സ് സഭയുടെ പ്രധാന മേലദ്ധ്യക്ഷൻ മാത്രമാണ്.

**മാർത്തോമ്മായുടെ പൈതൃകത്തിന് മൂന്നാമത് ഒരടിസ്ഥാനം കൂടിയുണ്ട്. അത് മലങ്കരസഭയുടെ സ്വയംശീർഷകത്വം ആണ്.**

വി. വേദപുസ്തകത്തിൽ നിന്നും നാം മനസ്സിലാക്കുന്നത് നമ്മുടെ കർത്താവ് സിംഹാസനം വാഗ്ദാനം ചെയ്തപ്പോൾ പന്ത്രണ്ട് ശിഷ്യന്മാർക്കും ഒരു പോലെ വാഗ്ദാനം ചെയ്തു എന്നാണ്. അത് പത്രോസ് ശ്ലീഹായ്ക്കും മറ്റാർക്കെങ്കിലും എന്ന് പറയാതെ എല്ലാ ശ്ലീഹന്മാർക്കും ഒരുപോലെ വാഗ്ദാനം ചെയ്തു. വി. മാർത്തോമ്മാശ്ലീഹാ മറ്റു ശ്ലീഹന്മാർക്ക് സമനാണ് എന്ന സത്യം ഇതിൽനിന്ന് നാം മനസ്സിലാക്കുന്നു. പ. പൗലോസ് ശ്ലീഹാ പോലും കൊരിന്ത്യയിലും എഫേസൂസിലുമെല്ലാം സഭകൾ സ്ഥാപിച്ചിട്ട് ഒരു സഭയും മറ്റൊരു സഭയുടെ കീഴിലാണെന്ന് രേഖപ്പെടുത്തിയിട്ടില്ല. അതുകൊണ്ട് മാർത്തോമ്മാ ശ്ലീഹായ്ക്ക് സിംഹാസനം അവകാശപ്പെടുവാൻ ഒരു കുറവും ഇല്ല എന്ന് എല്ലാവരും മനസ്സിലാക്കിയിരിക്കണം. ഇതിന്റെ അടിസ്ഥാനത്തിലാണ് ഓർത്തഡോക്സ് സഭയിലെ ഒരു സഭാ മേലദ്ധ്യക്ഷനും മറ്റൊരാളുടെ കീഴ്സ്ഥാനിയല്ല എന്ന് നാം മനസ്സിലാക്കുന്നത്. 1934-ലെ ഭരണഘടന ഇത് വ്യക്തമാക്കുന്നു. പൗരസ്ത്യ കാതോലിക്കായുടെ മുകളിൽ ദൈവം തമ്പുരാനല്ലാതെ മറ്റൊരു അധികാരസ്ഥാനിയില്ല. ഈ സത്യം മലങ്കരസഭയുടെ സ്വയംശീർഷകത്വത്തെ ഉറപ്പിക്കുന്നു.

1958, 1995, 2017 സുപ്രീംകോടതി വിധികൾ മലങ്കരസഭയുടെ സ്വയംശീർഷകത്വം അരക്കിട്ടുറപ്പിച്ചു. പൗരസ്ത്യ കാതോലിക്കാ ഇവിടെ ഒന്നേ ഉള്ളൂ. വി. മാർത്തോമ്മായുടെ ശ്ലൈഹികസിംഹാസനത്തിന്റെ ഏകവും പൂർണ്ണവുമായ കാതോലിക്കാ എന്ന് ഈ കോടതിവിധികൾ അസന്നിഗ്ദ്ധമായി പ്രഖ്യാപിച്ചു.

2017-ലെ സുപ്രീംകോടതി വിധിയുടെ അഞ്ചാം ഖണ്ഡിക കേട്ടുകൊള്ളുക.

"പൗരസ്ത്യ ഓർത്തഡോക്സ് സുറിയാനി സഭയുടെ പ്രധാന മേലധ്യക്ഷൻ കാതോലിക്കയാണ്. മലങ്കര മെത്രാപ്പോലീത്താ എന്ന നിലയിൽ മലങ്കരസഭയുടെ ലൗകികവും വൈദികവും ആത്മീയവുമായ ഭരണത്തിന്റെ സുപ്ര




മാർത്തോമ്മൻ പൈതൃകസംഗമം ബഹു. കേരളാ ഗവർണ്ണർ ആരിഫ് മുഹമ്മദ്ഖാൻ ഉദ്ഘാടനം ചെയ്യുന്നു. ബഹു. ഗോവ ഗവർണ്ണർ അഡ്വ. പി.എസ്. ശ്രീധരൻപിള്ള, പരിശുദ്ധ കാതോലിക്കാ ബാവാ, വിശിഷ്ടാതിഥികൾ തുടങ്ങിയവർ സമീപം.

ധാന ഭാരവാഹിത്വം മലങ്കര മെത്രാപ്പോലീത്തായ്ക്ക് ഉള്ളതാണ്.

1958, 1995, 2017 സുപ്രീംകോടതി വിധികളിൽ മലങ്കര സഭയിലെ എല്ലാ പള്ളികളും 1934-ലെ സഭാഭരണഘടന അനുസരിച്ച് ഭരിക്കപ്പെടണമെന്ന വിധി ഉണ്ടായിട്ടുണ്ട്. സുപ്രീംകോടതി വിധിയുടെ പേരിലുണ്ടായ തർക്കങ്ങളിൽ, 2002-ൽ മലങ്കര സുറിയാനി ക്രിസ്ത്യാനി അസോസിയേഷൻ ജസ്റ്റീസ് മളീമഠിന്റെ നിരീക്ഷണത്തിൽ കൂടിയതിന്റെ റിപ്പോർട്ടനുസരിച്ച് മലങ്കരസഭയിലെ 1662 പള്ളികളും 1934-ലെ ഭരണഘടനയനുസരിച്ച് ഭരിക്കപ്പെടണം എന്ന് വ്യക്തമാക്കിയിട്ടുണ്ട്. അത് യാഥാർത്ഥ്യമാക്കുവാൻ മലങ്കരയുടെ മക്കൾ എന്നും പ്രതിജ്ഞാബദ്ധമാണ് എന്നുള്ളതിന് ആർക്കും സംശയംവേണ്ട. 2017-ലെ വിധി സംഗ്രഹത്തിൽ, 1934-ലെ ഭരണഘടന അനുസരിക്കാത്തവർക്ക് പള്ളിയിലോ അതിന്റെ സ്വത്തുക്കളിലോ യാതൊരു അവകാശവുമില്ല എന്ന് വ്യക്തമാക്കിയിട്ടുണ്ട്.

സുപ്രീംകോടതി വിധി ഈ രാജ്യത്തിന്റെ നിയമമാണ്. ഇതിനെ മറികടക്കുവാൻ ചർച്ച് ബിൽ (Church Bill) വരുമെന്ന് പലരും പറഞ്ഞ് ഞങ്ങൾ കേൾക്കുന്നുണ്ട്.

Your Excellency, Honourable Governor of Kerala, it is a well-accepted fact that the Supreme Court judgement is the law of the land. If any legislation or Ordinance against that law is placed before you for approval to diregard the 2017 judgement favouring Malankara Orthodox Church by the ruling Govt. of Kerala, we strongly believe that Your Excellency will use your discretion to uphold justice due to Malankara Orthodox Church.

1879 മുതൽ 145 വർഷമായി മലങ്കരസഭയുടെ തനിമയ്ക്കും സ്വയംശീർഷകത്വത്തിനും വേണ്ടി നിയമയുദ്ധം ചെയ്തവരാണ് സഭാമക്കൾ. അനേകർ ഈ സഭയ്ക്കുവേണ്ടി രക്തസാക്ഷികളായി. അനേകംപേരുടെ കണ്ണുനീരിന്റെ ഫലമായി കിട്ടിയ കോടതിവിധികൾ മറികടന്നും സഭാഭരണഘടന ബലികഴിച്ചും ഒരു ഒത്തുതീർപ്പിനും, ഒരുനാളും നാം കൂട്ടുനിൽക്കുകയില്ല. നമ്മുടെ മുൻഗാമികളുടെ ഈ നിലപാട് തന്നെയാണ് നമ്മുടെയും നിലപാട് എന്നുള്ളത് ഭരണകർത്താക്കൾ മനസ്സിലാക്കിയിരിക്കണമെന്ന് ഓർമ്മിപ്പിക്കുകയാണ്. വാത്സല്യമക്കളേ, ഏത് പ്രതിസന്ധിയിലും നിങ്ങൾ നമ്മോടൊപ്പം ഉണ്ടാകണം. ദൈവവും സഭാപിതാക്കന്മാരും കഴിഞ്ഞാൽ നിങ്ങളാണ് നമ്മുടെ ബലം. സുപ്രീംകോടതി വിധിക്കും സഭാഭരണഘടനയ്ക്കും ഉള്ളിൽ നിന്നുകൊണ്ടുള്ള സമാധാന ചർച്ചകൾക്ക് സഭ എന്നും തയ്യാറായിട്ടുണ്ട്. ഇന്നും തയ്യാറാണ്. നാളെയും തയ്യാറാകും. എന്നാൽ മലങ്കരസഭയുടെ അസ്ഥിവാരം തോണ്ടുന്ന ഒരു സമാധാനചർച്ചയ്ക്കും ഞങ്ങൾ കൂട്ടുനില്ക്കുകയില്ല. സുപ്രീംകോടതി വിധിയെ മറികടക്കാൻ ചർച്ച് ബിൽ കൊണ്ടുവരാം എന്നു കരുതുന്നവർ മൂഢസ്വർഗ്ഗത്തിലാണ്. മലങ്കരയുടെ മക്കൾ നിയമപരമായി അതിനെ നേരിടും. സത്യത്തിനും നീതിക്കുംവേണ്ടി നിലകൊള്ളുന്ന നമുക്ക് വിജയം ഉറപ്പാണ്.

ഈ സമ്മേളനത്തിനുവേണ്ടി കഷ്ടപ്പെട്ട മലങ്കരസഭയിലെ സഭാസ്ഥാനികളോടും മാനേജിംഗ് കമ്മറ്റി അംഗങ്ങളോടും നമ്മുടെ വാത്സല്യമക്കളോടും ഹൃദയം നിറഞ്ഞ നന്ദി രേഖപ്പെടുത്തുന്നു. ഇവിടെ സന്നിഹിതരായിരിക്കുന്ന വാത്സല്യമക്കളെ എല്ലാവരെയും ദൈവം അനുഗ്രഹിക്കട്ടെ.

മാർത്തോമ്മാ ശ്ലീഹായുടെ സിംഹാസനം നീണാൾ വാഴട്ടെ.





# മാർത്തോമ്മൻ

## 2024 ഫെബ്രുവരി 25

**കോട്ടയം:** നസ്രാണി സ്വത്വബോധത്തിന്റെ ശക്തിയുയർത്തിയ പൈതൃക റാലി കോട്ടയത്തിന്റെ ചരിത്രത്തിൽ എഴുതി ചേർക്കപെട്ടു. ചിട്ടയായ ക്രമീകരണങ്ങളും മലങ്കരയുടെ വിവിധ ഭാഗങ്ങളിൽ നിന്ന് എത്തിച്ചേർന്ന വിശ്വാസികളുടെ അച്ചടക്കവും ഒത്തുചേർന്നപ്പോൾ കോട്ടയം നഗരം പീത പതാകയാൽ മുങ്ങിയ സാഗരമായ് മാറി. 3 ന് മാർ ഏലിയാ കത്തീഡ്രലിൽ നിന്നും ആരംഭിച്ച റാലി വൈകുന്നേരം 5:30 നും അവസാനിച്ചിരുന്നില്ല.

പ. സഭയിലെ പിതാക്കൻമാരും വൈദികരും സഭാസ്ഥാനികളും മാനേജിങ് കമ്മിറ്റി അംഗങ്ങളും മുൻനിരയിൽ അണിനിരന്നു പിന്നാലെ ഭദ്രാസന അടിസ്ഥാനത്തിൽ പതിനായിരങ്ങൾ കിഴക്കേ റോ ഡിലൂടെ സമ്മേളന നഗരിയായ കോട്ടയം നെഹ്റു സ്റ്റേഡിയത്തിലേക്ക് നീങ്ങി. ഔദ്യോഗിക കണക്കുകൾ അനുസരിച്ച് ഒരു ലക്ഷത്തിലധികം ആളുകൾ മാർത്തോമൻ പൈതൃക സംഗമത്തിൽ സംബന്ധിച്ചു.


പരിശുദ്ധ സഭയുടെ ആധ്യാത്മിക സംഘടനാ പ്രവർത്തകർ വോളണ്ടിയർമാരായി, കെ കെ റോഡ് മുതൽ നെഹ്റു സ്റ്റേഡിയം വരെയുള്ള വിവിധ ഇടങ്ങളിൽ പൈതൃക കലാരൂപങ്ങൾ അവതരിപ്പിച്ചു. റാലിയുടെ മുൻനിര സമ്മേളന നഗരിയിൽ എത്തിയപ്പോൾ ഹെലികോ









പ്റ്ററിൽ പുഷ്പവൃഷ്ടി നടത്തി. തുടർന്ന് പരിശുദ്ധ കാതോലിക്കാ ബാവാ തിരുമേനിയെ തുറന്ന വാഹനത്തിൽ വേദിയിലേക്ക് ആനയിച്ചു.

# പൈതൃക സംഗമം

## കോട്ടയം നെഹ്റു സ്റ്റേഡിയം











# നസ്രാണി സാഗരമായി കോട്ടയം



മാർത്തോമാ ശ്ലീഹായുടെ 1950 രക്തസാക്ഷിത്വ വാർഷികവും പരിശുദ്ധ വട്ടശ്ശേരിൽ തിരുമേനിയുടെ ചരമ നവതിയും ഭരണഘടന രൂപീകൃതമായതിന്റെ നവതിയും സംയുക്തമായി ആഘോഷിച്ച മാർത്തോമൻ സ്മൃതി സംഗമം കേരള ഗവർണർ ബഹു ആരിഫ് മുഹമ്മദ് ഖാൻ ഉദ്ഘാടനം ചെയ്തു ഗോവാ ഗവർണർ അഡ്വ. ശ്രീധരൻ പിള്ള മുഖ്യപ്രഭാഷണം നിർവഹിച്ചു പരിശുദ്ധ കാതോലിക്കാബാവ അധ്യക്ഷത വഹിച്ചു. ഡോ.യുഹാനോൻ മാർ ക്രിസോസ്റ്റമോസ്, മന്ത്രിമാരായ വീണ ജോർജ്, വി എൻ. വാസവൻ, തിരുവഞ്ചൂർ രാധാകൃഷ്ണൻ എംഎൽഎ ചാണ്ടി ഉമ്മൻ എംഎൽഎ എന്നിവർ ആശംസകൾ അറിയിച്ചു.

റഷ്യൻ ഓർത്തഡോക്സ് സഭ ആർച്ച് ബിഷപ്പ് ആൻറണി എത്യോപ്യൻ ഓർത്തഡോക്സ് സഭ ബിഷപ്പ് മാർക്കീസ ദേക്ക്, വൈദിക ട്രസ്റ്റി ഫാ. തോമസ് വർഗീസ് അമയിൽ, അല്മായ ട്രസ്റ്റി റോണി വർഗീസ് എബ്രഹാം എന്നിവർ പ്രസംഗിച്ചു. അസോസിയേഷൻ സെക്രട്ടറി അഡ്വ. ബിജു ഉമ്മൻ സ്വാഗതം പറഞ്ഞു.

ഇന്ത്യൻ ഭരണഘടന നിലവിൽ വരുന്നതിനു മുമ്പ് തന്നെ സ്വന്തമായ ഭരണഘടന ഓർത്തഡോക്സ് സഭയ്ക്ക് ഉണ്ടായി എന്നത് ഏറെ ശ്രദ്ധേയമാണെന്നും ആധുനിക വിദ്യാഭ്യാസം, രാഷ്ട്രനിർമ്മാണം, ആരോഗ്യമേഖല എന്നിവയിൽ സഭ നൽകുന്ന പങ്ക് വലുതാണെന്നും അദ്ദേഹം പറഞ്ഞു. ചർച്ച് ബില്ല് വന്നാൽ മലങ്കര സഭയുടെ മക്കൾ ശക്തിയുക്തം അതിനെ എതിർക്കുമെന്നും അത്തരം നീക്കങ്ങളെ ഗവർണ്ണർ എന്ന നിലയിൽ അംഗീകരിക്കരുതെന്നും പരി. കാതോലിക്കാ ബാവ ആവശ്യപ്പെട്ടു.

ഇന്ത്യൻ പൗരന്മാരെല്ലാം ഭാരതത്തിന്റെ നിയമം അനുസരിക്കാൻ ബാധ്യസ്ഥരാണ് നിയമം സംരക്ഷിക്കുവാൻ പ്രതിജ്ഞ എടുത്ത താൻ അതു സംരക്ഷിക്കുമെന്ന ഉറപ്പ് നൽകുന്നുവെന്നും ആരിഫ് മുഹമ്മദ്ഖാൻ പറഞ്ഞു.





# ഉപഹാരങ്ങൾ അർപ്പിച്ച് വിശിഷ്ടാതിഥികൾ



ഉപഹാരങ്ങളും അർപ്പിച്ച് വിശിഷ്ടാതിഥികൾ : പ കാതോലിക്കാ ബാവാ തിരുമേനിക്ക് ജന്മദിനാശംസകളും

75 വയസ്സ് പൂർത്തിയാക്കിയ പരിശുദ്ധ കാതോലിക്കാ ബാവായ്ക്ക് കേരള ഗവർണർ ആരിഫ് മുഹമ്മദ് ഖാനും ഗോവ ഗവർണർ പി എസ് ശ്രീധരൻ പിള്ളയും ഹാരമണിയിച്ചു. റഷ്യൻ, എത്യോപ്യൻ ഓർത്തഡോക്സ് സഭകളുടെ ഉപഹാരങ്ങൾ പ്രതിനിധികൾ കൈമാറി.



മാർത്തോമൻ പൈതൃക സംഗമം സമ്മേളന നഗരിയായ കോട്ടയം നെഹ്റു സ്റ്റേഡിയത്തിൽ പരിശുദ്ധ കാതോലിക്കാ ബാവാ തിരുമനസ്സുകൊണ്ട് കൊടി ഉയർത്തുന്നു. കോട്ടയം ഭദ്രാസന മെത്രാപ്പോലീത്ത ഡോ. യുഹാനോൻ മാർ ദിയസ്കോറോസ് സമീപം.

## സഹോദരൻ പദ്ധതിക്ക് പ്രശംസ

മാർത്തോമ്മൻ സ്മൃതി സംഗമത്തിന്റെ ഉദ്ഘാടന വേദിയിൽ ഗോവ ഗവർണർ ശ്രീ. പി.എസ് ശ്രീധരൻ പിള്ള ഉൾപ്പടെയുള്ള വിശിഷ്ടാതിഥികൾ പ. സഭയുടെ സഹോദരൻ പദ്ധതി സമൂഹത്തിന് നൽകുന്ന മഹത്തര സംഭാവനകളെക്കുറിച്ച് അഭിമാനം പ്രകടിപ്പിച്ചു. ജാതി മത ഭേദമന്യേ എല്ലാവർക്കും സഹായ ഹസ്തമാകുന്ന പദ്ധതി പരിശുദ്ധ കാതോലിക്കാ ബാവായുടെ സാമൂഹിക പ്രതിബദ്ധത വെളിവാക്കുന്നുവെന്നും ഇത് കൂടുതൽ ശോഭയോടെ ഉയരട്ടെ എന്നും ആശംസിച്ചു.

## 301 അംഗ മെഗാ ക്വയർ

മാർത്തോമൻ പൈതൃക സമ്മേളനത്തിൽ സഖറിയാസ് മാർ അപ്രേം മെത്രാപ്പോലീത്ത, ഫാ.ഡോ.എം. പി. ജോർജ്ജ് കോർ എപ്പിസ്കോപ്പ എന്നിവരുടെ നേതൃത്വത്തിൽ 301 അംഗങ്ങൾ പങ്കെടുത്ത മെഗാ ക്വയർ ഗാനങ്ങൾ ആലപിച്ചു. മലങ്കരസഭയുടെ വിവിധ ഭദ്രാസനങ്ങളിൽ നിന്നായി തെരഞ്ഞെടുത്ത വൈദികരെയും ഗായകസംഘ അംഗങ്ങളെയും പങ്കെടുപ്പിച്ച് പരിശീലനത്തിന് ശേഷമാണ് ക്വയർ രൂപീകരിച്ചത്.







**സുഗന്ധം പരത്തിയ സമ്മാനം**

മാർത്തോമൻ പൈതൃക സംഗമ സമ്മേളനത്തിൽ പങ്കെടുത്ത വിശിഷ്ടാതിഥികൾക്ക് മാർത്തോമാ ശ്ലീഹായുടെ ഭാരതപ്രവേശനത്തിന്റെ ചിത്രീകരണം സുഗന്ധവ്യഞ്ജനങ്ങൾ കൊണ്ട് തയ്യാറാക്കി നൽകി.



**ഫാ. ജിതിൻ ജോസഫ്**

വിരുന്നു വീട്ടിൽ ചെന്നാൽ ഏറ്റവും പിന്നിൽ പോയി താഴ്മയോടെ ഇരിക്കണമെന്ന് ജീവിതസൂത്രം പറഞ്ഞ് തന്ന യേശു, കഴുതപ്പുറത്തേറി ആൾക്കൂട്ടത്തിന്റെ ആരവത്തിലേക്ക് ജയഭേരിയോടെ ഇറങ്ങുന്നതിൽ തെല്ല് ചേർച്ച കുറവ് തോന്നുന്നുണ്ടോ. തന്റെ കൈവിരലുകളിൽ നിന്ന് അത്ഭുതങ്ങൾ ധാര ഒഴുകുമ്പോഴും അതിനു സാക്ഷി നിന്നവരോട് ഇതൊന്നും വേറെ ആരും അറിയരുതെന്ന് ശട്ടം കെട്ടും. മറുരൂപത്തിന്റെ വെളിച്ചവും സംസർഗ്ഗവും കണ്ടവരിൽ പോലും നാലാമതൊരാളില്ല. യേശുവിന്റെ ഉൾവലിയലുകളും ഒറ്റയാൾ നടത്തവും നിശബ്ദതയും സുവിശേഷ വരികളിൽ ഉണ്ട്. യേശുവിന്റെ മൗനത്തിന്റെ പുസ്തകം കൂടിയാണ് സുവിശേഷം. യോഹന്നാൻ 'അടയാളം' എന്ന്അക്കമിട്ട്എഴുതുന്ന സുവിശേഷ വയലിന്റെ വേരുകൾ മനുഷ്യപുത്രന്റെ ഗാഢമൗനത്തിലാണ് ഇറങ്ങിപ്പടരുന്നത്. മൗനം പൂകുന്ന വചനത്തിന്റെ അഴക് പീലാത്തോസിന്റെ അരമനയിൽ കാണാം, മരണത്തെ കൈയകലെ കാണുമ്പോഴും ചെറുത്തുനിൽപ്പിന്റെ ഒരു വാക്കുപോലും ഉച്ചരിക്കുന്നില്ല. രോമം കത്രിക്കുന്നവന്റെ മുൻപിലെ മാനിയായ അജം കഴുതപ്പുറത്തേറി ഒരു ജനക്കൂട്ടത്തെ മുഴുവൻ ദൈവസ്തുതിയുടെ ആരവത്തിലേക്ക് ഇളക്കിമറിക്കുന്നതിന്റെ പൊരുൾ എന്താണ്..

വെറുതെ ചിന്തിക്കുമ്പോൾ ഉയിർപ്പിന്ശേഷം നടക്കേണ്ട ജൈത്ര യാത്രയായിരുന്നു ഹോശന്നാ എന്ന് തോന്നും. ഒഴിഞ്ഞ കല്ലറയിൽ നിന്ന് മരണത്തെ ജയിച്ചവൻ കഴുതപ്പുറത്തേറി യെരുശലേമിന്റെ കൽവഴികളിൽ കൂടി കടന്നു വന്നിരുന്നു എങ്കിൽ എന്ന്... അപ്പോൾ പിന്നെ ചരിത്രം മറ്റൊന്നാവും. ആദിമ സഭയ്ക്ക് നോവുകൾ ഉണ്ടാവില്ല, സഹദേന്മാർ സങ്കല്പങ്ങളായി ചുരുങ്ങും, യഹൂദ വംശം മിശിഹായിൽ അലിഞ്ഞുചേരും. പക്ഷേ യേശുവിന്റെ രക്തചരിതത്തിൽ കാര്യങ്ങൾ നടന്നത് മറ്റൊരു വഴിക്കാണ് മരണത്തോളം ജീവിതത്തിനു മുഴുവൻ കൗദാശികതയുടെ രഹസ്യാത്മകത നൽകുന്നവൻ ഉയർപ്പിന് ശേഷവും അത് തുടരുന്നു. അപ്പോൾ പിന്നെ ബെതലഹേം മുതൽ സ്വർഗാരോഹണം വരെയുള്ള ആ പുരുഷായുസ്സിൽ, ചെയ്ത പ്രവർത്തികളുടെ അകബലത്തിൽ ആൾക്കൂട്ടത്തിലേക്ക് രാജസമം യേശു ഇറങ്ങിയത് ഓശാനയിൽ മാത്രമാണ്. മരണത്തെ മുന്നിൽ കാണുന്നവന്റെ അവസാന ദിനങ്ങളിലെ ഉൾഭാരത്തിലാണ് ഈ എഴുന്നള്ളത്തിന്റെ ഹൃദയ പശ്ചാത്തലം. തിങ്ങിനിറഞ്ഞ മനുഷ്യരിലേക്കാണ് യേശു കഴുതപ്പുറത്തേറി ഇറങ്ങിവരുന്നത് ഒരുകൂട്ടം ജീവിതങ്ങളിലേക്ക്പല സംസ്കാരങ്ങൾ ഒരുമിച്ചു വന്ന്കടല്തീർക്കുന്ന തിരക്കേറിയ ദിനങ്ങളാണ് ജറുസലേമിനത് അരയ്ക്കുകീഴെ ചലനമുള്ള യഹൂദൻ ഒക്കെ പെസഹായുടെ വിരുന്നു മേശയ്ക്ക് അടുത്തുവരാൻ വെമ്പൽ കൊള്ളുന്ന ദിനങ്ങൾ.

വിവിധ രാജ്യങ്ങളിൽ നിന്ന് അങ്ങനെ യെരുശലേമിലേക്ക് സംസ്കാരങ്ങൾ കുത്തിയൊഴുകുന്ന ആഴ്ചക്കാലം. ഒലിവ് മലയുടെ ഉയർന്ന ഭൂപ്രദേശത്ത് നിന്നാണ് യേശു ജനനിബിഡമായ യെരുശലേമിന്റെ താഴ്വാരത്തിലേക്ക് ഇറങ്ങുന്നത് യേശുവിന്റെ തപസ്സിന്റെ ഇടമാണ് ഒലിവ് മല. മനുഷ്യപുത്രന്റെ കണ്ണുനീരും നെടുവീർപ്പുകളും ഉള്ളിലേറ്റിയ കുന്നിൻ പുറം. അവിടെ നിന്നാണ് ഇറക്കം. 'The tension of East and West' എന്നൊരു ചെറുപഠനം ഉണ്ട് ഓശാന നാളിലെ ജറുശലേമിനെ കുറിച്ച് Diana Butler ന്റേതാണ് വിവിധ ദേശത്തെ മനുഷ്യർ അടിസ്ഥാനപരമായി യഹൂദൻ എന്ന ഏക ലേബലിൽ ജെറുസലേമിലേക്ക് ഒഴുകി നിറയുമ്പോൾ അവരിൽ സംഘബോധം ശക്തിപ്പെട്ട് അവർ റോമൻ ഭരണകൂടത്തിനെതിരെ കരുക്കൾ നീക്കുമോ എന്നൊരു ഭയം റോമൻ ഗവർണർക്കുണ്ട് അതുകൊണ്ട് ഭരണാധികാരി പട്ടാളവ്യൂഹങ്ങളെ അനേകമനേകമായി ജറുസലേമിലേക്ക്വിന്യസിക്കുന്ന ദിനങ്ങൾ കൂടിയാണ്പെസഹായുടേത്. മെഡിറ്ററേനിയൻ തീരത്ത് കൂടി ജെറുസലേമിന്റെ പടിഞ്ഞാറേ കവാടത്തിൽ സൈന്യം ഇരച്ചെത്തും. സാധുക്കളെ ഉപദ്രവിച്ചും വഴിവാണിഭങ്ങളിൽ കൈകടത്തിയും അവർ ചെറുത്തുനിൽപ്പിന്റെ ശ്രമങ്ങൾ തുടങ്ങും. ഇത് ജെറുസലേമിന്റെ പടിഞ്ഞാറ് നിന്നുള്ള ഒഴുക്ക് കിഴക്ക് നിന്നാണ് യേശു വരുന്നത് ജെറുസലേമിന്റെ കിഴക്കൻ ചെരുവിൽ ഒലിവ്മലയുടെ താഴ്വാരത്തുകൂടി. ഒരിടത്ത് ജനത്തിരക്കിൽ പട്ടാളത്തിന്റെ ഭീഷണിയും അസ്വാരസ്യങ്ങളും തുടരുമ്പോൾ ഇവിടെ ജനങ്ങൾ ആത്മാവിന്റെ ഹർഷാരവങ്ങളിൽ ലയിക്കുന്നു. അവർ കണ്ടതിനെ കൂടുതൽ തെളിമയോടെ കാണുകയും അവർ കേട്ടതിനെ ഏറ്റം ഉൽകർഷത്തോടെ ഹൃദയത്തിൽ മുഴങ്ങുകയും ചെയ്ത എഴുന്നള്ളത്ത്ദാവീദിന്റെ മകനെ ഇപ്പോൾ ഞങ്ങളെ രക്ഷിക്കാ' എന്ന് ജനം സ്വയം മറന്ന് നിലവിളിക്കുന്നു. പെട്ടകത്തിന്റെ മുമ്പിൽ നൃത്തം വയ്ക്കുന്ന ദാവീദും ഗർഭപാത്രത്തിലെ ഉദരജലത്തിൽ കുരുത്തുവന്ന അവയവങ്ങളെ നൃത്തമാക്കിയ യോഹന്നാനും അനുഭവിച്ച അതേ ആന്തരികനിർവ്വാണ അവസ്ഥ ജെറുസലേമിന്റെ കിഴക്കൻ ചെരിവ് മുതൽ ജനസഹസ്രങ്ങളിലേക്ക് ഒഴുകി പടർന്നു. യേശുവിന്റെ ആ രാജകീയ പ്രവേശം ശരിക്കും ഒരു ഊട്ടി ഉറപ്പിക്കലാണ്. മരണത്തിനു മുൻപ് നിയമങ്ങളെ ആവർത്തിച്ച മോശയുടെ ഉദ്ബോധന പ്രസംഗം പോലെയൊന്ന് കഴുതപ്പുറത്തേറി വരുന്നവനെ കണ്ട് ഓരോ മനുഷ്യനും അവൻ കേട്ടതും തൊട്ടതും അറിഞ്ഞതുമായ 'യേശു അനുഭവ'ത്തിന്റെ ഓർമ്മപാരമ്യത്തിൽ എത്തുകയാണ്. തങ്ങളോട് സ്നേഹത്തെക്കുറിച്ചും വിശക്കുന്നവന്റെ ആഹാരം എന്ന കിനാവിനെക്കുറിച്ചും സ്വർഗ്ഗത്തിലെ അപ്പനെക്കുറിച്ചും ചൊല്ലി പഠിപ്പിച്ചവന് അവർ വഴിയൊരുക്കുന്നു. ചില്ലി കൊമ്പുകൾ ചെത്തി വഴിമൂടുന്നു. വെട്ടിയ ചില്ലി കൊമ്പുകൾ പനപോലെ ഒരു ഒറ്റത്തടി മരത്തിന്റെ ചില്ലയാണെന്ന് സുവിശേഷങ്ങളിൽ പറയുന്നത് യോഹന്നാൻ മാത്രമാണ് പിൽക്കാലത്ത് ആദിമ സഭയിൽ സഹദേന്മാരുടെ പ്രതീകമാണ് ഈ പനയോലകൾ, ശിഖരങ്ങൾ ഇല്ലാതെ സ്വർഗ്ഗത്തേക്കു മാത്രം നോക്കി വളരുന്ന ഒറ്റത്തടി വൃക്ഷങ്ങൾ! ചില മനുഷ്യർ വെളിവ് നിറഞ്ഞവരായി അവരുടെ മേൽകുപ്പായം ഊരി വഴി പുതപ്പിക്കുന്നു. മധ്യപൂർവ്വ ദേശത്തെ സംസ്കാരം. എന്നിലും ശ്രേഷ്ഠനെ കാണുമ്പോൾ അഹമഴിയുന്നതിന്റെ പ്രതീകമാവാം. ക്ഷമയുടെ പാരമ്യത്തെക്കുറിച്ച് യേശു പഠിപ്പിക്കുമ്പോൾ അതിൽ ഒരു ഉദാഹരണം ഇതേക്കുറിച്ചാണ് ഒരുത്തൻ നിന്റെ മേൽകുപ്പായം മോഹിച്ചാൽ അവന് അതും പിന്നെ അകക്കുപ്പായവും ഊരി നൽകുക എന്നാണ് പാഠം. ഒരു കരണം അടി കൊണ്ട്വേദനിച്ചിരിക്കുമ്പോൾ മറു കരണവും കാണിക്കാൻ നിങ്ങൾ കാണിക്കുന്ന ആന്തരിക ആർജ്ജവം ഇതിനും വേണം എന്ന് സാരം. യേശുവിന് വേണ്ടി അമ്മ ശ്രദ്ധയോടെ നെയ്തെടുത്ത ഒറ്റ തുന്നലിന്റെ



# ഹോശന്നാ

മേൽ കുപ്പായം നമ്മൾ കാണുന്നത് കുരിശിന്റെ ചുവടെയാണ് പച്ചമനുഷ്യനെ കുരിശിലേറ്റിയവർ കീറൽ ഉണ്ടാകാതെ ശ്രദ്ധയോടെ അത് ചീട്ടിട്ട് എടുക്കുന്നു. പുറം കുപ്പായവും അതിന്റെ ആഴകും യഹൂദന് നിസ്സാരമല്ല. അണിഞ്ഞിരിക്കുന്ന മേൽകുപ്പായം ഊരി അവർ നിലത്ത് പൊടിക്ക് മീതെ പരവതാനി തീർത്തുവെങ്കിൽ കഴുതപ്പുറത്തേറി വരുന്നവനെ കണ്ടവർ ആയിത്തീർന്ന ആത്മീയ ഉൽക്കർഷത്തെക്കുറിച്ച് ചിന്തിക്കാമല്ലോ. ഒറ്റവാക്കിൽ പറഞ്ഞാൽ, ഒരു ഗുരുവും തെളിച്ചു വയ്ക്കാതിരുന്ന ആന്തരിക ദീപത്തെ തെളിവോടെ ഉള്ളിൽ ഉദിപ്പിച്ച സ്നേഹത്തിന്റെ റാബിയെ മനുഷ്യർ മതിമറന്ന് സ്വീകരിച്ചാനയിക്കുന്ന ദിവസം, ഹോശന്നാ!

കുതിരകൾ തുലോം കുറവാണ് ഇസ്രായേലിൽ. കൈവശമുള്ള കുതിരകളെ ഉപയോഗിക്കുന്നതാകട്ടെ പട്ടാള ആവശ്യങ്ങൾക്കും യുദ്ധത്തിനും. സാധാരണ മനുഷ്യന്റെ യാത്രയിലെ കൂട്ട് കഴുതയാണ് രാജാക്കന്മാർ യുദ്ധത്തിന്റെ അസുരഭാവങ്ങൾ ഇല്ലാതെ കുതിരയെവിട്ട് കഴുതയിലേറുന്ന സാധാരണ ദിവസങ്ങളുണ്ട് ആ നാടുകളിൽ. നാട്ഭരിക്കുന്നവർ കഴുതപ്പുറത്തേറി വരുന്നതിന്റെ അർത്ഥം സമാധാനമാണ്. ഗർദഭവാഹനനായ രാജാവ് പ്രജകൾക്ക് നൽകുന്ന ആശ്വാസം ചെറുതല്ല. നമ്മുടെ ബാലസാഹിത്യങ്ങളിലും മുത്തശ്ശികഥകളിലും കഴുത എന്നും പോഴനാണ് യുദ്ധത്തിന്കുതിക്കാത്തവനും തമ്പ്രാക്കന്മാരെ ചുമക്കാത്തവനും അഴക് കുറഞ്ഞവനും അന്നും ഇന്നും പോഴനാണ് യേശു പ്രിയം വച്ച ഒരു പോഴനെ തപ്പി ശിഷ്യർ പുറപ്പെടുന്നു. മണ്ടനെന്നു ലോകം വിധിയെഴുതിയവർ ഈശ്വരവാഹകരാകുന്ന കാഴ്ച ബൈബിളിന്റെ ഏകതാനത! ശിഷ്യർ കെട്ടഴിച്ച് വസ്ത്രം വിരിച്ചു കൊണ്ടുവരുന്ന കഴുത അന്നോളം ആരെയും ചുമന്നിട്ടില്ല എന്നാണ് തിരുവചനം. മനുഷ്യരക്ഷാർത്ഥം മിശിഹാ പ്രവേശിച്ച ഇടങ്ങളൊക്കെ ഇങ്ങനെ മറ്റൊരുവനെ അറിയാതിരിക്കുന്ന 'കന്യകാത്വം' അനുഷ്ഠിക്കുന്നുണ്ട് മറിയത്തിന്റെ വ്രതജീവിതവും തോട്ടത്തിലെ ഏകാകമായ കല്ലറയും നമുക്കു മുന്നിലുണ്ടല്ലോ. മിശിഹായോട് ചേർന്നുള്ള ഈ Virgin Mystery യുടെ പ്രായോഗികമായ ഒരു കുഞ്ഞ് അനുഷ്ഠാനമാണ് ഒരു തുള്ളി വെള്ളം പോലും ഇറക്കാതെയുള്ള നമ്മുടെ കുർബാന അനുഭവം. ഒരു ദിവസം ആദ്യം ഉദരത്തിൽ പ്രവേശിക്കുന്നത് മിശിഹാ തന്നെ ആവട്ടെയെന്ന്. ജെറുസലേമിന്റെ തിരക്കേറിയ വീഥിയിൽ ഒരു കഴുത ചുമന്നു കൊണ്ടുവരുന്നതാരെയാണ് . മനുഷ്യർ വാപൂട്ടിയാൽ കൽച്ചീളുകൾക്ക് സ്തോത്രത്തിന്റെ അധരങ്ങൾ തുറക്കപ്പെടും എന്ന് മഹത്വം പറയുന്ന ആ സ്തോത്രാർഹന്റെ സത്ത എന്താണ്. അന്നേക്ക് ഏകദേശം 1700 വർഷങ്ങൾക്കു മുൻപ് ഒരു പ്രവചനം ഉണ്ട് ഒരു മരണശയ്യാവചനം. സീയോനെ കാണാൻ രാജസമം എഴുന്നള്ളുന്ന മണവാളനെക്കുറിച്ച് സക്കറിയ പ്രവാചകൻ ആശ്വാസം പറയുന്നതിനും നൂറ്റാണ്ടുകൾക്ക് മുൻപാണ് പ്രാണൻ മേനി വിട്ട് പറക്കാൻ പോകുന്നു എന്നറിഞ്ഞപ്പോൾ ഒരപ്പൻ മക്കളെയും പേരക്കിടാങ്ങളെയും മരണക്കിടയ്ക്ക് ചാരത്തേക്ക് വിളിക്കുന്നുണ്ട്, യാക്കോബാണത് അന്ത്യ മൊഴികളിൽ യഹൂദയെ നോക്കി പറയുന്നത്'ഷിലോഹ്‌വരുന്നതിനെ കുറിച്ചാണ് 'അവകാശി' എന്ന് നമ്മൾ പരിഭാഷപ്പെടുത്തിയതിന്റെ മൂലപദം. 'ദിവ്യമായ സമ്മാനം' എന്നൊരർത്ഥം കൂടിയുണ്ടതിന് ആ പുത്രമൊഴിയോടൊപ്പം മുന്തിരി വള്ളിയെ ചേർത്തു കെട്ടിയ ഒരു കഴുതയെ കുറിച്ച്കൂടി പ്രവചനം പറയുന്നുണ്ട് യാക്കോബ് മുന്തിരി വള്ളിയിൽ അലംകൃതയായ ഒരു കഴുതയെ നൂറ്റാണ്ടുകൾക്ക് മുൻപ് ഒരാൾ കണ്ണടയ്ക്കും മുൻപ്കാണുന്നു. ആ ദിവ്യവീഞ്ഞിന്റെ ദാക്ഷാരസത്തെക്കുറിച്ച്കൂടി പറഞ്ഞാണ് യഹൂദയോടുള്ള മൊഴികൾ യാക്കോബ് അവസാനിപ്പിക്കുന്നത് (ഉല്പ.49:11). കഴുതപ്പുറത്ത് ഇരിക്കുന്ന വിശിഷ്ട മുന്തിരിക്കുലയെ കാണാൻ പറ്റുന്നുണ്ടോ ഇപ്പോൾ....നുകർന്നു കുടിച്ച സകല മനുഷ്യരും ജഡത്തെയും മോഹങ്ങളെയും മറന്നു ദൈവസ്തുതി ഉച്ചരിക്കാൻ മാത്രം മത്തുപിടിച്ച മനുഷ്യപുത്രൻ എന്ന ദിവ്യപാനീയത്തെ. അവനെ പാനം ചെയ്തു ഉന്മത്തരായ മനുഷ്യർ ഓരോ കാലത്തും ഉണ്ട് അപ്പന്റെയും ബിഷപ്പിന്റെയും മുന്നിൽ വസ്ത്രമഴിഞ്ഞ് നഗ്നനായി ആകാശങ്ങളിലിരിക്കുന്ന അപ്പനാണ് ഇനി എന്റെ പിതാവ് എന്ന് വിളിച്ചു പറഞ്ഞ ഫ്രാൻസിസ് അസീസി ആ സ്നേഹവീഞ്ഞിന്റെ ഉന്മത്തനായിരുന്നു.

*ശേഷം 20-ാം പേജിൽ...*



# പെസഹാ രഹസ്യം

ഡോ. കെ.എൽ. മാത്യു വൈദ്യൻ കോർഎപ്പിസ്ക്കോപ്പാ

**കടന്നുപോകൽ:** എബ്രായ ഭാഷയിൽ "പ്സാഹ്" എന്ന വാക്കിന് കടന്നു പോവുക, കടത്തുകടക്കുക എന്നൊക്കെയാണ് അർത്ഥം. യഹൂദന്മാരുടെ പെസഹാ പെരുന്നാൾ മിസ്രയിമിൽ നിന്ന് കനാനിലേക്ക് അവർ കടന്നുപോയ സംഭവത്തെ കുറിക്കുന്നു. അടിമത്ത നാട്ടിൽ നിന്ന് വാഗ്ദത്ത നാട്ടിലേക്കുള്ള പ്രവേശനമാണത്. പുതിയ നിയമത്തിൽ ക്രിസ്തു പെസഹായ്ക്ക് ആഴമായ അർത്തം നൽകുന്നു. പാപത്തിന്റെ അടിമത്വത്തിൽ നിന്ന് ദൈവരാജ്യത്തിലേക്കുള്ള പ്രവേശനമാണ് പെസഹാ. ക്രിസ്തുവിന്റെ മനുഷ്യാവതാര മർമ്മങ്ങൾ ഓർമ്മിക്കുകയും ആഘോഷിക്കുകയും അനുഭവിക്കുകയും ചെയ്യുന്ന പുണ്യകർമ്മമാണ് പെസഹാ.

**വിടുതലിന്റെ ഓർമ്മ:** യഹൂദന്മാരുടെ പെരുന്നാളുകളിൽ ഏറ്റവും പ്രധാനപ്പെട്ട ഒന്നാണ് പെസഹാ. മിസ്രയീമ്യരുടെ ആദ്യജാതൻ കൊല്ലപ്പെട്ടപ്പോഴാണ് യിസ്രയേൽ ജനത്തിന് മോചനം ലഭിച്ചത്. ആ ഓർമ്മയ്ക്കായി കുഞ്ഞാട് അറുക്കപ്പെടുന്നു. ഈജിപ്തിൽ നിന്ന് ധിറുതിയിൽ സ്ഥലം വിടേണ്ടി വന്നു. അങ്ങനെ യിസ്രയേല്യർ പുളിപ്പില്ലാത്ത അപ്പം ഭക്ഷിച്ചു. കാലക്രമേണ ഓരോ വർഷവും ആബീബ് മാസം പതിനാലാം തീയതി കുറെ ആളുകളും സംഘവും ചേർന്ന് ഒരു പെസഹാക്കുഞ്ഞാടിനെ അർപ്പിക്കുന്നു. ദേവാലയത്തിൽ വച്ച് പുരോഹിതന്മാർ അതിനെ അറുക്കുകയും രക്തം യാഗപീഠത്തിന്മേൽ വീഴ്ത്തുകയും ചെയ്യുന്നു. മാംസം ഭവനത്തിലേക്ക് കൊണ്ടുവന്ന് പാകം ചെയ്യും. കയ്പു ചീരയും വീഞ്ഞും ചേർത്ത് കഴിക്കും. ഇതെന്തിനാണെന്ന് ഇളയതലമുറക്കാർ മുതിർന്നവരോടു ചോദിക്കും. മിസ്രയീമിൽ നിന്നുള്ള വിടുതൽ ഓർത്തുകൊണ്ടുള്ളതാണെന്ന് മറുപടി പറയും.

**നാലുതരം വിഭവങ്ങൾ:** യഹൂദന്മാരുടെ പെസഹായ്ക്ക് നാലുതരം വിഭവങ്ങളാണ് ഒരുക്കിവയ്ക്കുന്നത്. 1. ഉപ്പുവെള്ളം നിറച്ച പാത്രം. ഇത് മിസ്രയീമിൽ തങ്ങളുടെ പിതാക്കന്മാർ ഒഴുക്കിയ കണ്ണുനീരിനെ കുറിക്കുന്നു. 2. കയ്പ്പുചീര. അടിമത്വത്തിന്റെ കയ്പിനെ സൂചിപ്പിക്കുന്നു. 3. ഖറോഷത്ത് എന്ന മിശ്രിതം. മണ്ണുകുഴച്ചുണ്ടാക്കുന്ന ചെളിപോലെ തോന്നിക്കും. മിസ്രയീമ്യർക്ക് ഭവനം നിർമ്മിക്കാൻ ചുടുകട്ട വേണം. തങ്ങളുടെ പിതാക്കന്മാരാണ് മണ്ണ് കുഴച്ച് ചുടുകട്ടയുണ്ടാക്കി ചുമന്നു കൊണ്ടു പോയിരുന്നത്. ഇത് ഓർമ്മിപ്പിക്കുന്നു ഖറോഷത്ത് എന്ന വിഭവം. 4. നാലു കപ്പ് മുന്തിരിച്ചാറ്. പുറപ്പാട് 6:6–8 ഭാഗത്തു കാണുന്ന ദൈവത്തിന്റെ നാല് വാഗ്ദാനങ്ങളെ സൂചിപ്പിക്കുന്നു. "ഞാൻ നിങ്ങളെ ഉദ്ധരിക്കും, വീണ്ടെടുക്കും, വിടുവിക്കും, എന്റെ സ്വന്ത ജനമാക്കും" ലക്ഷക്കണക്കിനാളുകൾ പെസഹാ പെരുന്നാളിന് യരുശലേമിൽ തിങ്ങിക്കൂടും. ജൊസീഫസ് എന്ന ചരിത്രകാരൻ രേഖപ്പെടുത്തിയിരിക്കുന്നത് 28 ലക്ഷം ജനങ്ങൾ വരെ യരുശലേമിൽ പെസഹാപ്പെരുന്നാളിന് കൂടി വന്നിരുന്നു എന്നാണ്.

**യാഗവസ്തുക്കളുമായി താദാത്മ്യം:** പെസഹാക്കുഞ്ഞാടിന്റെ പശ്ചാത്തലം യഹൂദന്മാരുടെ യാഗമാണ്. യഹൂദമത ജീവിതം ദേവാലയത്തിലെ യാഗകർമ്മാദികളിൽ നിബന്ധമായിരുന്നു. മതാചാരാനുഷ്ഠാനങ്ങളിലും സാന്മാർഗ്ഗിക നിയമങ്ങളിലും വന്നുപോയ തെറ്റുകൾക്ക് പഴയനിയമത്തിൽ പ്രായശ്ചിത്ത ബലികൾ കഴിച്ചിരുന്നു. ഹോമയാഗം, പാപയാഗം, അകൃത്യയാഗം, സമാധാനയാഗം, നീരജനാർപ്പണം, ഉദർച്ചാർപ്പണം, ഭോജനയാഗം തുടങ്ങി പല പേരുകളിൽ വിവിധ യാഗങ്ങൾ ന്യായപ്രമാണ പുസ്തകത്തിൽ വിശദീകരിക്കുന്നു. യാഗവസ്തുക്കളുമായി താദാത്മ്യം പ്രാപിക്കുക എന്നുള്ളത് ഒരു പ്രധാന ഘടകമാണ്. യാഗത്തിന്റെ അർത്ഥം ദൈവയിഷ്ടത്തിന് നമ്മെത്തന്നെയും നമ്മുടെ ദാനങ്ങളും വിധേയമാക്കുക എന്നതാണ്.

**ക്രിസ്തു എന്ന പെസഹാക്കുഞ്ഞാട്:** ക്രിസ്തുവിനെ പെസഹാ കുഞ്ഞാട് എന്ന് വിശുദ്ധ പൗലോസ് വിശേഷിപ്പിക്കുന്നു. 1 കൊരി. 5:7. "നിങ്ങൾ പുളിപ്പില്ലാത്തവരായിരിപ്പാൻ തക്കവണ്ണം പുതിയ പിണ്ഡം ആകേണ്ടതിന് പഴയ പുളിമാവിനെ നീക്കിക്കളവീൻ. നമ്മുടെ പെസഹാക്കുഞ്ഞാടും അറുക്കപ്പെട്ടിരിക്കുന്നു, ക്രിസ്തു തന്നെ. ആകയാൽ നാം പഴയ പുളിമാവ് കൊണ്ടല്ല, തിന്മയും ദുഷ്ടതയുമായ പുളിമാവു കൊണ്ടുമല്ല, സ്വച്ഛതയും സത്യവുമായ പുളിപ്പില്ലായ്മ കൊണ്ടുതന്നെ ഉത്സവം ആചരിക്ക." ക്രിസ്തു ആകുന്ന പെസഹാക്കുഞ്ഞാട് അറുക്കപ്പെട്ടിരിക്കുന്നതുകൊണ്ട് തിന്മയും ദുഷ്ടതയുമാകുന്ന പഴയ പുളിമാവിനെ നീക്കി പുതിയ പിണ്ഡമായിത്തീരുക എന്നതാണ് സന്ദേശം. ദുഃഖത്തിന്റെ ലോകത്തിൽ നിന്ന് ആനന്ദത്തിന്റെ ലോകത്തിലേക്കുള്ള പ്രയാണത്തിന് ക്രിസ്തു വഴിയൊരുക്കി. ഈ കടന്നുപോക്കിന്റെ (Passover) സന്ദേശത്തിന് എക്കാലവും പ്രസക്തിയുണ്ട്.

**അന്ത്യ അത്താഴം:** പെസഹാപ്പെരുന്നാളിന്റെ പശ്ചാത്തലത്തിലാണ് യേശു അന്ത്യ അത്താഴം പങ്കുടന്നത്. ഉടൻ സംഭവിക്കുന്ന തന്റെ മരണവും സ്വർഗ്ഗരാജ്യ വാഗ്ദത്തവുമാണ് അവിടെ പ്രതിപാദ്യം. യേശുവിന്റെ അന്ത്യ അത്താഴം പെസഹാ ഭക്ഷണം തന്നെയായിരുന്നോ? തീർച്ചയായും വ്യത്യാസമുണ്ട്. പെസഹാക്കുഞ്ഞാടിനെ അറുത്ത വിരുന്നല്ലായിരുന്നു അത്. ക്രിസ്തു തന്നെ പെസഹാക്കുഞ്ഞാട്. താൻ പെസഹാ ഭക്ഷിച്ചു. (ലൂക്കോ. 22:19). വാഴ്ത്തി മുറിച്ചു നൽകിയത് തന്റെ ശരീരമാണ് എന്ന വ്യത്യാസമുണ്ട്. തന്റെ ഓർമ്മയ്ക്കായി അനുഷ്ഠിക്കാൻ കല്പിക്കുകയും ചെയ്തു. യാഗ കർമ്മത്തിൽ ജീവൻ സമർപ്പിക്കപ്പെടുന്നു, ജീവൻ രൂപാന്തരപ്പെടുന്നു, ജീവൻ പങ്കിടുന്നു. ക്രിസ്തുവിൽ ഇവ മൂന്നും സാർത്ഥകമായി. തന്റെ യാഗം സർവ്വ സൃഷ്ടിയുടെയും വീണ്ടെടുപ്പിനെ ഉദ്ദേശിച്ചുള്ളതായിരുന്നു. പാപത്തിന്റെ അടിമത്വത്തിൽ നിന്ന് ദൈവരാജ്യത്തിലേക്കുള്ള പ്രവേശനം സാധിച്ചു. മരുഭൂമിയിലെ മന്നായും പാറയിലെ ജലവും കർത്താവിന്റെ അന്ത്യഅത്താഴത്തിന്റെ മുന്നോടി ആയി (1 കൊരി. 10:2-4).

**പുതിയ ഉടമ്പടി:** പുതിയ നിയമത്തിൽ പെസഹായും കർത്താവിന്റെ അന്ത്യഅത്താഴവും ഒന്നുതന്നെയല്ലായെങ്കിലും ഇവ തമ്മിൽ അഭേദ്യമായ ബന്ധമുണ്ട്. 1. യേശുക്രിസ്തുവിനെ ഒരു വലിയ വിമോചകനായി നാം കാണുന്നു. അടിമത്വത്തിൽ നിന്ന്, പാപത്തിൽ നിന്ന്, ഭയത്തിൽ നിന്ന് വിമോചനം. 2. പെസഹാക്കുഞ്ഞാട് രക്ഷയുടെ അടയാളമാണ്. ആ കുഞ്ഞാടിന്റെ രക്തം കട്ടിളപടിമേൽ തിളിച്ചതുകൊണ്ടാണ് യിസ്രായേല്യർ രക്ഷപെട്ടത്. യേശുക്രിസ്തു നമുക്കുവേണ്ടി അറുക്കപ്പെട്ട കുഞ്ഞാടാണ്. ക്രിസ്തു നമ്മുടെ രക്ഷകനാണ്. 3. പെസഹാ മൂലം ദൈവവും മനുഷ്യനും തമ്മിൽ ഒരു പുതിയ ബന്ധം സ്ഥാപിതമായി. ക്രിസ്തുവിൽ കൂടി ഒരു പുതിയ ബന്ധം സ്ഥാപിതമായി. ക്രിസ്തുവിൽ കൂടി ഒരു പുതിയ ഉടമ്പടി ഉളവായി. അപ്പത്തെ സ്വന്തം ശരീരമായും വീഞ്ഞിനെ സ്വന്തം രക്തമായും വ്യാഖ്യാനിച്ച് പുതിയ ഉടമ്പടിയുടെ അടയാളമായി കണ്ടു. വിശുദ്ധ കുർബ്ബാന സ്ഥാപനത്തിൽ സർവ്വ സൃഷ്ടിയുടെയും ഐക്യം പ്രകടമായി. ആദിമക്രൈസ്തവ ഗ്രന്ഥമായ ഡിഡാക്കെ അതിങ്ങനെ വ്യാഖ്യാനിക്കുന്നു. "മുറിക്കപ്പെട്ട ഈ അപ്പം മലമുകളിൽ ചിതറപ്പെട്ടു കിടക്കയും ശേഖരിക്കപ്പെട്ടു കഴിഞ്ഞപ്പോൾ ഒന്നായിത്തീരുകയും ചെയ്തതുപോലെ നിന്റെ രാജ്യത്തിലേക്ക് ഭൂമിയുടെ അതിർത്തികളിൽ നിന്ന് നിന്റെ സഭ ശേഖരിക്കപ്പെടട്ടെ" (ഡിഡാക്കെ 9:49).


**തിരുവത്താഴ മാളിക:** ലൂക്കോ. 22:7-16. പുളിപ്പില്ലാത്ത അപ്പത്തിന്റെ പെരുന്നാൾ ആയപ്പോൾ കർത്താവ് പത്രോസിനേയും യോഹന്നാനേയും അയയ്ക്കുന്നു. പെസഹാ ഒരുക്കുവീൻ എന്നു കല്പിക്കുന്നു. എവിടെയാണ് ഒരുക്കേണ്ടത്? നിങ്ങൾ പട്ടണത്തിലെത്തുമ്പോൾ ഒരു കുടം വെള്ളം ചുമന്നുകൊണ്ട് എതിരേ ഒരു മനുഷ്യൻ വരും. അവൻ കടക്കുന്ന വീട്ടിൽ ചെന്ന് പെസഹാ ഒരുക്കാനുള്ള ശാല എവിടെ എന്ന് ഗുരു ചോദിക്കുന്നു എന്നു പറയണം. വിരിച്ചൊരുക്കിയ ഒരു വന്മാളിക അവർ കാണിച്ചുതരും. അവിടെ ഒരുക്കുക. ഈ മാളിക മുറി മർക്കോസിന്റേതാണ് എന്നനുമാനിക്കാം. 1. വിശുദ്ധ സഭയുടെ ജന്മഗൃഹമായിട്ട് നമുക്ക് ഇതിനെ പരിഗണക്കാം. 2. തങ്ങളുടെ എല്ലാം ആയിരുന്ന അരുമ നാഥന്റെ മരണത്തിൽ ചങ്കുരുകി വിലപിച്ചുകൊണ്ട് ശിഷ്യന്മാർ ദിവസങ്ങൾ തള്ളി നീക്കിയത് ഈ മുറിയിലാണ്. 3. അധികാരികളും മതനേതാക്കളും ആദിമക്രൈസ്തവരെ പീഡിപ്പിച്ചപ്പോൾ പീഡനത്തിൽ നിന്നും രക്ഷപെടാൻ അവർ ഒളിവിടം കണ്ടെത്തിയത് ഈ മാളികയിലാണ്. 4. പൂട്ടിയിരുന്ന വാതിലിൽ കൂടി യേശു അകത്ത് പ്രവേശിച്ച് ദുഃഖാർത്തരായ ശിഷ്യന്മാർക്കും പ്രത്യക്ഷനായി താൻ ജീവിക്കുന്നു എന്ന് വെളിപ്പെടുത്തിയത് ഈ മാളികയിൽ വച്ചാണ്. 5. യേശു സ്വർഗ്ഗാരോഹണം ചെയ്ത ശേഷം ശിഷ്യന്മാർ ഒരുമിച്ചു കൂടിയത് ഈ സ്ഥലത്തു തന്നെയാണ്. 6. പത്രോസ് കാരാഗൃഹത്തിൽ നിന്ന് വിടുതൽ ലഭിച്ചപ്പോൾ പോയതും ഈ ഭവനത്തിലേക്കാണ്. 7. പെന്തക്കോസ്ത് ദിവസം പരിശുദ്ധാത്മാവ് ശിഷ്യരുടെമേൽ ആവസിച്ചതും ഈ മാളികയിൽ വച്ചാണ്. 8. ഒന്നാമത്തെ ക്രൈസ്തവ ദേവാലയം ഈ മാളിക മുറി തന്നെ. തങ്ങളെത്തന്നെ കഴുകി ശുദ്ധീകരിച്ചശേഷമാണ് ശിഷ്യന്മാർ ഈ മാളിക മുറിയിലേക്ക് കയറിയത്.

**ഹൃദയബന്ധങ്ങളുടെ കൂട്ടായ്മ:** അത് ഒരു കൂട്ടായ്മയുടെ ഭവനമായിരുന്നു. നമ്മുടെ ഹൃദയവും ഒരു കൂട്ടായ്മയുടെ അധിവാസ കേന്ദ്രമാകണം. അത് ഒരു പ്രാർത്ഥനാ ഭവനമായിരുന്നു. ക്രിസ്തുവിന്റെ ഉത്തമ ശിഷ്യരായിരിക്കണം നിങ്ങൾ എന്ന സന്ദേശം നൽകുന്നു ഈ മുറി. അത് ഒരു വൻ മാളികയായിരുന്നു. നമ്മുടെ ഹൃദയവും വിശാലമാകണം. ഇടുങ്ങിയ ചിന്താഗതികൾ മാറണം. സ്വാർത്ഥ താല്പര്യങ്ങൾക്ക് ഹൃദയത്തിൽ സ്ഥാനമുണ്ടാകരുത്. മുകളിലത്തെ മുറിയായിരുന്നു അത്. ദൈവികാനുഭവങ്ങളിലേക്ക് ഹൃദയത്തെ ഉയർത്തണം. പാപത്തോട് യാത്ര പറയണം. തിന്മയുടെ കൈയ്പിനെ ഉപേക്ഷിക്കണം. എല്ലാവിധ അടിമത്വത്തിൽ നിന്നും വിമോചനം പ്രാപിക്കണം. യുദ്ധം, നാശം, ക്ഷാമം, രോഗം, പീഢ, മരണം, അക്രമം, അനീതി. ഇവടെല്ലാറ്റിലും നിന്നുള്ള രക്ഷയുടെ ദൂതാണ് പെസഹാ. അറുക്കപ്പെട്ട കുഞ്ഞാടിന്റെ രക്തം കട്ടിളപ്പടിമേൽ പുരട്ടിയതുമൂലം സംഹാരദൂതൻ കടന്നുപോയി. അറുക്കപ്പെട്ട ക്രിസ്തുവിങ്കലേക്കു നോക്കി ശുദ്ധീകരിക്കപ്പെടാനുള്ള മാർഗ്ഗമാണ് പെസഹാ.

**അന്തിമവിരുന്നിലേക്ക്:** ഒരു അന്തിമ വിരുന്നിന് യേശുവിനോടൊത്ത് നാം പങ്കു ചേരേണ്ടതുണ്ട്. അതിന്റെ പൂർവ്വാസ്വാദനമാണ് വിശുദ്ധ കുർബാന. കർത്താവ് സെഹിയോൻ മാളികയിൽ ശിഷ്യരുമൊത്ത് പങ്കിട്ടത് പുളിപ്പുള്ള അപ്പമായിരുന്നു. കുർബാനാ സ്ഥാപനമായിരുന്നു അത്. മത്താ. 26:26; മർക്കൊ. 14:22; ലൂക്കോ. 22:19,20. സുറിയാനിയിൽ ലഹ്മോ എന്ന പദമാണ് ഉപയോഗിച്ചിരിക്കുന്നത്. അത് പുളിപ്പുള്ള അപ്പമാണ്. പുളിപ്പ് പുതിയ ജീവനെ കാണിക്കുന്നു. (പുളിപ്പില്ലാത്ത അപ്പത്തിന് പത്തീറ എന്ന വാക്കാണ്). അപ്പം വാഴ്ത്തി നുറുക്കി വീഞ്ഞിൽ മുക്കിയാണ് കർത്താവ് കൊടുത്തത്. മത്താ. 26:26, യോഹ. 13:25. അതിനാൽ ഒന്നിച്ചു ചേർത്ത് അനുഭവിക്കണം. കർത്താവിന്റെ ശരീരവും രക്തവുമായി അത് രഹസ്യാത്മകമായി രൂപാന്തരപ്പെടുന്നു.

**നാം പ്രകാശിതരാകുന്നു:** സർദീസിലെ മെലീത്തോയുടെ (എ.ഡി. 190-ൽ മരിച്ചു)-പെസഹാ പ്രസംഗത്തിൽ ഇങ്ങനെ പറയുന്നു: "പെസഹാ രഹസ്യം ഒരേ സമയം പ്രാചീനവും നൂതനവും നിത്യവും കാലികവും, നശ്വരവും അനശ്വരവും മർത്യവും അമർത്യവുമാണ്. (ആമുഖം. വാക്യം 2). നിയമാനുസരണം അത് പഴയതാണ്. വചനാനുസരണം അതു പുതിയതാണ്. മുൻകുറിയിൽഅതു കാലികമാണ്. കൃപയിൽ അതു നിത്യമാണ്". (ആമുഖം. വാക്യം 3) പെസഹാ രഹസ്യം ക്രിസ്തുവാകുന്നു. ക്രിസ്തു നമ്മുടെ രക്ഷയുടെ പെസഹായാകുന്നു. പെസഹാ രഹസ്യം ക്രിസ്തുവിന്റെ അന്ത്യ വിജയത്തെക്കുറിക്കുന്നു. പെസഹായിലെ നമ്മുടെ ഒരുക്കമുള്ള പങ്കാളിത്തം മൂലം നാം പ്രകാശിതരായിത്തീരുന്നു.

# സ്നേഹവും സഹനവും ആശ്ലേഷിച്ച വലിയ വെള്ളിയാഴ്ച



**ഡോ. ജോസഫ് മാർ ദിവന്നാസിയോസ് SST**
(കൊല്ലം ഭദ്രാസന മെത്രാപ്പോലീത്ത)

**ആമുഖം**

ഓരോ വർഷവും നമ്മുടെ 'ആരാധനാ ജീവിതത്തിന്റെ' (Liturgical life of every liturgical year) മകുടം വലിയ നോമ്പും (Great Lent) അതിന്റെ പരിസമാപ്തിയിൽ എത്തുന്ന ഹാശാ ആഴ്ചയും അതിലെ ആത്മീയ അനുഭവങ്ങളായ പെസഹാ വ്യാഴം (Pascal Thursday) ദുഃഖ/വലിയ വെള്ളിയാഴ്ച (Good Friday) ഉയർപ്പു ഞായറാഴ്ച (Easter Sunday) എന്നിവയുമാണ്. യഥാർത്ഥത്തിൽ, വലിയ നോമ്പ് ശക്തിയായ ആത്മതപനത്തിന്റെയും, ത്രിവിധ തിന്മകളോടുള്ള (ലോകം-ജഡം-പിശാച്) യുദ്ധത്തിന്റെയും, മാലാഖമാരുടെ ജീവിതപരിശീലനത്തിന്റെയും മരണാനന്തര ജീവിതാസ്വാദനത്തിന്റെയും, സ്വർഗ്ഗീയ തീർത്ഥാടനാനുഭവത്തിന്റെയും ഒരു സജീവ ആത്മീയ കാലയളവാണ്. ഈ ആത്മീയ തീർത്ഥാടനം ചെന്നെത്തുന്നതാകട്ടെ പെസഹായുടെ മേശയിങ്കലേക്കും, ഗോഗുൽത്തായിൽ പരമ രക്ഷകൻ യാഗമായി അർപ്പിക്കപ്പെട്ട കുരിശിങ്കലേക്കും ഉയർപ്പു ഞായറാഴ്ചയിലെ പ്രത്യാശാ നിർഭരമായ സമാധാനത്തിലേക്കുമാണ്. മശിഹാ തമ്പുരാന്റെ ഒമ്പത് പീഢാനുഭവ ദർശനങ്ങൾ - 1) തലയിൽ മുൾക്കിരീടം 2) തലയ്ക്ക് മുകളിൽ പരിഹാസം നിറഞ്ഞ മേലെഴുത്ത് 3) മുഖത്ത് നിന്ദ്യമായ തുപ്പൽ 4) മുതുകത്ത് ഭീതിജനകമായ ചാട്ടവാർ പാടുകൾ 5) രക്തം ഒലിക്കുന്ന കൈകാലുകളിലെ കാരിരുമ്പാണി ക്ഷതങ്ങൾ 6) ചുറ്റുപാടുകളിൽ നിറഞ്ഞുയരുന്ന കുറ്റാരോപണത്തിന്റെയും പരിഹാസത്തിന്റെയും ആക്രോശങ്ങൾ 7) കുടിക്കുവാൻ നീട്ടപ്പെടുന്ന കൈയ്പുനീര് 8) രക്തത്തിൽ കുളിച്ച നഗ്നശരീരം 9) വെള്ളവും രക്തവും ചേർന്ന് ഒഴുകി ഒലിക്കുന്ന വിലാവിലെ കുത്ത്- എന്നിവ ഗോഗുൽത്തായിൽ നാം കാണുന്നു.

പ. പൗലോസ് ശ്ലീഹാ ഗലാത്യ ലേഖനത്തിൽ മൂന്നു വിധത്തിലുള്ള ആളുകളേയും (ബർബരന്മാർ, ജഡീകന്മാർ, ആത്മീയർ) മൂന്നു പ്രമാണങ്ങളേയും (കുരിശ്ശിന്റെ പ്രമാണം, ജഡത്തിന്റെ പ്രമാണം, ആത്മാവിന്റെ പ്രമാണം) കുറിച്ച് സവിസ്തരമായി പ്രതിപാദിക്കുന്നുണ്ട്. ഇവയിൽ കുരിശ്ശിന്റെ പ്രമാണം സന്തോഷത്തോടെ ജീവിതത്തിൽ സ്വീകരിക്കുന്നവർ ക്രിസ്തുവിന്റെ ക്രൂശിനോട് അനുരൂപപ്പെടുകയാണ്. ക്രിസ്തുവിന്റെ കുരിശ്ശാകട്ടെ ആഴമായ മനുഷ്യ സ്നേഹത്തിന്റെയും പരിത്യാഗത്തിന്റെയും പ്രതീകമാണ്. സ്നേഹവും ത്യാഗവും ഇല്ലാതെ കുരിശ് വരിക്കുവാനും വഹിക്കുവാനും സാദ്ധ്യമല്ല എന്നു സാരം. ആകയാൽ ക്രിസ്തുവിന്റെ കുരിശ് സ്നേഹത്തിന്റെ പ്രമാണവും അതിന്റെ ആഘോഷവുമാണ്. ഈ സ്നേഹ പ്രമാണം അടിസ്ഥാനപ്പെട്ടിരിക്കുന്നതാകട്ടെ സ്വയ-ശൂന്യവൽക്കരണത്തിലും (Kensis, ഫിലി. 2:5-7) സഹനാനുഭവത്തിലും, ത്യാഗപൂർണ്ണമായ കഷ്ടതയിലും, ആർദ്രദ

യുടെ ഐക്യദാർഢ്യത്തിലും ദീർഘക്ഷമയുടെ രഞ്ജിപ്പിലും ആണ്. വലിയ വെള്ളിയാഴ്ച ക്രിസ്തു തന്നെതന്നെ ബലിയായി കുരിശ്ശിൽ സമർപ്പിച്ച് നമ്മോടുള്ള തന്റെ സ്നേഹം പൂർണ്ണതയിൽ വെളിപ്പെടുത്തുകയാണ്. തന്നെ തന്നെ എല്ലാവർക്കുമായി വിഭജിച്ച് നൽകുകയാണ്. ആർദ്രതയിൽ വേരൂന്നിയ സ്നേഹം തന്നെതന്നെ ദാസരിൽ ദാസനാക്കി ക്രൂശിലെ മരണത്തോളം സ്വയം ശൂന്യവൽക്കരിച്ചു (ഫിലി. 2:7). വലിയ വെള്ളിയാഴ്ച ക്രൂശിൽ വെളിപ്പെട്ട ഈ സഹന സ്നേഹമാണ് നമുക്ക് ധ്യാനിക്കേണ്ടതും ജീവിതത്തിൽ സ്വാംശീകരിക്കേണ്ടതും.

### കാൽവറിയിലെ സഹന സ്നേഹം

കാൽവറിയിലെ കുരിശ്ശിൽ സ്നേഹവും സഹനവും ശൂന്യവൽക്കരണവും പരസ്പര പൂരകങ്ങളായി വർത്തിച്ചപ്പോൾ സ്നേഹം സഹനത്തേയും സഹനം സ്നേഹത്തേയും ആശ്ലേഷിച്ചു. ചെറിയ അളവിലുള്ള സഹനത്തിൽ നിന്ന് പോലും ഓടിയൊളിക്കാൻ വെമ്പൽ കൊള്ളുന്ന നാം, കുരിശ്ശിൽ ക്രിസ്തു പ്രാവർത്തികമാക്കിയ 'സഹന സ്നേഹത്തിൽ' നിന്ന് എത്രയോ കാതം അകലെ ആണ്?. സഹനാനുഭവത്തോട് വിരക്തി തോന്നുന്നത് മൂന്ന് കാരണങ്ങളാലാണ്-ദൈവീക പദ്ധതിയെക്കുറിച്ചുള്ള അജ്ഞതയും, സഹനത്തെ നേരിടാനുള്ള ആത്മീക ശക്തിക്കുറവും, ദൈവസ്നേഹത്തിന്റെ ആഴക്കുറവും. വിശുദ്ധ ജീവിതം നയിച്ച പൂർവ്വ പിതാക്കന്മാരുടെ വിജയ രഹസ്യം എന്തായിരുന്നിരിക്കാം?

ലോകാപവാദം ഭയക്കാതിരുന്ന പരി.ദൈവമാതാവും, കല്ലെറിഞ്ഞവർക്കായി പ്രാർത്ഥിച്ച വി.സ്തേഫാനോസും തന്റെ നാഥനെപ്പോലെ മാർവ്വിൽ ചവളത്താൽ കുത്തേറ്റ വിശുദ്ധ മാർത്തോമ്മാ ശ്ലീഹായും നിറഞ്ഞ ദൈവസ്നേഹത്താൽ സഹനത്തെ നേരിട്ടു. തികഞ്ഞ സ്നേഹം സഹനഭയത്തെ പുറത്താക്കുക മാത്രമല്ല സഹനത്തെ മാധുര്യമുള്ളതാക്കുന്നു. ഈ തിരിച്ചറിവാണ് വലിയ വെള്ളിയാഴ്ച പകരുന്ന ദിവ്യവെളിച്ചം.

നേട്ടങ്ങളോടും പ്രയോജനങ്ങളോടുമുള്ള മമത മാത്രമാണ് ആധുനിക ലോകത്തിന് സ്നേഹം. നൽകാനോ ത്യജിക്കാനോ അല്ല, സ്വരുക്കൂട്ടുവാനുള്ള വ്യഗ്രതയാണ് സ്നേഹബന്ധങ്ങളുടെ ഇക്കാലത്തെ വ്യാപാര തത്വം (Trade Principle). സഹനത്തെ ഭയപ്പെടുന്ന യുഗത്തിൽ, വലിയ വെള്ളിയാഴ്ച പകരുന്ന ക്രിസ്തു മാതൃക എത്രയോ ഉദാത്തവും ആഴവും ഉള്ളതാണ്. 'ഒരുവൻ തന്റെ സ്നേഹിതന്മാർക്ക് വേണ്ടി സ്വന്തം ജീവനെ നൽകുന്നതിനേക്കാൾ ശ്രേഷ്ഠമായ സ്നേഹമില്ല' എന്ന് നമ്മുടെ കർത്താവ് പഠിപ്പിക്കുന്നു. കാൽവറിയിൽ പരസ്പരം ആശ്ലേഷിച്ച സ്നേഹവും സഹനവും വിശുദ്ധ പിതാക്കന്മാർക്ക് എന്നും ആത്മയീയതയുടെ ഊർജ്ജ പ്രവാഹമായിരുന്നു. സ്നേഹം സഹനാനുഭവത്തിലേക്കും ആത്യന്തികമായി വിശുദ്ധിയിലേക്കും അവരെ വഴി നടത്തി. ക്രിസ്തുസ്നേഹത്തിന്റെ ജ്വാലയിലാണ് വിശുദ്ധന്മാരുടെ വേദന ചാമ്പലായത്.

കുരിശ്ശിന്മേൽ മരണത്തോളം സഹനം വരിച്ച ക്രിസ്തു, സ്നേഹത്തിന്റെ പാരമ്യമാണ്. ഈ ക്രിസ്തു സാന്നിദ്ധ്യമാണ് സഹനപാതയിൽ വിശ്വാസികൾക്ക് യഥാർത്ഥ ആശ്വാസം. 23-ാം സങ്കീർത്തനത്തിൽ ദാവീദ് പാടുന്നത്, 'മരണനിഴലിൽ കണ്ണീർ പാതയിൽ നടന്നാലും ഒരനർത്ഥവും ഞാൻ ഭയപ്പെടുകയില്ല; നീ എന്നോട് കൂടെ ഇരിക്കുന്നുവല്ലോ; നിന്റെ വടിയും കോലും എന്നെ ആശ്വസിപ്പിക്കുന്നു' എന്നിപ്രകാരമാണ്. രോഗിക്ക് താൻ ഒറ്റക്കല്ലെന്നും കുരിശ്ശിൽ മുറിവേറ്റവൻ ഒപ്പമുണ്ടെന്നുമുള്ള ബോധവും ഒരുപക്ഷേ സൗഖ്യത്തേക്കാൾ, ആശ്വാസം പകരും. സൗഖ്യം നൽകുന്നവന്റെ സ്നേഹസാന്നിദ്ധ്യം, സഹനം വേദനാരഹിതമാക്കും. മരിക്കുന്ന നിമിഷവും പുഞ്ചിരിക്കുന്ന രോഗികളുടെ ആത്മധൈര്യം ക്രൂശിൽ മരിച്ചുയർത്തവൻ നൽകുന്ന സ്നേഹസ്പർശമാണ്. ക്രിസ്തുവിന്റെ ഇടത്തും വലത്തുമായി ക്രൂശിക്കപ്പെട്ട തസ്കരന്മാരുടെ അനുഭവം ഇത് വളരെ വ്യക്തമാക്കുന്നുണ്ട്. രണ്ടു പേരും ഒരേ ശിക്ഷാനുഭവവും വേദനയുമാണനുഭവിക്കുന്നത്. ഇടത്തുഭാഗത്തുള്ളവൻ ദൈവത്തെയും, ക്രൂശകരേയും തന്നെത്തന്നെയും ശപിക്കുകയാണ്. രക്ഷകനായ ദൈവപുത്രന്റെ ദിവ്യ സാന്നിദ്ധ്യം വലത്തുഭാഗത്തുള്ളവനിൽ വേദനയ്ക്ക് ആശ്വാസവും പ്രത്യാശയുമാണ് ഉയിർത്തിയത്. ഇടത്തെ കള്ളൻ ഒറ്റക്ക് സഹിച്ച് ശപിച്ചു മരിച്ചു; വലത്തു ഭാഗത്തെ കള്ളൻ അനുതപിച്ച് ക്രിസ്തുവിൽ സ്വയം സമർപ്പിച്ച് പറുദീസയുടെ അവകാശിയായി. സ്നേഹിതരും ചാർച്ചക്കാരും വഞ്ചിക്കുമ്പോഴും, എല്ലാവരാലും നിന്ദിക്കപ്പെടുമ്പോഴും തകർന്നു പോകാതെ നില്ക്കുവാനുള്ള കരുത്ത് പകരുന്നതാണ്, സ്വശിഷ്യനാൽ പോലും ഒറ്റിക്കൊടുക്കപ്പെട്ട ക്രിസ്തുവിന്റെ സ്നേഹസഹനത്തെക്കുറിച്ചുള്ള ധ്യാനം. പരിഹാസപാത്രമായി അപമാനിക്കപ്പെട്ടുന്നവർക്ക് തുപ്പലും നിന്ദയും അപമാനവുമേറ്റ പരമയാഗത്തിന്റെ സഹനമുഖം ആശ്വാസം നൽകും. സൈബറിടങ്ങളിലൂടെ ഇല്ലാത്ത കുറ്റത്തിന് ചുറ്റുംകൂടി ആക്രമിക്കപ്പെടുന്ന ഇന്നത്തെ സത്യാനന്തരയുഗത്തിൽ (Post Truth Age), ആൾക്കൂട്ട ആക്രമണത്തിന് സ്വയം വിട്ടുകൊടുത്ത ദൈവപുത്രന്റെ സ്നേഹസഹനം വേറിട്ട മാതൃകയാണ്. അധികാരികൾ നീതിയില്ലാതെ ശിക്ഷ വിധിക്കുമ്പോഴും കയ്യാഫാ 'ജനഹിതം' അലിവില്ലാതെ തന്നിൽ നടപ്പാക്കുമ്പോഴും, രോഷാകുലനാകാതെ മൗനമായി എല്ലാം സഹിച്ച ദൈവപുത്രന്റെ സ്നേഹയാതന എത്ര ശ്രേഷ്ഠമായ പ്രകാശഗോപുരമാണ്. മുറിവുകളും ക്ഷതങ്ങളും മാറ്റപ്പെടുവാനല്ല, മറിച്ച് സ്നേഹത്തിന്റെ അടയാളമായി സ്വീകരിക്കുവാനാണ് വലിയ വെള്ളിയാഴ്ച നാഥൻ തുനിഞ്ഞത്. സ്നേഹത്തിൽ ചാലിച്ച സഹനം, ക്രിസ്തുവിന്റെ മുറിവുകളെ രക്ഷയുടെ 'തിരുമുറിവുകളാക്കി' മാറ്റി. ഇത് ഓരോ ഭക്തനും ജീവിതത്തിൽ അനുഭവപാഠമാകണം.

സഹനം നഷ്ടമല്ല നേട്ടമാണെന്നും, മുറിവുകൾ ജീവിത വിജയത്തിലേയ്ത്ത് നയിക്കുന്ന പടികളാണെന്നുമുള്ള ദൈവികജ്ഞാനത്തിലേക്കാണ് ഓരോ വലിയ വെള്ളിയാഴ്ചയും നമ്മേ നയിക്കേണ്ടത്. സഹനത്തിന്റെ വില മനസ്സിലാക്കിയവരാണ് സഹദേന്മാരും വിശുദ്ധന്മാരും. മുറിവുകൾ യാതനയുടെ അടയാളമല്ല, മറിച്ച് ക്രിസ്തു സാന്നിദ്ധ്യത്തിന്റെ സൂചനകളാണെന്ന് തിരിച്ചറിഞ്ഞവർക്കേ, അപരന്റെ രക്ഷക്കായി സഹനം സ്വീകരിക്കുവാൻ കഴിയൂ.

തങ്ങളനുഭവിക്കുന്ന യാതനകളിൽ ആരും ചേർത്തു നിർത്തുവാൻ ഇല്ലാതെ ഒറ്റപ്പെടുന്നു എന്ന ഹ്രസ്വ ചിന്തയാണ് പലപ്പോഴും മനുഷ്യനെ നിരാശയിലേക്കും ആത്മഹത്യയിലേക്കും നയിക്കുന്നത്. ഈ ദൃശ സന്ദർഭങ്ങളിൽ, കാൽവറി കുരിശ്ശിന്റെ ചുവട്ടിലണഞ്ഞ്, ക്രൂശിനെ കെട്ടിപ്പിടിച്ച് മാറോടണച്ച് കരഞ്ഞ് സമർപ്പിക്കുന്ന ഭക്തന് ആശ്വാസത്തിന്റെ നിർചാലുകൾ ക്രൂശിൽ നിന്ന് ഒഴുകിയെത്തും എന്നത് വലിയ സത്യമാണ്. ഇത് നമ്മുടെ പിതാക്കന്മാർ അനുഭവിച്ചറിഞ്ഞ സാക്ഷ്യം കൂടിയാണ്. ക്രിസ്തുവിന്റെ തിരുമുറിവുകളോട് നമ്മുടെ മുറിവുകൾ ചേർത്തുവയ്ക്കുവാൻ നമുക്ക് സാധിക്കുമെങ്കിൽ, വലിയ വെള്ളിയാഴ്ച ജീവിതത്തിലെ ഏറ്റവും ഉദാത്തമായ 'നല്ല വെള്ളിയാഴ്ച' (good friday) ആയി മാറും. സമർപ്പിക്കപ്പെടാതെ പോകുന്ന സഹനം ശാപവുമായി

മാറും, മറിച്ച് സ്നേഹ കണ്ണീരോടെ സമർപ്പിക്കപ്പെടുന്ന സഹനം അനുഗ്രഹകടലായി പരിണമിക്കും. ലഭിച്ച അനുഗ്രഹങ്ങളും, സ്ഥാനമാനങ്ങളും, സമ്പത്തും മാത്രമല്ല, ലഭിക്കാത്തതും അനുഗ്രഹമായി കാണുമ്പോഴാണ് ക്രൂശിതന്റെ ഭാവം നമ്മിൽ നിറയുന്നത്. ക്രിസ്തുവിന്റെ സ്നേഹത്തെ പ്രതി അപരന്റെ സമാശ്വാസത്തിനായി ഏറ്റു വാങ്ങേണ്ടി വരുന്ന സഹനാനുഭവങ്ങളായ മുറിവുകളും സന്തോഷത്തോടെ ഏറ്റുവാങ്ങുന്നതാണ് യഥാർത്ഥ ക്രിസ്ത്യാനിയുടെ മുഖമുദ്ര. നേട്ടങ്ങൾ ദാനത്തിലൂടെ ആണെന്നും, വിജയം ത്യാഗത്തിലൂടെ ആണെന്നും, ജീവൻ മരണത്തിലൂടെയാണെന്നുമാണ് കാൽവറി നമ്മേ പഠിപ്പിക്കുന്ന പാഠം. അനുമോദനമല്ല, അപമാനമാണ് ക്രൂശിന്റെ വഴി; നേടിയെടുക്കലല്ല, വിട്ടുകൊടുക്കലാണ് ക്രൂശിന്റെ പാഠം.

സഹനവും കുരിശുമരണവും വരിച്ച് മനുഷ്യനെ നിത്യരക്ഷയുടെ അനുഭവത്തിലേക്ക് നയിക്കുവാനുള്ള ലക്ഷ്യബോധം യേശുതമ്പുരാന്റെ കാലിത്തൊഴുത്തു മുതൽ കാൽവറി വരെയുള്ള രക്ഷാകര പദ്ധതിയിലും ദിവ്യ ശുശ്രൂഷയിലും (salvific project and divine ministry) വളരെ വ്യക്തമാണ്. ഇഹലോക വ്യപാര കാലയളവിൽ എല്ലാവരേയും, പ്രത്യേകിച്ച് സ്ത്രീകളേയും, കുഞ്ഞുങ്ങളെയും സമൂഹം തള്ളി അകറ്റിയവരേയും ചേർത്തുപിടിച്ച് അവരുടെ കണ്ണീരൊപ്പിയും, രോഗികളേയും നിരാലംബരേയും ശുശ്രൂഷിച്ചും സൗഖ്യം പകർന്നും സകലർക്കും നന്മ ചെയ്തും മാതൃകയായ ക്രിസ്തുനാഥൻ ഓരോ വിശ്വാസിയുടെയും ലക്ഷ്യവും, ദർശനവും, കർമ്മവുമാകണം. ക്രിസ്തുവിന്റെ സഹനാനുഭവത്തോടൊപ്പം യാത്ര ചെയ്യുന്നതാണ് നമ്മുടെ സഹനാനുഭവ ജീവിതത്തിലെ ആത്മ ധൈര്യവും ശക്തി സ്രോതസ്സും. താൻ വെയ്ക്കുന്ന ഓരോ ചുവടും കുരിശിങ്കലേക്കാണെന്ന് നിറഞ്ഞ ബോദ്ധ്യമുണ്ടായിരുന്ന ക്രിസ്തു, സ്നേഹത്തിൽ സഹനാനുഭവത്തെ സ്വീകരിച്ച് അത് സർവ്വലോകത്തിനും വേണ്ടി കാൽവറി കുരിശ്ശിൽ ആഘോഷമാക്കി.

**ഉപസംഹാരം:**

കുരിശിച്ചവരോടുള്ള വൈകാരിക വിദ്വേഷമായി മാത്രം വലിയ വെള്ളിയാഴ്ച ചുരുങ്ങിപ്പോകരുത്. സമാനതകളില്ലാത്ത സഹനത്തിന്റെയും സ്നേഹത്തിൽ ചാലിച്ച കഷ്ടാനുഭവത്തിന്റെയും ആഘോഷമായിരുന്നു കാൽവറിയിൽ നടന്ന പരമയാഗം. അനുദിനജീവിതത്തിൽ നിസ്വാർത്ഥ സ്നേഹത്തിന്റെ പ്രഘോഷിതരാകുവാനും, ത്യാഗപൂർണ്ണമായ കരുതലിന്റെ പ്രകാശം നമ്മുടെ ചുറ്റുമുള്ളവർക്ക് പകരുവാനും, വലിയ വെള്ളിയാഴ്ചയിലെ ആരാധന നമ്മേ പ്രേരിപ്പിക്കണം. നമ്മുടെ ജീവിതത്തിലെ സഹനപാതകളെ കുരിശ്ശിലേറിയ അരുമനാഥന്റെ തിരുമുറിവുകളോട് ചേർത്ത് വച്ച് സമർപ്പിക്കുവാനും വലിയ വെള്ളിയാഴ്ച നമ്മേ ക്ഷണിക്കുന്നു. സൗഖ്യത്തിന്റെയും രക്ഷയുടെയും, ഉയർപ്പിന്റെയും സമാധാനത്തിന്റെയും, സ്നേഹിക്കുവാനും സഹിക്കുവാനും സമർപ്പിക്കുവാനും കഴിയുന്നവർക്കായി ഉള്ളതാണ്.

ഈ പ്രാർത്ഥനാമന്ത്രം നമുക്ക്
ഉരുവിട്ട് പ്രാർത്ഥിക്കാം.

"കർത്താവേ അവിടുത്തെ കുരിശിന്റെ ചുവട്ടിൽ, അങ്ങയോടുള്ള സ്നേഹത്തെപ്രതി സഹനാനുഭവത്തോടെ നിലയുറപ്പിച്ച പരി. ദൈവമാതാവിനോടും, പരി.യോഹന്നാൻ ശ്ലീഹായോടും ഒപ്പം നിന്നെയും മറ്റുള്ളവരെയും സ്നേഹിക്കുവാനും സഹനാനുഭവത്തിന്റെ പാതയിൽ ജീവിപ്പാനും ഞങ്ങൾക്ക് കൃപ നൽകണമെ".

## ഹോശന്നാ...

15-ാം പേജിൽ നിന്നും...

പൊക്കണത്തിൽ കരുതിയിരുന്ന അപ്പത്തിൽ പറ്റിപ്പിടിച്ചിരുന്ന ഉറുമ്പുകളെ കണ്ട് അവയുടെ ഉറ്റമിത്രങ്ങളായ മറ്റ് ഉറുമ്പുകൾ ഇവരെ കാണാതെ വിഷമിക്കുകയല്ലേ എന്നോർത്ത് താൻ വിട്ടിറങ്ങിയ പള്ളിമുറ്റത്താണ് അവ എന്ന് പറഞ്ഞ് വേഗം മൈലുകൾ താണ്ടി തിരികെ പള്ളിയിലെത്തി ഉറുമ്പുകളെ ഇറക്കിവിട്ട ഒരു സൂഫിയുണ്ട് സ്നേഹത്തിന്റെ വിഞ്ഞിനെ ഇന്നും ആവോളം കുടിച്ച് ആസ്വദിക്കാത്ത നമുക്ക് അവരൊക്കെ കിറുക്കരാണ്. മനുഷ്യനുള്ളിടത്തോളം അവന്റെ കഷ്ട വേദനകളിൽ എന്നും സാഖ്യമിറ്റിക്കുന്ന വിശിഷ്യ വീഞ്ഞിന്റെ മുന്തിരിക്കുലയെ കഴുതപ്പുറത്ത് കണ്ടവർ മതി മറന്ന് നിലവിളിക്കുന്നു, ഹോശന്നാ! കുരുത്തോല കയ്യിൽ പിടിച്ച് പൂക്കളെ ചവിട്ടി പള്ളിക്കുള്ളിൽ നിൽക്കുമ്പോൾ ഈ ഗർദഭലഹരിയെ വെറുതെ ധ്യാനിക്കാം.

മഹത്വത്തിന്റെ ഈ പെരുന്നാളിനും നൊമ്പരങ്ങളുടെ വിശുദ്ധവാരത്തിനും ഇടയിൽ കുറച്ചു മണിക്കൂറുകൾ മാത്രമേ ഉള്ളൂ ആരാധനാ ചട്ടത്തിൽ. തിട്ടം പറഞ്ഞാൽ ഓശാന തീരുന്ന പതിനൊന്നു മണി മുതൽ ഹാശായുടെ സന്ധ്യ വരെ ഒരു ഏഴ്മണിക്കൂർ നേരം. മനുഷ്യർ വല്ലാതെ മാറിപ്പോകുന്ന മണിക്കൂറുകൾ. ഒരു നാവിൻ തുമ്പിൽ നിന്ന് 'ഹോശന്ന എന്നും 'ക്രൂശിക്കാ' എന്നുമുള്ള രണ്ടു പദങ്ങൾ ആൾമാറാട്ടം നടത്തുന്ന അപകടം പിടിച്ച കുറച്ചുനേരം. പകൽ ഓശാന പാടിയവർ ഇരുട്ടത്ത്നീതിമാനെ പിടികൂടാൻ പുറപ്പെടുന്ന വ്യതിയാനങ്ങളുടെ നിമിഷങ്ങൾ. കുഞ്ഞുനാളിൽ ഓശാന കഴിഞ്ഞ് എല്ലാവരും വീടുപറ്റുമ്പോഴും പള്ളിയിലെ ശുശ്രൂഷകർ പള്ളിയിൽ നിൽക്കുന്ന ഒരു ഓർമ്മയുണ്ട് മനസ്സിൽ. വാരിയെറിഞ്ഞ പൂക്കളും ഇലക്കീറുകളും ഒക്കെ പള്ളിക്കുള്ളിൽ നിന്ന് തൂത്തുവാരി പള്ളി ഹാശായ്ക്കായി ഒരുക്കണം. അന്ന് ചെയ്ത ആ തൂത്തുവാരൽ ഓർമ്മയിൽ നിന്ന് പോയിട്ടില്ല. പൂക്കളൊക്കെ പലതും നനഞ്ഞു കുതിർന്നിട്ടുണ്ടാവും അപ്പോഴേക്ക് നനഞ്ഞ് ഉരുണ്ട ഓശാനപ്പൂക്കളൊക്കെ തൂത്തുവാരി പുറത്തെവിടെയെങ്കിലും കളയും. ആത്മസ്ഥിരത ഇല്ലാത്ത, വേഗം മനസ്സുമാറുന്ന മനുഷ്യന്റെ ഒരു പ്രായോഗിക പരിച്ഛേദം. ദുഃഖവെള്ളിയിൽ പള്ളിയകത്ത് തിരികൾ ഇല്ലാതെ മൂകമായി കറുപ്പണിഞ്ഞു നിൽക്കുന്ന ഗോഗുൽത്തായുടെ കീഴിൽ ഈ ഓശാനപ്പൂക്കൾ ഉണ്ടായിരുന്നുവെങ്കിൽ എന്ന് തോന്നിയിട്ടുണ്ട് കുറഞ്ഞപക്ഷം അവന്റെ മണവാട്ടിയെങ്കിലും ആ വേർപാട് സമയത്ത് അവന്റെ മഹത്വം മറന്നിട്ടില്ല എന്ന് കാണിക്കാൻ... യാതൊരു സങ്കോചവുമില്ലാതെ നമ്മളവ തൂത്ത്വാരി കളഞ്ഞു! ഓശാന കഴിഞ്ഞ് പള്ളി വിട്ടുപോരുമ്പോൾ നിങ്ങൾ പാടിയ മഹത്വത്തിന്റെ പൂക്കൾ വിടാതെ കൈയിൽ ഇറുക്കി പിടിച്ചോണം. ചാരത്തിൽ ഇരിക്കുന്ന ഇയ്യോബിന്റെ കൈയിൽ ദൈവസ്തുതിയുടെ ഈ ഓശാനകുസുമങ്ങൾ അയാൾ മുറുക്കെ പിടിച്ചിട്ടുണ്ടായിരുന്നു. മരിച്ചുകഴിയുമ്പോൾ നിങ്ങൾക്ക് മീതെ ആരൊക്കെയോ വയ്ക്കുന്ന വ്യർത്ഥപുഷ്പങ്ങൾ കല്ലറകളി ൽ വാടി കരിയുന്നത്കണ്ടിട്ടുണ്ടോ... ഒരായുസ്സിൽ നിങ്ങൾ പാടിയ, സങ്കടക്കയത്തിൽ നിങ്ങൾ വിടാതെ മുറുകെപ്പിടിച്ച ഓശാനയുടെ പൂക്കളാവും കല്ലറയുടെ ഉള്ളിൽ നിങ്ങൾക്ക് കൂട്ട്

'ദാവീദ് പുത്രന് ഹോശാന്ന'

# ഉയിർപ്പിന്റെ അടയാളങ്ങളാകുവാനുള്ള ക്ഷണവും നിയോഗവും

ഫാ.തോമസ് രാജു കരുവാറ്റ

മരണത്തിന്റെയും വിഷാദത്തിന്റെയും നെടുവീർപ്പും കണ്ണീരും വീണ ഇടത്തിൽ നിന്നും മഹത്വത്തോടെ പുനരുത്ഥാനം ചെയ്ത ക്രിസ്തു നൽകുന്ന പ്രത്യാശാ നിർഭരമായ ജീവിതാവബോധമാണ് ഉയിർപ്പു പെരുന്നാളിന്റെ കാതൽ. തകർക്കപ്പെട്ടാലും ആക്ഷേപിച്ച് കഴുമരത്തിലേറ്റിയാലും ജീവിതം തന്നെ കഴിഞ്ഞു എന്ന് വിധിയെഴുത്ത് നടത്തിയാലും നേരും നിർഭയത്വവുമുള്ളവരുടെ ഉയിർത്തെഴുന്നേൽപ്പ് തടയുവാൻ ആരാലും സാധിക്കുകയില്ല എന്ന പാഠമാണ് ഉത്ഥാനപ്പെരുന്നാളുയർത്തുന്നത്. ക്രിസ്തീയ വിശ്വാസത്തിലെ ഏറ്റവും വലിയ രഹസ്യം നമ്മുടെ കർത്താവിന്റെ പുനരുത്ഥാനമാണ്. സ്വതവേ ബലഹീനരായിരുന്ന കർത്തൃശിഷ്യർ ആത്മബലമാർജ്ജിച്ചതും ലോകത്തിന്റെ നാലതിരുകളിലേക്കും സുവിശേഷവാഹകരായി ധൈര്യത്തോടെ പ്രയാണം ചെയ്തതും അവരുടെ ഗുരുവിന്റെ ഉയിർപ്പു നൽകിയ അതീവ ശക്തി നിമിത്തമാണ്. ഞങ്ങളുടെ ഗുരുവും നാഥനുമായവൻ മരണത്തെ ജയിച്ചുയർത്തെഴുന്നേറ്റുവെങ്കിൽ ഞങ്ങളും മരണം വിട്ട് ജീവനിലേക്ക് കടക്കും എന്ന ഉറപ്പ് അവരുടെ ജീവിത വഴികളിൽ സജീവമായി നിലകൊണ്ടു. 'യേശുവിനെ ദൈവം ഉയിർപ്പിച്ചു അതിന് ഞങ്ങൾ എല്ലാവരും സാക്ഷികളാകുന്നു. ആകയാൽ നിങ്ങൾ കുരിശിച്ച ഈ യേശുവിനെതന്നെ ദൈവം കർത്താവും ക്രിസ്തുവുമാക്കി വെച്ചു എന്ന്.....നിശ്ചയമായി അറിഞ്ഞു കൊള്ളട്ടെ'. (അപ്പോ.പ്രവ.2:32-36)

### ഹൃദയപൂർവ്വം തേടുന്നവർക്കായി തുറക്കപ്പെടുന്ന വാതിലുകൾ

പ്രാണൻ പോയ ശരീരത്തെത്തേടുവാൻ പുലരിയിൽ കല്ലറയണഞ്ഞവരുടെ ഭയവും വിഷാദവും ആശങ്കയും പാടെ ഇല്ലാതെയാക്കിക്കൊണ്ട് അവരെ ആശ്ചര്യപ്പെടുത്തിക്കൊണ്ടാണ് പുനരുത്ഥാനപ്പുലരി യിൽ മനുഷ്യചിന്തകൾക്ക് അപ്രാപ്യമായ സംഭവങ്ങൾ അരങ്ങേറുന്നത്. അതിൽ പ്രധാനമാണ് കല്ലറയുടെ വാതിലിൽ നിന്നും ഉരുട്ടിമാറ്റപ്പെട്ട തടങ്കൽ പാറ. 'ആഴ്ചവട്ടത്തിന്റെ ഒന്നാം നാൾ അതികാലത്ത് സൂര്യൻ ഉദിച്ചപ്പോൾ അവർ കല്ലറയ്ക്കൽ ചെന്നു., കല്ലറയുടെ വാതിൽക്കൽ നിന്നും നമുക്ക് വേണ്ടി ആര് കല്ല് ഉരുട്ടിക്കളയുമെന്ന് തമ്മിൽപ്പറഞ്ഞു.അവർ നോക്കിയാറെ കല്ല് ഉരുട്ടിക്കളഞ്ഞതായി കണ്ടു. അത് ഏറ്റവും വലുതായിരുന്നു'. (വി.ലൂക്കോസ് 16:3,4). ദൈവാന്വേഷികൾക്കു മുന്നിൽ ഈ ലോകത്തിന്റെ തടസ്സങ്ങൾക്കൊന്നും ചിരകാലം നിലനിൽപ്പില്ല എന്ന സത്യമാണ് ഉയിർപ്പു ഞായറാഴ്ച നമുക്ക് പ്രദാനം ചെയ്യുന്നത്. നാം കഠിനങ്ങളെന്ന് വിചാരിക്കുന്ന കല്ലുകളെ ഉരുട്ടി നീക്കുവാൻ മാത്രമല്ല അതിൻമേൽ ഇരിക്കുവാൻകൂടി ഒരു മാലാഖായെ നമുക്കായി അവൻ കരുതിയിട്ടുണ്ട്. (വി.മത്തായി 28:2)അടച്ചിട്ടിരുന്ന വാതിലുകളിലൂടെ അവൻ പ്രവേശിക്കുന്നതിനുമുമ്പ്, ആത്മാക്കളുടെ മണവാളനും വരനുമായ അവനെ നിറകണ്ണുകളോടെ അന്വേഷിച്ചവർക്കാണ് ആ ദർശനസാഫല്യം ഉണ്ടാകുന്നത്. ആരൊക്കെ അവരവരുടെ ജീവിതങ്ങളെക്കാൾ വിലപ്പെട്ടതായി ക്രിസ്തുവിനുവേണ്ടിയുള്ള അന്വേഷണത്തെ താൽപ്പര്യപൂർവ്വം കാണുന്നുവോ അവർക്കാണ് ശിഷ്യഗണങ്ങളെക്കാൾ മുമ്പേ അവൻ ഉടലാർന്നു പ്രത്യക്ഷപ്പെടുന്നത്. ശിഷ്യ ഗണങ്ങളെന്നഭിമാനിക്കുന്നവർ അപ്പോഴും ശീലകളല്ലാതെ വേറെയൊന്നും കാണുന്നില്ല അവരാകട്ടെ തങ്ങളുടെ ഒളിയിടങ്ങളുടെ ചുമരുകളിലേക്ക് വീണ്ടും മടങ്ങുന്നു (വി.യോഹ.20:5,10)

### സങ്കടക്കണ്ണീരുകളുടെ കാരണമാരായുന്ന പുനരുത്ഥാനം

മനുഷ്യരുടെ വേദനകളുടെ കാരണങ്ങൾ സാവകാശം ആരായുവാൻ സമയം കണ്ടെത്തുന്നവർ വല്ലാതെ ചുരുങ്ങിപ്പോകുന്ന ഒരു കാലമാണിത്. അരികത്തിരിക്കുവാനും തെല്ലൊന്ന് ആശ്വാസം പകരുവാനും സാധ്യമാകാത്ത വിധത്തിൽ തിരക്കുകളിലമർന്നുപോയൊരു കാലം. ഇവിടെയാണ് ഉത്ഥിതനായ ക്രിസ്തുവിന്റെ സൗമ്യാർദ്രമായ ചോദ്യത്തിന്റെ പ്രസക്തി. 'സ്ത്രീയേ നീ എന്തിന് കരയുന്നു'. നമ്മെ നിരന്തരം കരയിപ്പിക്കുന്ന എല്ലാ വിഷമവൃത്തങ്ങളുടെയും കാരണമാരായുവാനും ആശ്വസിപ്പിക്കുവാനും ജീവിതത്തിന് വസന്തം പകരുവാനും ഉത്ഥിതനായ തോട്ടക്കാരൻ അരികിലുണ്ട് എന്നത് അനൽപ്പമായ പ്രത്യാശയോടെ ജീവിതത്തെ നോക്കിക്കാണുവാൻ നമ്മെ പ്രേരിപ്പിക്കേണ്ടതാണ്. കരയേണ്ട എന്ന പ്രസ്താവന ഏതെങ്കിലുമൊരു വ്യക്തിക്കുമാത്രമായി ക്രിസ്തു നൽകിയതല്ല. മനുഷ്യ കുലത്തിന് മുഴുവനും വേണ്ടിയുള്ളതാണ്. ജീവിത ഭാരങ്ങളും ക്ലേശങ്ങളും നിമിത്തം കണ്ണുനീരൊഴുക്കുന്നവർക്ക് ചാരത്തിരിപ്പാൻ തക്കവിധത്തിലാണ് മരണത്തെ ജയിച്ച് ക്രിസ്തു പുനരുത്ഥിതനായത്.

### ലോകത്തിന്റെ അതിരുകളോളം പ്രഘോഷിക്കപ്പെടേണ്ടതായ പുനരുത്ഥാനം

യേശുക്രിസ്തുവിന്റെ ഉയിർപ്പിന്റെ സാക്ഷികളും പ്രഘോഷകരുമായാണ് ശിഷ്യ ഗണങ്ങൾ ലോകത്തിലുടനീളം സഞ്ചരിച്ചത്. ഉയിർപ്പിന്റെ അടയാളങ്ങളായി ജീവിക്കുക എന്ന സന്ദേശമാണ് അവർ ലോകത്തോടറിയിച്ചത്. ഉയിർപ്പിന്റെ അടയാളമാണ് ജീർണ്ണത നിറഞ്ഞ ഇടങ്ങളിൽ നിന്നുമുള്ള വേർപാട്. ജീവിതത്തെ സാരമായി ബാധിക്കുന്ന എല്ലാ വികലതകളെയും ഉപേക്ഷിച്ചു കൊണ്ടുള്ള ആഘോഷമാകട്ടെ നമ്മുടെ കർത്താവിന്റെ രക്ഷാകരമായ പുനരുത്ഥാനപ്പെരുന്നാൾ. അക്ഷയമായ ആ സന്തോഷത്തിന്റെ വാഹകരാകുവാനു ള്ള വിളിയും നിയോഗവും അനുദിനം നമ്മെ ഈ ലോകത്തിൽ തേജസ്വികളാക്കട്ടെ.



# പ. എപ്പിസ്കോപ്പൽ സുന്നഹദോസ് തീരുമാനങ്ങൾ



**കോട്ടയം:** പരിശുദ്ധ എപ്പിസ്കോപ്പൽ സുന്നഹദോസ് യോഗം സമാപിച്ചു. 2023 ഫെബ്രുവരി 19 മുതൺ 23 വരെ ദേവലോകം കാതോലിക്കേറ്റ് അരമനയിൽ ചേർന്ന സുന്നഹദോസിൽ സഭയിലെ എല്ലാ മെത്രാപ്പോലീത്താമാരും പങ്കെടുത്തു. പ. ബസേലിയോസ് മാർത്തോമ്മാ മാത്യൂസ് തൃതീയൻ കാതോലിക്കാ ബാവാ അദ്ധ്യക്ഷത വഹിച്ചു.

ഓസ്ട്രേലിയ കേന്ദ്രമായും കാനഡ കേന്ദ്രമായും ഓരോ പുതിയ ഭദ്രാസനങ്ങൾ രൂപീകരിക്കുവാനുള്ള മാനേജിംഗ് കമ്മറ്റിയുടെ ശുപാർശ സുന്നഹദോസ് അംഗീകരിച്ചു.സ്ത്രീകൾക്ക് സഭാ ഭരണത്തിൽ പ്രാതിനിധ്യം വർദ്ധിപ്പിക്കുവാൻ തീരുമാനിച്ചു. അതിന് ആവശ്യ മായ ഭരണഘടനാഭേദഗതികൾ നിർദ്ദേശിക്കുവാൻ തീരുമാനിച്ചു.യുവജനങ്ങളുടെയും കുട്ടികളുടെയും സഭാ ജീവിതത്തിലെ പങ്കാളിത്തം വർദ്ധിപ്പിക്കുന്നതിനുള്ള പദ്ധതികൾ ആവിഷ്കരിക്കുവാൻ തീരുമാനിച്ചു.

40 വയസിനും 60 വയസിനും ഇടയിലുള്ള സ്ത്രീ പുരുഷന്മാർക്ക് പ്രവർത്തിക്കുവാൻ സെന്റ് ഡയനീഷ്യസ് ഫോറം എന്നപേരിൽ ഒരു പുതിയ ആത്മീയ സംഘടനയും 60 വയസിൽ കൂടുതലുള്ളവർക്കു വേണ്ടി St. Joseph Elders Forum എന്നൊരു പുതിയ സംഘടനയും ആരംഭിക്കുവാൻ തീരുമാനിച്ചു.ആദിമസഭാ പിതാക്കന്മാരുടെ പഠിപ്പിക്കലുകൾ ഉൾപ്പെടുന്ന ഗ്രന്ഥങ്ങൾ മലയാളത്തിൽ പ്രസിദ്ധീകരിക്കുക. പരുമല ആശുപത്രിയോട് ചേർന്ന് സുസജ്ജമായ ഒരു മാനസിക ആരോഗ്യകേന്ദ്രവും, ഒരു ന്യൂറോ റീഹാബിലിറ്റേഷൻ സെന്ററും ഉണ്ടാകണമെന്നും സാറ്റലൈറ്റ് ഹെൽത്ത് കെയർ സെന്ററുകൾ ആംഭിക്കുവാനുള്ള സാധ്യതകൾ പഠിപ്പിക്കുവാൻ തീരുമാനിച്ചു.റഷ്യൻ സഭയുമായുള്ള നല്ല ബന്ധങ്ങൾ നില നിർത്തുന്നതിന്റെ ഭാഗമായി റഷ്യയിൽ നിന്ന് ഒരു മെഡിക്കൽ ടീമും മോസ്കോ കത്തീഡ്രൽ കെയർ ടീമും മലങ്കര സഭ സന്ദർശിക്കുന്നതാണ്. സഭയിൽ സ്ഥിരം ശമ്മാശന്മാരെ നിയമിക്കുക എന്ന കാര്യം തത്വത്തിൽ

# സഭയ്ക്ക് 1041 കോടി രൂപയുടെ ബഡ്ജറ്റ്

**കോട്ടയം:** മലങ്കര ഓർത്തഡോക്സ് സുറിയാനി സഭയുടെ 2024- 25 വർഷത്തെ ബഡ്ജറ്റ് 21-02-2024 ൽ പഴയ സെമിനാരിയിൽ നടന്ന മാനേജിംഗ് കമ്മിറ്റി അംഗീകരിച്ചു. അസോസിയേഷൻ സെക്രട്ടറി അഡ്വ. ബിജു ഉമ്മൻ അവതരിപ്പിച്ച ബഡ്ജറ്റിനാണ് അംഗീകാരം നൽകിയത്.സാധുജനക്ഷേമ -പുരോഗമനോത്മുകമായ പ്രവർത്തനങ്ങൾക്ക് ഊന്നൽ നൽകിക്കൊണ്ടുള്ള1041 കോടി രൂപയുടെ ബഡ്ജറ്റ് ആണ് പാസ്സാക്കിയത്. മനുഷ്യനിർമ്മിത മഹാ ദുരന്തമായ ആഗോളതാപനം, കാലാവസ്ഥ വ്യതിയാനം എന്നീ പ്രതിസന്ധികൾക്ക് പ്രകൃതിദത്ത ഊർജ്ജ സ്രോതസ്സുകൾ പ്രോത്സാഹിപ്പിക്കുന്നതിന് നടപടിയായി സഭാ വക സ്ഥാപനങ്ങളിൽ സൗരോർജ പ്ലാന്റുകൾ സ്ഥാപിക്കുന്നതിന് ഗ്രാൻറ് അനുവദിച്ചു. തരിശുഭൂമി ഇടങ്ങളിൽ സ്വദേശി വൃക്ഷങ്ങൾ വച്ചുപിടിപ്പിക്കുവാൻ ധനസഹായം വകയിരുത്തി. ഭവന നിർമ്മാണം, വിവാഹസഹായം തുടങ്ങി വിവിധ പദ്ധതികൾക്കായി തുക വകയിരുത്തി നിർധന വിധവമാരുടെ പെൺമക്കളുടെ വിവാഹത്തിന് ധനസഹായം. സഭാംഗങ്ങളായ ഓട്ടോ റിക്ഷ ടാക്സി തൊഴിലാളികളുടെ പെൺമക്കളുടെ ഉപരിപഠനത്തിന് സ്കോളർഷിപ്പ്, നെൽ, ക്ഷീര കർഷകർക്ക് കൈത്താങ്ങൽ, ഡയാലിസിസ്, ലിവർ ട്രാൻസ്പ്ലാന്റേഷൻ ധനസഹായം, വാർദ്ധക്യകാല പെൻഷൻ, തിരുവനന്തപുരത്ത് പബ്ലിക് റിലേഷൻ സെൻറർ, ദേവലോകം അരമനയിൽ പുതിയ ബ്ലോക്ക് നിർമ്മാണം, കോട്ടയത്ത് കൺവെൻഷൻ സെൻറർ, ആയുർവേദ കോളേജ്, പഴയ സെമിനാരി നവീകരണം, തുടങ്ങിയവയാണ് നൂതന പദ്ധതികൾ. മാർത്തോമാ ശ്ലീഹാ വന്നിറങ്ങിയ മുസിരിസിൽ മർത്തോമൻ സ്മൃതി മണ്ഡപവും നിർമ്മിക്കും.വയനാട്ടിൽ വന്യമൃഗങ്ങളുടെ ആക്രമണത്തിനെതിരെ പ്രതിഷേധിക്കുന്ന ആളുകൾക്കെതിരെ നിയമനടപടികൾ സ്വീകരിക്കുന്നതിനെതിരെ മാനേജിംഗ് കമ്മിറ്റി പ്രതിഷേധം രേഖപ്പെടുത്തി. ഇന്ത്യൻ അഭിഭാഷകരംഗത്ത് അഗ്രഗണ്യൻ ആയിരുന്ന ഫാലി എസ്. നരിമാന്റെ വിയോഗത്തിൽ യോഗം അനുശോചനം രേഖപ്പെടുത്തി. സഭയ്ക്ക് അദ്ദേഹം നൽകിയ നിസ്തുലമായ സംഭാവനകളെ പരിശുദ്ധ കാതോ ലിക്ക ബാവ അനുസ്മരിച്ചു. കോലഞ്ചേരി മെഡിക്കൽ മിഷൻ ആശുപത്രിയുടെ ആരംഭത്തിന് ആക്ഷീണം പ്രവർത്തിച്ച കണ്ടത്തിൽ ഡോ. കെ. സി. മാമൻ, തോമസ് തേക്കിൽ കോർ എപ്പിസ്കോപ്പാ,

## 2024 ഫെബ്രുവരി 19 – 23



അംഗീകരിച്ചു. വിഷയത്തിന്റെ വിശദാം ശങ്ങൾ പ്രായോഗിക തലത്തിൽ പഠിക്കുവാൻ തീരുമാനിച്ചു. ആരാധനയിൽ യുവജനങ്ങളുടെ പങ്കാളിത്തം വർദ്ധിപ്പിക്കുവാൻ ഞായറാഴ്ച ആരാധനയോടൊപ്പം മറ്റ് ദിവസങ്ങളിലും ഉചിതമായ സമയത്ത് ആരാധന അതതു പ്രദേശത്തെ പ്രത്യേകതകൾക്കനുസരിച്ച് ക്രമീകരിക്കുവാൻ അനുമതി നൽകുന്നു.

വൈദിക സ്ഥാനികൾ രാഷ്ട്രീയ പാർട്ടികളുടെ പ്രചാരകരാകുന്നതും, പാർട്ടികളിൽ അംഗങ്ങളായി പ്രവർത്തിക്കുന്നതിനും എതിരായി പരിശുദ്ധ കാതോലിക്കാ ബാവാ പുറപ്പെടുവിച്ച കൽപനയ്ക്ക് സുന്നഹദോസ് പിന്തുണ പ്രഖ്യാപിച്ചു. ഇക്കാര്യത്തിൽ ഭദ്രാസന മെത്രാ പ്പോലീത്താമാർ കൂടുതൽ ശ്രദ്ധിക്കുവാൻ നി ശ്ചയിച്ചു. ○

ഡോ. പി. എസ്. ശമുവേൽ കോർ എപ്പിസ്കോപ്പാ, ഫാ. തോമസ് കോക്കാപറമ്പിൽ, ഫാ. എം എം എബ്രഹാം എന്നിവരുടെ വിയോഗത്തിൽ അനുശോചനം രേഖപ്പെടുത്തി. w c c അംഗമായി തിരഞ്ഞെടുത്ത ഫാ. ഡോ. റെജി മാത്യുസ്, കെ.സി.സി. ഭാരവാഹികളായി തിരഞ്ഞെടുക്കപ്പെട്ട അഭി. അലക്സിയോസ് മാർ യൗസേബിയോസ് മെത്രാപ്പോലീത്ത, ജോസഫ് സാമുവൽ കറുകയിൽ കോർ എപ്പിസ്കോപ്പ, ജോജി പി. തോമസ്, അഡ്വ. പ്രസിൻ ജോർജ് കുറിയാക്കോസ്, ഫാ. അജി കെ തോമസ്, ഫാ. ജിജോ കെ ജോയ്, വർഷ മെറിൻ വർഗീസ്, എന്നിവരെ അനുമോദിച്ചു. അഭി. ഡോ. എബ്രഹാം മാർ സെറാഫിം തിരുമേനി ധ്യാനം നയിച്ചു.

സഭയിലെ എല്ലാ മെത്രാപ്പോലീത്തന്മാരും മാനേജിംഗ് കമ്മിറ്റി യോഗത്തിൽ പങ്കെടുത്തു. വൈദിക ട്രസ്റ്റി ഫാ. ഡോ. തോമസ് വർഗ്ഗീസ് അമയിൽ അല്മായ ട്രസ്റ്റി റോണി വർഗീസ് എന്നിവർ പ്രസംഗിച്ചു.

### മലങ്കര ഓർത്തഡോക്സ് സുറിയാനി സഭയുടെ 2024–25–ലെ ബജറ്റിൽ വിഭാവനം ചെയ്തിരിക്കുന്ന

## വിവിധ ജീവകാരുണ്യ പദ്ധതികൾ

21-02-2024-ന് കൂടിയ സഭാ മാനേജിംഗ് കമ്മറ്റി പാസ്സാക്കിയ 2024-25 -ലെ ബജറ്റിൽ വിഭാവനം ചെയ്തിരിക്കുന്ന പ്രധാനപ്പെട്ട ജീവകാരുണ്യ പദ്ധതികൾ ചുവടെ ചേർക്കുന്നു.

1. **ഭവനനിർമ്മാണ സഹായം**
2. **വിവാഹ സഹായം (പെൺമക്കളുടെ)**
3. **വിവിധ ചികിത്സാ സഹായ പദ്ധതികൾ**
4. **കരൾ–വൃക്ക രോഗികൾക്കുള്ള സഹായമായ സഹായഹസ്തം പദ്ധതി**
5. **സീനിയേഴ്സായ മുഖ്യ ശുശ്രൂഷകരുടെ പെൺമക്കളുടെ വിവാഹത്തിനും, ഭവന നിർമ്മാണത്തിനും, ചികിത്സാ സഹായത്തിനുമുള്ള സഹായം.**
6. **15 വർഷത്തിലധികം സേവനം ചെയ്തിട്ടുള്ള പള്ളിമൂപ്പന്മാർക്ക് അവരുടെ പെൺമക്കളുടെ വിവാഹം, ഭവനനിർമ്മാണം, ചികിത്സ മുതലായവയ് ക്കുള്ള സഹായം**
7. **സാമ്പത്തികമായി പിന്നോക്കം നിൽക്കുന്ന വിധവകളുടെ പെൺമക്കളുടെ വിവാഹത്തിനുള്ള സഹായം**
8. **സാമ്പത്തികമായി പിന്നോക്കംനിൽക്കുന്ന സഭാംഗങ്ങളായ ഓട്ടോറിക്ഷാ/ ടാക്സി ഡ്രൈവർമാരുടെ പെൺമക്കളുടെ ഉപരിപഠനത്തിന് സഹായം.**
9. **ആതുര ശുശ്രൂഷാരംഗത്തേയ്ക്ക് പ്രവേശിക്കാൻ പരിശീലനം നേടുന്നവരും ITI, ITC എന്നീ മേഖലകളിൽ പഠനം നടത്തുന്നവരുമായ അർഹരായ മലങ്കരസഭാംഗങ്ങൾക്ക് യൂണിഫോം അലവൻസ്.**
10. **അഭ്യസ്ഥവിദ്യരും അർഹരുമായ സഭാംഗങ്ങളായ യുവാക്കൾക്ക് സ്റ്റാർട്ടപ് പ്രോജക്റ്റുകൾക്ക് സഹായം**
11. **തരിശുഭൂമികളിൽ കൃഷി ഇറക്കുന്നതിന് ഇടവകപള്ളികൾക്ക് സഹായം.**

ഭവനസഹായം, വിവാഹ സഹായം എന്നിവയ്ക്ക് പ്രത്യേക അപേക്ഷാഫോമുകൾ ഉണ്ട്, ഇത് കാതോലിക്കേറ്റ് ഓഫീസിൽനിന്നും, സഭയുടെ വെബ് സൈറ്റിൽ (mosc.in) നിന്നും ലഭിക്കുന്നതാണ്. അപേക്ഷയുടെ കൂട്ടത്തിൽ ബാങ്ക് പാസ് ബുക്കിന്റെ കോപ്പിയും സമർപ്പിക്കേണ്ടതാണ്.

മേൽപറഞ്ഞ മറ്റ് സഹായങ്ങൾക്ക് അതത് അപേക്ഷകരുടെ സ്വയം സാക്ഷ്യപ്പെടുത്തിയ കത്തും ഇടവക വികാരിയുടെ സാക്ഷ്യപത്രവും ചികിത്സ/വിദ്യാഭ്യാസം തെളിയിക്കുന്ന സർട്ടിഫിക്കറ്റിന്റെ കോപ്പി, ബാങ്ക് പാസ് ബുക്കിന്റെ കോപ്പി എന്നിവ സമർപ്പിക്കേണ്ടതാണ്.



# വചനദീപ്തി

ഫാ. ഡോ. തോമസ് പി. സഖറിയ

**2024 മാർച്ച് 10**
**കൂനിയുടെ ഞായർ (ക്ഫിഫ്തോ ഞായർ)**
**വി.ലൂക്കോസ് 13:1017**

പരിശുദ്ധ വലിയ നോമ്പു ദിനങ്ങളിലൂടെ നാം പ്രയാണം ചെയ്യുകയാണല്ലോ. കുഷ്ഠരോഗിക്കും, തളർവാതക്കാരിക്കും, ക്നാനായക്കാരിക്കും കർത്താവ് സൗഖ്യം നൽകുന്ന സംഭവങ്ങൾ നാം അനുസ്മരിച്ചു. കർത്താവ് കൂനിയെ സൗഖ്യമാക്കുന്ന സംഭവം അനുസ്മരിക്കുന്ന ഞായറാഴ്ചയിൽ എത്തിയിരിക്കുന്നു. നോമ്പിലെ രണ്ടു മുതലുള്ള ഞായറാഴ്ചകൾ 36-ാം ഞായറാഴ്ച വരെയുള്ള വേദവായനാ ഭാഗങ്ങൾ - ക്രിസ്തുവിന്റെ സൗഖ്യദാനത്തിന്റെ അനുസ്മരണങ്ങളാണ്. ദൈവരാജ്യം ഭൂമിയിൽ വന്നിരിക്കുന്നു എന്നതിന്റെ അടയാളമായാണ് രോഗികളെ സൗഖ്യമാക്കുന്നതിനെക്കുറിച്ച് കർത്താവു തന്നെ പറയുന്നത്.

**1. കർത്താവിന്റെ സൗഖ്യദാനം ഭൂമിയിൽ ദൈവരാജ്യത്തിന്റെ മഹിമയും ശക്തിയും നമ്മെ ബോധ്യപ്പെടുത്തുന്നു.**

'വരുവാനുള്ളവൻ നീ തന്നെയോ' എന്ന യോഹന്നാൻ സ്നാപകന്റെ ചോദ്യത്തിന് കർത്താവ് തന്റെ സൗഖ്യദാനത്തെക്കുറിച്ചും, ദരിദ്രരോട് സുവിശേഷം അറിയിക്കുന്നതിനെക്കുറിച്ചും അവനെ അറിയിക്കുവാൻ യോഹന്നാന്റെ ശിഷ്യരോട് കല്പിക്കുന്നു (യോഹ. 7:22). ദൈവരാജ്യത്തിന്റെ മഹത്വമാണ് ഇവിടെ പ്രഘോഷിക്കപ്പെടുന്നത്. ലൂക്കോസ് 13:10-17 വാക്യങ്ങളാണ് വി.കുർബാനയിലെ ഏവൻഗേലിയോൻ. സന്ധ്യയുടെ വായനയിൽ നല്ല ശമര്യക്കാരന്റെ കഥയും ദൈവത്തെ പൂർണ്ണ ഹൃദയത്തോടും, പൂർണ്ണമനസ്സോടും പൂർണ്ണ ആത്മാവോടും പൂർണ്ണ ശക്തിയോടും കൂടെ സ്നേഹിക്കേണ്ടതിനെക്കുറിച്ചും, കൂട്ടുകാരനെ തന്നെപ്പോലെ തന്നെ സ്നേഹിക്കേണ്ടതിനെക്കുറിച്ചും കർത്താവ് തന്നെ പരീക്ഷിക്കുവാൻ വന്നവനെ പഠിപ്പിക്കുന്ന സംഭവം രേഖപ്പെടുത്തിയിരിക്കുന്നു. പ്രഭാതത്തിലെ വായനയിൽ കർത്താവ് നയീനിലെ വിധവയുടെ മകനെ ഉയർപ്പിക്കുന്ന സംഭവമാണുള്ളത് (ലൂക്കോസ് 7:11-17) ഇവയെല്ലാം ദൈവരാജ്യം ഭൂമിയിൽ വന്നു എന്ന സത്യം യേശു തമ്പുരാൻ പ്രഘോഷിക്കുന്ന സന്ദർഭങ്ങൾ തന്നെയാണ്.

**2. പഴയതിന്റെ പൂർത്തീകരണമായവൻ സംഘാലയത്തിൽ.**

യേശു സകലരോടും അധികാരത്തോടെ ഉപദേശിച്ചവനും പഠിപ്പിച്ചവനുമായിരുന്നു (teacher). വി. ലൂക്കോസ് തന്റെ സുവിശേഷത്തിൽ ഈ വസ്തുത ആവർത്തിച്ച് പറയുന്നുണ്ട്. കർത്താവ് പഠിപ്പിച്ചതിനെക്കുറിച്ച് 14 പ്രാവശ്യവും, യേശുവിനെ ഒരു ഗുരു (teacher) എന്ന് 13 പ്രാവശ്യവും പ്രതിപാദിച്ചിരിക്കുന്നു. സംഘാലയം (സുനഗോഗ്) യഹൂദരുടെ ആരാധനയ്ക്കും ന്യായ പ്രമാണത്തിൽ നിന്നുള്ള ഉപദേശങ്ങൾ കേൾക്കുന്നതിനുമായി അവർ കൂടി വന്നിരുന്ന സ്ഥലമായിരുന്നു. ന്യായപ്രമാണം മുൻകുറിയും കർത്താവിന്റെ മനുഷ്യാവതാരം അതിന്റെ പൂർത്തീകരണവുമായിരുന്നു എന്നതുകൊണ്ട് സംഘാലയത്തിലെ യേശുവിന്റെ സാന്നിദ്ധ്യം ദൈവരാജ്യാനുഭവത്തിലേക്ക് യഹോവയുടെ ജനമായ യിസ്രയേലിനെ ആനയിക്കുവാൻ വേണ്ടിയും ദൈവരാജ്യം തങ്ങളുടെ മദ്ധ്യേ ഉണ്ട് എന്ന് അവരെ ബോധ്യപ്പെടുത്തുവാൻ വേണ്ടിയും ആയിരുന്നു.

**3. കൂനിയെങ്കിലും ആരാധനയിൽ നിന്നകലാതിരുന്ന 'അബ്രഹാമിന്റെ മകൾ'**

കൂനിയുടെ രോഗാവസ്ഥയെക്കുറിച്ച് വിവരിച്ചിരിക്കുന്നത്, '18 വർഷമായി സാത്താനാൽ ബന്ധിക്കപ്പെട്ടവൾ' എന്നാണ്. അവളുടെ ശരീരത്തിന്റെ ബലഹീനാവസ്ഥ മൂലം നിവർന്നുനിൽക്കുവാൻ അവൾക്ക് കഴിയുമായിരുന്നില്ല. എങ്കിലും അവൾ തന്റെ ആരാധനാസ്ഥലത്ത് സന്നിഹിതയായിരുന്നു. സ്വന്ത ശാരീരിക ക്ലേശങ്ങളോ, അപര്യാപ്തതകളോ, പൈശാചിക ബന്ധനമോ അവളുടെ വിശ്വാസത്തെയും ആരാധനയ്ക്കുള്ള അവളുടെ അഭിവാഞ്ഛയെയും കെടുത്തിക്കളഞ്ഞില്ല. അവൾ ഒരു ഭിക്ഷുകിയായല്ല അവിടെയെത്തിയത്, ഒരു വിശ്വാസിനിയായി തന്നെയായിട്ടാണ്.

അത് തിരിച്ചറിഞ്ഞാണ് കർത്താവ് സക്കായിയെ വിശേഷിപ്പിച്ചതുപോലെ 'അബ്രഹാമിന്റെ മകൾ' എന്ന് അവളെ വിശേഷിപ്പിക്കുന്നത്. അംബരചുംബികളും വാസ്തു വിദ്യയുടെ സൗന്ദര്യം വിളംബരം ചെയ്യുന്നവയുമായ എത്രയോ ദൈവാലയങ്ങൾ അനാഥമായി കിടക്കുന്ന കാഴ്ച ലോകത്തിന്റെ പലഭാഗത്തും, വിശേഷിച്ച് യൂറോപ്പിൽ, കാണാം. ആരാധനയ്ക്കായി ദൈവാലയത്തിൽ എത്തുന്ന യുവജനങ്ങളുടെ സംഖ്യയിൽ വലിയ കുറവുണ്ടാകുന്നതും നമ്മൾ കാണുന്നുണ്ടല്ലോ. 18 വർഷമായുള്ള അനാരോഗ്യമോ, യാത്രാക്ലേശമോ, വൈകല്യങ്ങളോ - യാതൊന്നും കൂനിയായ ആ സ്ത്രീയെ സംഘാലയത്തിലെ തന്റെ സാന്നിദ്ധ്യത്തിൽ നിന്നകറ്റിയില്ല എന്നത് മാറുന്ന നമ്മുടെ ജീവിത സാഹചര്യങ്ങളിലും മാറാതെ കാത്തു സൂക്ഷിക്കേണ്ട ആരാധനാജീവിത ശൈലിയിൽ നമ്മെ നിലനിർത്തട്ടെ.

**4. തേടിയെത്തി സൗഖ്യമേകുന്ന ദിവ്യസ്നേഹം.**

ഇവിടെ, യേശുവിങ്കലേക്ക് നോക്കുവാനോ, അവന്റെ സാന്നിദ്ധ്യത്തിന്റെ മഹത്വം സ്വന്തകണ്ണുകൾ കൊണ്ട് കാണുവാനോ കഴിയാതിരുന്ന ഒരു വിശ്വാസിനിയാണുള്ളത്. അവൾക്ക് മുഖമുയർത്തി യേശുവിനെ കാണുവാൻ കഴികയില്ല. അവളുടെ അവസ്ഥയെക്കുറിച്ച് ശിഷ്യന്മാരിലൊരുവൻ പോലും യേശുവിനോട് പറഞ്ഞുകൊടുത്തുമില്ല. എങ്കിലും കർത്താവ് അവളെ അടുക്കൽ വിളിക്കുന്നു. പൈശാചിക ബന്ധനം മൂലം രോഗത്താൽ ബന്ധിക്കപ്പെട്ടവൾക്കു നേരേ കൈ നീട്ടി, അവളുടെ രോഗ ബന്ധനം അഴിഞ്ഞിരിക്കുന്നു എന്നു പറഞ്ഞു കൊണ്ട് അവളുടെ മേൽ കൈവച്ചു. ക്ഷണത്തിൽ രോഗം അവളിൽ നിന്ന് വിട്ടുമാറി.

'ശാബത് മനുഷ്യനു 'വേണ്ടിയാണ്' എന്നരുളിയ കർത്താവ് ശാബതു ദിനത്തിൽ നൽകിയ സൗഖ്യം ബദ്ധന്മാരെ തടവിൽ നിന്ന് വിട്ടയയ്ക്കുവാനുള്ള തന്റെ നിയോഗത്തിന്റെ ഭാഗമായിരുന്നു (ലൂക്കോ. 4:18) ശാബത് ആശ്വാസത്തിന്റെയും, സ്വാതന്ത്ര്യത്തിന്റെയും സൗഖ്യത്തിന്റെയും വിശ്രമത്തിന്റെയും അനുഭവം കൂടെയാണല്ലോ.

സൗഖ്യം നൽകുന്ന കരുണാമയനും ദയാലുവുമായ കർത്താവ് നമുക്കൊപ്പവുമുണ്ട്. ദൈവസാന്നിദ്ധ്യത്തിന്റെ നിറവിൽ, കർത്താവിന്റെ സൗഖ്യം നൽകുന്ന കൈകളുടെ തണലിൽ നമുക്ക് ജീവിക്കാം. രോഗം തനുവിനു കൂനും ക്ഷീണവുമുണ്ടാക്കും പോൽ കൂനെഴുമാത്മാവിന്നും പരനെ കാണാൻ വിഷമം' എന്ന് കൂനിയുടെ ഞായറാഴ്ച നാം പാടാറുണ്ട്. ആത്മാവിന്റെ കൂന് നമ്മെ ദൈവദർശനത്തിൽ നിന്ന് അകറ്റിക്കളയുന്നതാണ് എന്നതിനാൽ നമ്മുടെ 'നിനവും കൃതിയും' കർത്താവിന് പ്രിയമുള്ളതാവാൻ നമുക്ക് ശ്രമിക്കാം, ദൈവകൃപയാൽ നമ്മുടെ പാപപ്പിശറുകൾ നീക്കിക്കളഞ്ഞ് മോചനം പ്രാപിക്കാം.

**5. ആന്തരീക നയനങ്ങളുടെ ഇരുൾ നിമിത്തം ദൈവരാജ്യത്തിൽ നിന്നകന്നുപോകുന്നവർ**

യഥാർത്ഥമായ ക്രിസ്താനുഭവത്തിലൂടെ ദൈവരാജ്യത്തിന്റെ മഹത്വം ദർശിക്കുവാൻ വിളിക്കപ്പെട്ടവരാണ് നാം. നമ്മുടെ ആന്തരീക നയനങ്ങൾക്ക് പ്രകാശം ലഭിക്കുകയും അതിലൂടെ നിത്യജീവന്റെ പൂർണ്ണതയിലേക്ക് വളരുകയും ചെയ്യേണ്ടവർ. എന്നാൽ സംഘാലയപ്രമാണിയുടെ മനസ്സ് നമുക്കുണ്ടോ? 18 വർഷം രോഗിയായിരുന്നവൾക്ക് ലഭിച്ച സൗഖ്യത്തിന്റെ സന്തോഷത്തെക്കാളുപരി 'കണ്ണില്ലാത്ത നിയമം' പാലിക്കുവാനുള്ള വ്യഗ്രതയാണിവിടെ കാണുന്നത്. ആത്മാവു നഷ്ടമായ നിയമങ്ങൾ കേവലം ആചരണങ്ങൾക്കുള്ള അടിസ്ഥാനങ്ങൾ മാത്രമാവുമ്പോൾ മനുഷ്യത്വം ഇല്ലാതെയാകും, സൃഷ്ടിയിലെ ദൈവപ്രവൃത്തിയുടെ മഹത്വം മറന്നു പോകും, മനുഷ്യസ്നേഹവും മരവിച്ചെന്നു വരും. അതുകൊണ്ടു തന്നെ അന്ധത ബാധിച്ച അകക്കണ്ണാലല്ല, അനുഗ്രഹം പ്രാപിച്ച അന്തരംഗത്തിലൂടെ ദൈവരാജ്യത്തിന്റെ പ്രവൃത്തി ചെയ്യുവാൻ ഇടയാവട്ടെ.

**2024 മാർച്ച് 17**
**വലിയ നോമ്പിലെ ആറാം ഞായറാഴ്ച (കുരുടൻ)**
വി. യോഹന്നാൻ 9:1-41

വലിയ നോമ്പിലെ ആറാം ഞായറാഴ്ച മുപ്പത്താറാം ഞായറാഴ്ച എന്നും അറിയപ്പെടുന്നു. പ. സഭ കാതോലിക്കാ ദിനം ആചരിക്കുന്നത് ഈ ഞായറാഴ്ചയാണ്. യേശു തമ്പുരാൻ പിറവിക്കുരുടനെ സൗഖ്യമാക്കുന്ന സംഭവമാണ് വി.കുർബാനയിലെ ഏവൻഗേല്യോനിൽ അനുസ്മരിക്കുന്നത്. 'തന്റെ കിരണങ്ങളുടെ പ്രകാശത്താൽ കുരുടന്റെ കണ്ണുകളെ പ്രകാശിപ്പിക്കുകയും, ഇരുണ്ടിരുന്ന കൃഷ്ണമണികളെ തന്റെ രശ്മിയാൽ ശോഭിപ്പിക്കുകയും ചെയ്ത ശോഭനീയവും മഹത്തരവും അവർണ്ണനീയവുമായിരിക്കുന്ന സൂര്യനായ കർത്താവ്' എന്നാണ് ഞായറാഴ്ച സന്ധ്യയുടെ പ്രാരംഭ പ്രാർത്ഥനയിൽ ചേർത്തിരിക്കുന്നത്. ദൈവത്തിന്റെ ഏകജാതനായ പുത്രന്റെ മഹത്വം ഇവിടെ വെളിവാകുന്നു - അവൻ പ്രകൃതിയുടെ നിർമാതാകുന്നുവെന്ന് ഇതിലൂടെ തെളിയിക്കുകയായിരുന്നു എന്ന് പിതാക്കന്മാർ പഠിപ്പിക്കുന്നു.

**1. യഹോവയുടെ മഹത്വത്തെക്കുറിച്ചും യഹോവ യിസ്രയേലിനെ അനുഗ്രഹിച്ച് വഴി നടത്തിയതിനെക്കുറിച്ചും ഉള്ള സ്മരണ.**

ഈ ദിവസത്തെ പഴയനിയമഭാഗങ്ങൾ യഹോവയുടെ മഹത്വത്തെക്കുറിച്ചുള്ള ഓർമപ്പെടുത്തലും യഹോവ യിസ്രയേലിന്റെ അഭയസങ്കേതമായിരുന്ന് വഴി നടത്തിയതിന്റെ സ്മരണയും ഉൾക്കൊള്ളുന്നു. ആവ.25:13- 26:5 യിസ്രയേലിനെ പരിപാലിക്കുന്ന യഹോവക്ക് വിളവിന്റെ ആദ്യഫലം നൽകണം, 'ദേശാന്തരിയായ അരാമ്യ'നായിരുന്നവനെ ബാഹുല്യവും ശക്തിയുമുള്ള ജനമാക്കിത്തീർത്ത ദൈവത്തെ മഹത്വപ്പെടുത്തണം എന്ന് പഠിപ്പിക്കുന്നു. ന്യായാ. 6:11-24 യഹോവ ഗിദെയോനെ തെരഞ്ഞെടുത്ത് ശക്തിപ്പെടുത്തിക്കൊണ്ട് മിദ്യാന്യർക്കെതിരെ വിജയം നേടുവാൻ അവനെ ബലപ്പെടുത്തുന്നതിനെ വർണ്ണിക്കുന്നു. 1 രാജാ. 3:5-15 യഹോവ ഗിബെയോനിൽ വച്ച് ശലോമോന് പ്രത്യക്ഷനായി ഇഷ്ടവരം ചോദിപ്പാൻ ആവശ്യപ്പെട്ടതിൻപ്രകാരം ദൈവജനത്തെ നയിപ്പാനുള്ള വിവേകം അവൻ അപേക്ഷിച്ചു. അവനിൽ പ്രീതനായ യഹോവ ജ്ഞാനവും വിവേകവുമുള്ള ഹൃദയവും, സമ്പത്തും മഹിമയും അവന് നൽകുന്ന സംഭവത്തെ ചിത്രീകരിക്കുന്നു. യിരെമ്യാ 51:10-19 - തന്റെ ശക്തിയാൽ ഭൂമിയെ ഉണ്ടാക്കിയവനും, തന്റെ ജ്ഞാനത്താൽ ഭൂതലത്തെ ഉറപ്പിച്ചവനും, തന്റെ പരിജ്ഞാനത്താൽ ആകാശത്തെ വിരിച്ചവനും, ആവിയും മഴയും മിന്നലും കാറ്റുകളും തന്റെ ഭണ്ഡാരത്തിൽ നിന്ന് പുറപ്പെടുവിച്ചവനുമായ യഹോവയെ വർണ്ണിക്കുന്നു. ഇയ്യോബ് 42:1-8 വാക്യങ്ങൾ 38 -ാം അധ്യായം മുതൽ രേഖപ്പെടുത്തിയിരിക്കുന്നതും യഹോവ ഇയ്യോബിനോട് ചോദിച്ചതുമായ ചോദ്യങ്ങളോടുള്ള അവന്റെ പ്രതികരണമാണ് - പ്രപഞ്ചത്തിന്റെയും അതിലെ ചരാചരങ്ങളുടെയും സൃഷ്ടിയിൽ യഹോവയുടെ വിസ്മയകരമായ പങ്കിനെക്കുറിച്ചാണ് അവിടെ പ്രതിപാദിച്ചിരിക്കുന്നത്. സകലത്തിന്റെയും നിർമ്മാതാവും പരിപാലകനും, ജീവജാലങ്ങളെയെല്ലാം യഥാസ്ഥാനങ്ങളിൽ ക്രമീകരിക്കുന്നവനുമാണ് ദൈവം. സൃഷ്ടികർത്താവായ ദൈവത്തോടു സത്യസന്ധമായി ചേർന്നിരിക്കുവാനും, സ്വന്ത വിവേകത്തിനപ്പുറം ദൈവത്തിൽ ആശ്രയിക്കുവാനും യെഹ. 13: 1-16 വാക്യങ്ങളിൽ പറഞ്ഞുതരുന്നു. പിറവിക്കുരുടന് സൗഖ്യം നൽകിയ കർത്താവ് പിതാവാം ദൈവത്തിന്റെ ഏകജാതനും, ദൈവവുമാണ്. അപ്രകാരമുള്ള മഹത്വമാണ് കൃഷ്ണമണിയില്ലാതിരുന്ന മനുഷ്യനെ കാഴ്ചയുടെ ലോകത്തേക്ക് കരം പിടിച്ചു നടത്തുന്നത്.

**2. കാഴ്ച നൽകിയവൻ ദൈവപ്രവൃത്തിയെ വെളി വാക്കുന്നു**

ക്രിസ്തു ചെയ്തതായി വി. യോഹന്നാൻ വരച്ചു കാട്ടിയിട്ടുള്ള അടയാളങ്ങൾ (signs) ഓരോന്നും കർത്താവിന്റെ ദിവ്യത്വവും ദൈവരാജ്യത്തിന്റെ പ്രവൃത്തിയെയും വെളി

വാക്കുന്നു. വെളിച്ചമോ, പ്രകൃതിയുടെ സൗന്ദര്യമോ, ബന്ധുജനങ്ങളുടെ മുഖങ്ങളോ - ഒന്നും തിരിച്ചറിവാൻ കുരുടന് തന്റെ ജനനം മുതൽക്കേ സാധ്യമായിട്ടില്ല, എന്നാൽ ക്രിസ്തു ഒരു ശാബതു ദിവസം കുരുടന്റെ ജീവിതത്തിൽ പുതിയൊരേട് രചിക്കുന്നു: പാർശ്വവൽക്കരിക്കപ്പെട്ടവനോടു താദാത്മ്യപ്പെട്ട് കാഴ്ചയുടെ മഹത്വത്തിലേക്ക് കർത്താവ് അവനെ നയിക്കുന്നു. സൃഷ്ടിക്കുടയോനായവൻ തന്നെയാണ്, മനുഷ്യാവതാരം ചെയ്ത ദൈവം തന്നെ എന്ന് യേശു തമ്പുരാൻ സ്വയം വെളിപ്പെടുത്തുകയാണിവിടെ. യിസ്രയേലിന്റെ വീണ്ടെടുപ്പുകാരനായ യഹോവയുടെ പ്രവൃത്തി പുതിയ യിസ്രയേലിലും തുടരുന്നു എന്നതിന്റെ വിളംബരമാണിവിടെ. നിലത്തിലെ മണ്ണുകൊണ്ട് ദൈവം മനുഷ്യനെ മനഞ്ഞ് അവന്റ മൂക്കിൽ ജീവശ്വാസം ഊതി അവനെ ജീവനുള്ളവനാക്കിയെങ്കിൽ ഇവിടെ യേശു തമ്പുരാൻ നിലത്തിലെ പൊടിയിൽ തുപ്പൽ കുഴച്ച് ചേറുണ്ടാക്കി അവന്റെ കണ്ണിൽ പുരട്ടി, ശീലോഹാം കുളത്തിൽ കഴുകുവാൻ കല്പിച്ചു. കഴുകിയവൻ സൗഖ്യം പ്രാപിച്ചു. ദൈവമഹത്വം ദർശിക്കുവാൻ തെരഞ്ഞെടുക്കപ്പെട്ടവർ ദൈവം വസിക്കുന്ന ആലയങ്ങളാണ്: മഹത്വത്തിന്റെ ആത്മാവായ ദൈവാത്മാവ് നിങ്ങളുടെ മേൽ ആവസിക്കുന്നവല്ലോ (1 പത്രൊ. 4:14) ദൈവാത്മാവ് നമ്മുടെ മേൽ ആവസിച്ചിരിക്കുന്നതിനാൽ നാം ക്രിസ്തുവിനോടു ചേർന്നിരിക്കുന്നവരും അവന്റെ കഷ്ടങ്ങൾക്ക് പങ്കാളികളാകും തോറും സന്തോഷിക്കുന്നവരും ആകുവാനാണ് പ.പത്രോസ് ശ്ലീഹാ പഠിപ്പിക്കുന്നത്. 'അങ്ങനെ നാം അവന്റെ തേജസിന്റെ പ്രത്യക്ഷതയിൽ ഉല്ലസിച്ചാനന്ദിക്കും' (1പത്രോ.4:13) എന്നതിനാൽ കർത്താവിന്റെ വെളിച്ചം നമ്മുടെ ആന്തരീകവും ബാഹ്യവുമായ നയനങ്ങൾക്ക് പ്രകാശം നൽകട്ടെ.

### 3. പിറവിക്കുരുടൻ - ശിഷ്യത്വത്തിന്റെ മികച്ച മാതൃക

യേശുവിനെ കണ്ടു് അവനെ അനുഗമിച്ചവരും, അവന്റെ വിളി കേട്ട് അനുഗമിച്ചവരുമായ ശിഷ്യന്മാർ അനേകരുണ്ട്. അവരെല്ലാം യേശുവിനെ തങ്ങളുടെ ബാഹ്യനയനങ്ങൾ കൊണ്ട് കണ്ടവരാണ്. എന്നാൽ ഇവിടെ ഒരു കുരുടൻ, ശബ്ദം കൊണ്ടു മാത്രം യേശുവിനെ തിരിച്ചറിഞ്ഞവൻ, അനുസരണത്തിന്റെയും വിധേയത്വത്തിന്റെയും, കർത്താവിനെ സാക്ഷീകരിക്കുന്നതിന്റെയും തികഞ്ഞ മാതൃകയാണ് ' കാട്ടുന്നത്. യേശുവിന്റെ വിളി കേട്ട് അടുത്തു ചെന്നവൻ യേശുവിന്റെ ഇഷ്ടത്തിന് സ്വയം വിധേയപ്പെടുത്തുന്നു; കൂടാതെ അവന്റെ വാക്കുകൾ പൂർണമായി അനുസരിക്കുന്നു. അതിലൂടെ ശീലോഹാം കുളത്തിന്റെ കരയിൽ വച്ച് അവൻ കാഴ്ച പ്രാപിക്കുന്നു. യേശുവിനെ എന്നും കുറ്റപ്പെടുത്തിയിരുന്നവരുടെ പ്രതിനിധികൾ അവനോടു ചോദിക്കുമ്പോഴൊക്കെയും 'യേശുവെന്ന് പേരുള്ള ഒരുവൻ തനിക്ക് സൗഖ്യം നൽകി' എന്ന് പരസ്യമായി പറയുവാൻ അവന് ഒട്ടും വിമുഖതയുണ്ടായില്ല. യേശുവിനെ കുറ്റപ്പെടുത്തിയിരുന്നവർ അവൻ പാപിയാണ് എന്ന് യേശുവിനെക്കുറിച്ച് പറഞ്ഞു; അവൻ ദൈവത്തിന്റെ പക്കൽ നിന്നുള്ളവനല്ല എന്ന് ആക്ഷേപിച്ചു. എന്നാൽ യേശു തനിക്ക് ചെയ്ത വൻകാര്യത്തെക്കുറിച്ച് സംശയലേശമെന്യേ അവൻ പ്രസ്താവിച്ചു കൊണ്ടിരുന്നു. സ്വന്തജീവിതത്തിൽ യേശുവിന്റെ സ്ഥാനമെന്തെന്ന് തിരിച്ചറിഞ്ഞ് പോരായ്മ കൂടാതെ അവനെ പിൻപറ്റിയവൻ കർത്താവിന്റെ ഉത്തമസാക്ഷിയായിത്തീരുന്നു. ഇത് നമുക്കും മാതൃകയാണ്. കർത്താവിന്റെ വിളിയും തെരഞ്ഞെടുപ്പും ലഭിച്ച നമുക്ക് അവന്റെ ശിഷ്യത്വത്തിൽ സ്ഥിരതയോടെ നിലകൊള്ളാൻ കഴിയട്ടെ.

### 4. ശിഷ്യന്മാർക്ക് പരസ്പരമുണ്ടാവേണ്ട കരുതൽ സംബന്ധിച്ച്

വിശുദ്ധന്മാർക്കു വേണ്ടി നടത്തുന്ന ധർമശേഖരത്തെപ്പറ്റി പ. പൗലൂസ് ശ്ലീഹാ കൊരിന്ത്യർക്ക് എഴുതുന്നു (2 കൊരി. 9:1-15). ക്രിസ്തുവിന്റെ പ്രകാശത്താൽ പ്രകാശം പ്രാപിച്ചവരുടെ കടമയായിട്ടാണ് ശ്ലീഹാ അതെക്കുറിച്ച് പറഞ്ഞു തരുന്നത്. ലോഭമായല്ല, ധാരാളമായി നൽകുവാൻ ആഹ്വാനം ചെയ്യുന്നു. സ്വയം നിശ്ചയപ്രകാരം സന്തോഷത്തോടെ നൽകണം, അത് നമുക്ക് സമൃദ്ധിയായ ദൈവകൃപയ്ക്കുള്ള അവസരമാണ്. വിശുദ്ധന്മാരുടെ മുട്ടുതീർക്കുവാനും, ദൈവത്തിന് അനവധി സ്തോത്രം വരുത്തുവാനും അത് കാരണമായി തീരും - ഇതാണ്

പ. പൗലോസ് ശ്ലീഹാ പഠിപ്പിക്കുന്നത്. കാതോലിക്കാ ദിനത്തോടനുബന്ധിച്ച് സഭ നടത്തുന്ന ധർമശേഖരത്തെക്കുറിച്ചും നമുക്ക് ഇങ്ങനെ ചിന്തിക്കുവാനാകട്ടെ. ദൈവത്തിന് അനവധി സ്തോത്രത്തിന് കാരണമായിരിക്കുന്ന ഈ വലിയ ശുശ്രൂഷ നമ്മുടെ ആത്മീയാന്ധതയെ നീക്കി ഉത്തമ ക്രിസ്തീയ സാക്ഷ്യത്തിലേക്കുള്ള പാതയായി മാറട്ടെ.

## 2024 മാർച്ച് 24
## വലിയ നോമ്പിലെ 7 -ാം ഞായർ
## ( മുപ്പത്താറാം ഞായർ - ഊശാന )

വി.യോഹന്നാൻ 12:12-19

ഹോശന്നാ എന്ന വാക്ക് പുതിയ നിയമത്തിൽ പൊതുവേ ഉപയോഗിച്ചിരിക്കുന്നത് സമാരാധ്യനായ രക്ഷകന് സ്തുതി കരേറ്റുവാനാണ്. 'ഊശാനാ, കർത്താവിന്റെ നാമത്തിൽ വരുന്നവൻ വാഴ്ത്തപ്പെട്ടതാകുന്നു, കർത്താവിന്റെ നാമത്തിൽ വരുന്നതായി നമ്മുടെ പിതാവായ ദാവീദിന്റെ രാജ്യവും വാഴ്ത്തപ്പെട്ടതാകുന്നു, സ്വർഗത്തിൽ സമാധാനം, ഉന്നതങ്ങളിൽ സ്തുതി, അത്യുന്നതങ്ങളിൽ ഊശാന' എന്ന് പറഞ്ഞു കൊണ്ട് നാമും അന്ന് കർത്താവിനെ എതിരേറ്റ് അവനെ വാഴ്ത്തിയ ജനത്തോടു ചേർന്ന് അവനെ സ്തുതിക്കുന്നു.

'മഹത്വത്തിന്റെ രാജാവ്, ദാവീദുപുത്രൻ, മശിഹാ ' നമ്മുടെ കർത്താവായ യേശുക്രിസ്തുവാകുന്നു എന്നതാണ് ഊശാനയുടെ സന്തോഷത്തിന്റെ ഉറവിടം. 'യേ ശു ഊശാന നാളിൽ യെരുശലേമിലേക്ക് പ്രവേശിച്ചത് മഹത്വത്തിന്റെ ഊശാനകളാൽ കീർത്തിക്കപ്പെട്ടു; സീയോനിലേക്കുള്ള തന്റെ എഴുന്നള്ളത്തിൽ ഔന്നത്യത്തിന്റെ സൂചനയായ ദെക്കിലായുടെ കൊമ്പുകളാൽ തന്റെ ശ്രേഷ്ഠത പുകഴ്ത്തപ്പെടുകയും ചെയ്തു' എന്ന് ഊശാന ദിനത്തിലെ സന്ധ്യയുടെ പ്രാരംഭ പ്രാർത്ഥനയിൽ കാണുന്നു. 'ആത്മീയമായ ഊശാനകളാൽ (സ്തുതികളാൽ) ഈ പരിശുദ്ധ ദിവസത്തെ ആഘോഷിച്ചു കൊണ്ട് ശാന്തമായ പ്രവൃത്തികളാൽ കർത്താവിന്റെ ദൈവത്വത്തെ പുകഴ്ത്തുവാനും ശ്രേഷ്ഠവും ശോഭനവുമായ നടപടികളാൽ കർത്താവിന്റെ മനുഷ്യ പ്രീതിയെ ശ്ലാഘിപ്പാനും' യോഗ്യത നൽകണമെന്ന് സഭ കർത്താവിനോടപേക്ഷിക്കുന്നു.മേലുള്ള ഉയരങ്ങളിൽ മാലാഖമാരുടെ 'കാദീശ് ' പാട്ടിനാൽ സ്തുതിക്കപ്പെട്ടു കൊണ്ടിരിക്കെ പൈതങ്ങളാൽ പുകഴ്ത്തപ്പെട്ടവനായ കർത്താവ് തിരുഹിതത്തിനൊത്ത വിനയം കൊണ്ടാണ് എളിമയുടെ വാഹനമായ കഴുതക്കുട്ടിമേൽ യാത്ര ചെയ്തത്. ഊശാന പെരുന്നാളിലെ പ്രാർത്ഥനകളും പ്രുമിയോൻ - സെദറാ

കളും കർത്താവിന്റെ മഹത്വപ്രതാപങ്ങളെ വർണ്ണിക്കുകയും അവന്റെ ദൈവത്വത്തെക്കുറിച്ച് ഊന്നിപ്പറയുകയും ചെയ്യുന്നു. കർത്താവിന്റെ മഹത്വത്തെ പ്രകീർത്തിക്കുന്ന പ.സഭ യെരുശലേമിലേക്കുള്ള യേശുവിന്റെ മഹത്വ പ്രവേശനത്തെക്കുറിച്ചുള്ള പ്രവചനങ്ങൾ ധ്യാനിക്കുന്നു. കർത്താവിന്റെ എഴുന്നള്ളത്തിനെക്കുറിച്ചോർത്ത് അവനെ മഹത്വപ്പെടുത്തുകയും ഊശാനാ ഗാനങ്ങളാൽ അവന് അളവറ്റ സ്തുതി കരേറ്റുകയും ചെയ്യുന്നു.

**1. ഊശാന - യേശുവിന്റെ ദൈവത്വത്തെയും മഹത്വത്തെയും കുറിച്ചുള്ള പ്രവചനങ്ങളുടെ പൂർത്തീകരണം.**

'അവൻ തന്റെ കഴുതക്കുട്ടിയെ മുന്തിരിത്തണ്ടിന്മേലും അവന്റെ പെൺകഴുത കുട്ടിയെ മുന്തിരിച്ചില്ലമേലും കെട്ടും '( ഉല്പ. 49:11) എന്നതു മുതൽ പ്രവചനങ്ങൾ അനേകമാണ്. സഖറിയാ പ്രവാചകൻ 'വിനീതനും, കഴുതമേലും കഴുതക്കുട്ടിമേലും കയറിയിരിക്കുന്നവനുമായി വരുന്ന' യേശുവിനെക്കുറിച്ച് പ്രവചിച്ചു. യുവാക്കളുടെയും പൈതങ്ങളുടെയും വായിൽ സ്തുതി ഒരുക്കിയതിനെക്കുറിച്ച് ദാവീദ് പാടി. 'യെരുശലേമേ ഉണർന്ന് കർത്താവിന്റെ ബലം ധരിക്ക' എന്ന് യെശയ്യാവ് പാടി. ഇങ്ങനെ അനവധി പ്രവാചകന്മാരുടെ പ്രവചന പൂർത്തീകരണമായാണ് യേശുവിന്റെ യെരുശലേം പ്രവേശനം നിറവേറിയത്.

**2. ഊശാന - അത്യുന്നതനായവൻ കാട്ടിത്തന്ന വിനയത്തിന്റെയും ആത്മപരിത്യാഗത്തിന്റെയും മാതൃക**

പ്രവചനങ്ങളുടെ പൂർത്തീകരണമായിരുന്ന നമ്മുടെ കർത്താവിന്റെ യെറുശലേം പ്രവേശനം യേശുതമ്പുരാന്റെ സ്വയം വിനയപ്പെടുത്തലിന്റെ സന്ദർഭം കൂടെയായിരുന്നു. ' സ്വർഗത്തിലും സ്വർഗാധിസ്വർഗങ്ങളിലും അടങ്ങാത്തവൻ' ഒരു ബാലികയുടെ ഉദരത്തിൽ ഇറങ്ങി വസിച്ചു. 'പാപമൊഴികെ സകലത്തിലും നമ്മെപ്പോലെ ആയവൻ' മാർത്തയുടെയും മറിയയുടെയും നൊമ്പരത്തിൽ അവരോടു കൂടെ കണ്ണീർവാർത്തു. മനസ്സലിവും മഹാദയയും ഉള്ളവനും നമ്മുടെ സഹനങ്ങളിൽ കൂടെയിരിക്കുന്നവനുമായ 'രാജാധിരാജൻ' സ്വയം വിനയപ്പെടുത്തി കഴുതയെ തന്റെ വാഹനമാക്കി. വിനയാന്വിതനും സമാധാന പ്രിയനുമായ ഈ രാജാവ് 'ഈഗോ' യുടെയും താൻ പ്രമാണിത്തത്തിന്റെയും ഇക്കാലത്ത് സമ്പൂർണമായൊരു മാതൃകയാണ് കാട്ടിത്തരുന്നത്.

**3. ഊശാന - ദൈവമഹത്വം തിരിച്ചറിഞ്ഞ് അവനെ സ്തുതിക്കുന്ന വലിയ പെരുന്നാൾ**

യഹോവയാം ദൈവത്തിന്റെ മഹത്വത്തെക്കുറിച്ച് വ്യക്തമായി പ്രതിപാദിക്കുന്ന ഭാഗങ്ങളാണ് ഈ ദിവസത്തെ പഴയ നിയമ വായനയിൽ ഉൾപ്പെടുത്തിയിരിക്കുന്നത്. യഹോവയ്ക്ക് സ്തോത്രാർപ്പണമായ പെരുന്നാളുകളെക്കുറിച്ചും യാഗങ്ങളെക്കുറിച്ചും അവയിൽ പരാമർശിക്കുന്നു (ലേവ്യ. 23: 33 - 39). യഹോവയുടെ പെട്ടകം ദാവീദ് യിസ്രയേലിലേക്കു തിരികെ കൊണ്ടുപോകുമ്പോൾ മുപ്പതിനായിരം വീരന്മാരെ കൂടെ കൂട്ടുകയും, ദാവീദും കൂടെയുള്ളവരും സകലവിധ വാദ്യങ്ങളോടും കൂടെ യഹോവയുടെ മുമ്പാകെ നൃത്തം ചെയ്യുകയും ചെയ്തു. തന്റെ ജനത്തിനു ശരണവും യിസ്രയേൽ മക്കൾക്ക് ദുർഗവും ആയിരിക്കുന്ന യഹോവ (യോവേൽ 3:16)യ്ക്ക് സ്തുതിപാടുവാൻ, യഹോവയുടെ നാമത്തിൽ എന്നുമെന്നേക്കും നടക്കുവാൻ, (മീഖാ 4:1-5) വിളിക്കപ്പെട്ട ജനമായിരുന്നു യിസ്രയേൽ. ഒന്നാമത്തെ യിസ്രയേൽ ആർക്കുവേണ്ടി കാത്തിരുന്നുവോ ആയവനെയാണ് ജനങ്ങൾ സ്തുതിച്ചത്. അതുകൊണ്ടുതന്നെ ദൈവമഹത്വം തിരിച്ചറിഞ്ഞ് അവന് സ്തോത്രമെന്ന യാഗം സമർപ്പിക്കുന്ന പെരുന്നാളാണ് ഊശാനപ്പെരുന്നാൾ. യേശുവിന്റെ ശിഷ്യന്മാർക്കുപോലും അവന്റെ യഥാർത്ഥ മഹത്വം തിരിച്ചറിവാൻ അപ്പോൾ കഴിഞ്ഞില്ല എന്നും, അവന്റെ അത്ഭുത പ്രവൃത്തികൾ കണ്ട ജനം അവനിൽ വിശ്വസിച്ചു എന്നും വി. യോഹന്നാൻ രേഖപ്പെടുത്തിയിരിക്കുന്നു. യേശു ചെയ്ത അത്ഭുത പ്രവൃത്തികൾ ഓരോന്നും അവന്റെ മഹത്വം വെളിപ്പെടുത്തുന്ന അടയാളങ്ങളായാണ് യോഹന്നാൻ വെളിപ്പെടുത്തുന്നത്.

**4. ഊശാന - സൃഷ്ടി മുഴുവന്റെയും സ്തുതിയുടെ സന്ദർഭവും സൃഷ്ടി മുഴുവനും വേണ്ടി കൃപയ്ക്കായുള്ള യാചനയും.**

സർവ്വസൃഷ്ടിക്കും ആദ്യ ജാതന്റെ ഊശാനപ്പെരുനാളിൽ പ്രകൃതിയും പങ്കു ചേർന്നു. യേശുവിനെ വഹിച്ച കഴുതക്കുട്ടിയും, സ്വന്തശാഖകളെ സമ്മാനിച്ച വൃക്ഷങ്ങളും, കർത്താവിന് ഇലകൾ സമർപ്പിച്ച ദെക്കിലാകളും ഊശാനപ്പെരുനാളിൽ പങ്കുചേരുകയാണ്. സൃഷ്ടിയുടെ ഉടയവനെ സ്തുതിക്കുവാൻ സൃഷ്ടി മുഴുവനും ഒന്നു ചേരുന്നതിനെ ദൃഷ്ടാന്തീകരിക്കുന്ന സംഭവമാണിവിടെ കാണുന്നത്. കർത്താവിന്റെ മനുഷ്യാവതാരം തന്നെ പദാർത്ഥമയമായ ലോകത്തേക്ക് പിതാവാം ദൈവത്തിന്റെ ഏകജാതൻ ഇറങ്ങി വന്ന സന്ദർഭമായിരുന്നു. ഇപ്രകാരമൊരു സ്വയം വെളിപ്പെടുത്തൽ സർവ്വ സൃഷ്ടിയും തങ്ങളുടെ രക്ഷിതാവിനെ മഹത്വപ്പെടുത്തുന്നതിന് മുഖാന്തിരമായിത്തീർന്നു. ഊശാനപ്പെരുന്നാളിൽ കുരുത്തോല വാഴ്വിന്റെ ശുശ്രൂഷാ സമയത്ത് കുരുത്തോലകളെയും, അവ വെട്ടപ്പെട്ട വൃക്ഷങ്ങളെയും സകല വൃക്ഷലതാദികളെയും അനുഗ്രഹിക്കുവാൻ കർത്താവിനോടപേക്ഷിക്കുന്നു.

രക്ഷകന്റെ ഊശാനപ്പെരുനാളിൽ ഉപയോഗിച്ച കുരുത്തോലകൾ ഓരോന്നും അനുഗ്രഹത്തിന്റെ ഊശാനകളായി വിശ്വാസികൾ കൈക്കൊള്ളുകയും ചെയ്യുന്നു. പരിസ്ഥിതി പ്രശ്നങ്ങളുടെയും അതുമായി ബന്ധപ്പെട്ട വിവിധ പ്രതിസന്ധികളുടെയും ഈ കാലത്ത് ഈ കാഴ്ചപ്പാടിന് വലിയ പ്രസക്തിയുണ്ട്.

**5. ഊശാനയുടെ അനുഷ്ഠാനങ്ങൾ നമ്മുടെ പ്രബോധനത്തിന്.**

പ. സഭയുടെ ആരാധനയും ആചാരാനുഷ്ഠാനങ്ങളും കേവലമായ ആചരണത്തിനു വേണ്ടിയുള്ളതല്ല, ക്രിയാത്മകമായ പങ്കുചേരലിനും കാര്യക്ഷമമായ പ്രബോധനത്തിനും കൂടെയുള്ള അവസരമാണവ. ഊശാനയുടെ പ്രദക്ഷിണത്തിൽ പങ്കുചേരുമ്പോൾ പ്രസന്നമായ വൃക്ഷത്തലപ്പുകളുടെയും പുഷ്പങ്ങളുടെയും അകമ്പടിയോടെ യേശുനാഥന് മഹത്വം പാടിക്കൊണ്ട് പുതിയ പ്രത്യാശയോടെ അവനെ പിൻപറ്റുകയാണ്. നമ്മുടെ ജീവിതത്തിൽ പ്രത്യാശ പകരുന്ന രക്ഷകനെ 'കർത്താവേ രക്ഷിക്കേണമേ' എന്ന് പാടിക്കൊണ്ട് നാം സ്വീകരിക്കുന്നു. കർത്താവിന്റെ രണ്ടാമത്തെ വരവിങ്കൽ കൈയിൽ കുരുത്തോലയുമേന്തി, മഹത്വത്തിന്റെ അങ്കി ധരിച്ച് രാപകൽ ദൈവത്തെ ആരാധിക്കുന്ന ബഹുപുരുഷാരത്തോട് (വെളി .7:9) നാമും ചേരേണ്ടവരാണ് എന്ന വലിയ പ്രത്യാശയാണ് ഇവിടെ വെളിപ്പെടുത്തുന്നത്.

**2024 മാർച്ച് 31**
**കൃതാ ഞായർ**
വി. മർക്കോസ് 16:1-8

പ. വലിയ നോമ്പാകുന്ന തീർത്ഥാടനം പൂർത്തിയാക്കി നാം എത്തുന്നത്, ഗോഗുൽത്തായിലെ ഒഴിഞ്ഞ ഒരു മരക്കുരിശിങ്കലേക്കും ശൂന്യമായൊരു കബറിടത്തിങ്കലേക്കുമാണ്. ഊശാനപ്പെരുനാളിനു ശേഷം പെസഹാ, ക്രൂശു മരണം എന്നീ പെരുന്നാളുകൾ ആചരിച്ചിട്ടാണ് നാം ഉയിർപ്പു പെരുന്നാളിലെത്തുന്നത്. പാതിനോമ്പിൽ ദൈവാലയമധ്യത്തിൽ നാട്ടിയ ഗോഗുൽത്താ നമ്മുടെ കർത്താവിന്റെ കഷ്ടാനുഭവത്തെ സ്മരിക്കുന്ന ആഴ്ചയിൽ പ.മദ്ബഹായുടെ തിരശീലയ്ക്കു മുമ്പിൽ പ്രതിഷ്ഠിക്കുന്നു. ആരാധനയും കുമ്പിടീലുമെല്ലാം അതിനു മുമ്പിൽ നിർവ്വഹിക്കുന്നു. ഊശാന ദിവസം കഴുതപ്പുറത്ത് എഴുന്നള്ളുന്ന കർത്താവിനെ സ്മരിക്കുന്ന സഭ കർത്താവിന്റെ കഷ്ടാനുഭവത്തെ ധ്യാനിക്കുകയും മുൾക്കിരീടവും നിന്ദയുടെ കുപ്പായവും ധരിച്ച്, തുപ്പലേറ്റ്, ചാട്ടവാറുകൊണ്ട് അടിയേറ്റ്, ഭാരമേറിയ കുരിശുമായി കാൽവറിയിലേക്ക് നടന്നു പോയി, ആണികളാൽ ക്രൂശിന്മേൽ തറയ്ക്കപ്പെട്ട് ആകാശത്തിനും ഭൂമിക്കും മദ്ധ്യേ നാട്ടപ്പെട്ട കർത്താവിന്റെ സഹനങ്ങളോട് പ്രാർത്ഥനാപൂർവ്വം ചേർന്നുനിൽക്കുകയും ചെയ്യുന്നു. യേശുവിന്റെ സ്വയ പരിത്യാഗവും ആത്മാർപ്പണവും പുനരുത്ഥാനത്തിന്റെ വലിയ പുലരിയിലേക്കാണ് നമ്മെ നയിക്കുന്നത്. 'ഉയിർപ്പു മുതൽ പെന്തിക്കോസ്തി ഞായർ വരെയുള്ള' ഉയിർപ്പു കാല'ത്തേക്കാണ് നാം പ്രവേശിക്കുന്നത്. ഉയിർപ്പു പെരുന്നാളിനു ശേഷമുള്ള ഒരാഴ്ച 'വെണ്മയുടെ, ധവളിമയുടെ', ആഴ്ചയാണ് – ഹേവോറോ ആഴ്ച. പുതുഞായറാഴ്ച വരെയുള്ള 8 ദിവസങ്ങൾ ഉയിർപ്പു ദിവസങ്ങളായി സഭ കണക്കാക്കുന്നു. പുതുതായി സഭാംഗങ്ങളാകുന്നവർക്ക് ഉയിർപ്പു പെരുന്നാൾ ദിവസം മാമോദീസാ നൽകുന്ന പതിവുണ്ടായിരുന്നു. അന്നു മുതൽ പുതുഞായറാഴ്ച വരെ അവർ ശുഭ്ര വസ്ത്രം ധരിച്ചിരുന്നു. ഉയിർപ്പു പെരുന്നാൾ സഭയുടെ പെരുന്നാളുകളിൽ ഏറ്റവും വലുതാണ്. ആദിമസഭ എത്ര നിഷ്ഠയോടെയാണ് ഈ പെരുന്നാൾ ആചരിച്ചിരുന്നത് എന്ന് വിസ്മയത്തോടെ മാത്രമേ നമുക്ക് കാണാനാവൂ.

**1. 'നിങ്ങൾ ജീവനുള്ളവനെ മനുഷ്യരുടെ ഇടയിൽ അന്വേഷിക്കുന്നതെന്ത് ?'**

ആഴ്ചവട്ടത്തിന്റെ ഒന്നാം നാൾ കർത്താവിന്റെ കല്ലറയിലെത്തിയ സ്ത്രീകളോട് ദൈവദൂതൻ ചോദിച്ച ചോദ്യമാണിത്. പുനരുത്ഥാനത്തിന്റെ പരമാർത്ഥത്തെക്കുറിച്ച് അവർക്ക് ബോധ്യം നൽകുവാനാണ് ഈ ചോദ്യമുണ്ടായത്. കർത്താവിന്റെ കല്ലറയിലെ കല്ല് ഉരുട്ടിമാറ്റിയിരിക്കുന്നതും അവിടെ കണ്ട ദൈവദൂതന്മാരും അവരുടെ മനസ്സിൽ ഭയസംഭ്രമങ്ങൾ ഉളവാക്കി. എന്നാൽ ക്രിസ്തു ഉയിർത്തു എന്ന വസ്തുത അവരെ ധൈര്യമുള്ളവരും സ്ഥിരചിത്തരുമാക്കി. പുനരുത്ഥാനത്തിന്റെ സുവിശേഷ വാഹകരായിക്കൊണ്ട് കർത്താവിന്റെ പുനരുത്ഥാനത്തെക്കുറിച്ച് ആദ്യം പ്രഘോഷിച്ചത് അവർ തന്നെയാണ്.

**2. 'നിങ്ങൾക്ക് സമാധാനം'**

പുനരുത്ഥാനം ചെയ്ത കർത്താവ് ഭയപ്പെട്ട് വാതിലടച്ചിരുന്ന ശിഷ്യന്മാരുടെ മധ്യത്തിൽ നിന്നുകൊണ്ട് അരുളിച്ചെയ്ത സന്ദേശമാണിത്. അസമാധാനത്തിന്റെയും അസ്ഥിരതയുടെയും നടുവിൽ, തങ്ങളുടെ ഗുരുവിന്റെ സാന്നിധ്യം ജീവശ്വാസത്തിന്റെ കുളിർമഴയായാണ് അവർക്കനുഭവപ്പെട്ടത്. ആകുലതകളുടെയും ആശങ്കകളുടെയും ജീവിതസാഹചര്യങ്ങളിൽ, പ്രതിസന്ധികൾക്കു മുമ്പിൽ പതറിപ്പോകും എന്ന് തോന്നുമ്പോൾ, പ്രകാശം പൂർണമായും അസ്തമിച്ച് അന്ധകാരം ജീവിതത്തെ മുഴുവനായും ഗ്രസിക്കുന്നു എന്ന് ഭാരപ്പെടുന്നേടത്ത് ക്രിസ്തുവിന്റെ സമാധാനം നമുക്ക് നൽകുന്ന ആശ്വാസം സകല ബുദ്ധിയെയും പരിജ്ഞാനത്തെയും കവിയുന്നതാണ്.

**3. 'തമ്മിൽ തമ്മിൽ സ്നേഹിപ്പിൻ എന്നൊരു പുതിയ കല്പന ഞാൻ നിങ്ങൾക്കു തരുന്നു'**

നമ്മുടെ കർത്താവിന്റെ പുനരുത്ഥാന പെരുന്നാളിലെ സ്ലീബാ ആഘോഷ സമയത്തെ ഏവൻഗേല്യോൻ വി.യോഹന്നാന്റെ സുവിശേഷം 13, 14, 15 അധ്യായങ്ങളിൽ നിന്നുള്ള വേദഭാഗങ്ങൾ ചേർന്നതാണ്. സ്നേഹത്തിന്റെ ഉദാത്തമായ സുവിശേഷമാണ് കർത്താവ് നൽകുന്നത്. 'നിങ്ങൾ തമ്മിൽ തമ്മിൽ സ്നേഹിക്കേണം എന്നൊരു പുതിയ കൽപ്പന ഞാൻ നിങ്ങൾക്ക് തരുന്നു'. 'ഞാൻ നിങ്ങളെ സ്നേഹിച്ചതുപോലെ നിങ്ങളും തമ്മിൽ തമ്മിൽ സ്നേഹിക്കേണം, നിങ്ങൾക്ക് തമ്മിൽ തമ്മിൽ സ്നേഹമുണ്ടെങ്കിൽ നിങ്ങൾ എൻറെ സ്നേഹിതന്മാർ എന്ന് എല്ലാവരും അറിയും' എന്ന് കർത്താവ് അരുളിച്ചെയ്യുന്നു. ക്രിസ്തുവിന്റെ സ്നേഹത്തിന്റെ സവിശേഷത അത് നമുക്കുവേണ്ടി പൂർണമായും നൽകുവാൻ സന്നദ്ധമായ സ്നേഹമായിരുന്നു എന്നുള്ളതാണ്. മുഴുവൻ ലോകത്തിന്റെയും പാപത്തിനുവേണ്ടി കുരിശിൽ മരിച്ച് പുനരുത്ഥാനം ചെയ്തു പിതാവാം ദൈവത്തിന്റെ വലതുഭാഗത്ത് ഇരുന്ന് നമുക്കുവേണ്ടി പക്ഷവാദം ചെയ്യുന്ന സ്നേഹം. ഇപ്രകാരം നമ്മെ സ്നേഹിതന്മാർ എന്ന് വിളിച്ചിരിക്കുന്ന കർത്താവ് പഠിപ്പിച്ചത് 'സ്നേഹിതന്മാർക്കുവേണ്ടി ജീവനെ കൊടുക്കുന്നതിലും അധികമുള്ള സ്നേഹം ആർക്കുമില്ല' എന്നാണ്. ഇത് സ്വന്ത ജീവിതത്തിൽ അവൻ പ്രാവർത്തികമാക്കി. പുനരുത്ഥാന ദിവസം കർത്താവിന്റെ ദിവ്യസ്നേഹത്തിന്റെ സന്ദേശമാണ് യേശുതമ്പുരാൻ കാട്ടിത്തന്നത്. 'ഞാൻ ഇരിക്കുന്ന ഇടത്ത് അവരും എന്നോട് കൂടെ ഇരിക്കണമെന്ന് ഞാൻ ഇച്ഛിക്കുന്നു. നീ എന്നെ സ്നേഹിക്കുന്ന സ്നേഹം അവരിൽ ആകുവാനും ഞാൻ അവരിൽ ആകുവാനും ഞാൻ നിന്റെ നാമം അവർക്ക് വെളിപ്പെടുത്തിയിരിക്കുന്നു ഇനിയും വെളിപ്പെടുത്തും'. ക്രിസ്തുവിന്റെ സ്നേഹത്തിന്റെ ആഴവും അവന്റെ സ്നേഹത്തിൻറെ മഹത്വവും വെളിപ്പെടുത്തുന്ന വാക്യങ്ങളാണ് ഇവിടെ കാണുന്നത്. ദൈവകൃപ നമ്മോടുകൂടെ ഇരിക്കത്തക്കവണ്ണം കർത്താവിന്റെ ദിവ്യമായ സ്നേഹം നമ്മോട് കൂടെയുണ്ട്.

**4. 'ഭയപ്പെടേണ്ടാ' എന്ന സന്ദേശം**

കർത്താവിന്റെ കല്ലറയ്ക്കൽ എത്തിയ സ്ത്രീകൾക്ക് ലഭിക്കുന്നത് 'ഭയപ്പെടേണ്ടാ' എന്ന സന്ദേശമാണ്; അതിനു ശേഷമാണ് അവർ പുനരുത്ഥാനത്തിന്റെ സംഗതി ഗ്രഹിക്കുന്നത്. തങ്ങളുടെ ഗുരുവിന്റെ കഷ്ടാനുഭവത്തിങ്കൽ ഭയപ്പെട്ട് ചിതറിപ്പോയ ശിഷ്യന്മാർ അവന്റെ പുനരുത്ഥാന വാർത്തയറിഞ്ഞ് തങ്ങളുടെ ഭയത്തിൽ നിന്ന് വിമോചിതരാകുന്നു. കർത്താവ് മരണത്തെ തന്റെ കാൽക്കീഴാക്കി നമ്മെയും ഭയത്തിൽ നിന്നും പാപത്തിന്റെ അടിമത്തത്തിൽ നിന്നും മോചിപ്പിച്ചിരിക്കുന്നു.

പെന്തിക്കോസ്തി നാളിലെ പത്രോസിന്റെ പ്രസംഗത്തിലെ പ്രധാന സന്ദേശം 'യേശുവിനെ ദൈവം ഉയിർത്തെഴുന്നേൽപ്പിച്ചു, അതിന് ഞങ്ങൾ എല്ലാവരും സാക്ഷികൾ ആകുന്നു; നിങ്ങൾ ക്രൂശിച്ച യേശുവിനെ

തന്നെ ദൈവം കർത്താവും ക്രിസ്തുവും ആക്കി വെച്ചു' (അപ്പൊ.പ്ര. 2:32, 36) എന്നതായിരുന്നു. സകല ജാതികളെയും കർത്താവിന്റെ രക്ഷയിലേക്ക് കൊണ്ടുവരുന്ന സംഭവമാണ് നമ്മുടെ കർത്താവിന്റെ പുനരുത്ഥാനം. പുനരുത്ഥാനപ്പെരുന്നാൾ 'സകല പെരുന്നാളുകളുടെയും മകുടാലങ്കാരവും, മഹാ സന്തോഷത്തിന്റെ പെരുന്നാളും, എല്ലാ പെരുന്നാളുകളുടെയും യോഗ്യതയേറിയ ഭൂഷണവും അലങ്കാരവും ആകുന്ന പെരുന്നാളും, ചിതറിപ്പോയവരെ കൂട്ടിച്ചേർത്ത ദിവസവും, പഴയ ഇരുളിനെ നീക്കി കളഞ്ഞ പകലും, രണ്ടു ലോകങ്ങളെയും ശോഭിപ്പിച്ച കടിഞ്ഞൂൽ ദിവസവും, മരണത്തിൻെറ ആസ്ഥാനം വീഴുകയും മകുടം മറിഞ്ഞു പോവുകയും ചെയ്ത' ദിവസവുമാണ്. 'സ്വർഗ്ഗീയ സൈന്യങ്ങളോടൊരുമിച്ച് വെടിപ്പോടും വിശുദ്ധിയോടും കൂടി ഈ പെരുന്നാൾ ആചരിപ്പാനുള്ള കൃപ തരണമേ' എന്നാണ് സഭ കർത്താവിനോട് യാചിക്കുന്നത്. പരിശുദ്ധ സഭയുടെ ഈ പ്രാർത്ഥന അർത്ഥവത്തായി തീരുവാൻ നമുക്ക് ദൈവത്തോട് അപേക്ഷിക്കാം.

**2024 ഏപ്രിൽ 7**
**പുതുഞായറാഴ്ച**
വി. യോഹന്നാൻ 20: 19-31

നമ്മുടെ കർത്താവ് തന്റെ ശിഷ്യന്മാരുടെ മദ്ധ്യേ പ്രത്യക്ഷപ്പെട്ട് അവരോട് സമാധാനം ആശംസിക്കുന്നതും 'പിതാവ് തന്നെ അയച്ചതു പോലെ താൻ അവരെ അയയ്ക്കുന്നു' എന്ന് അരുളിച്ചെയ്തു കൊണ്ട് പരിശുദ്ധാത്മാവിനെ അവർക്ക് നൽകി അവരുടെ ദൗത്യ നിർവഹണത്തിനായി അവരെ ഒരുക്കുന്നതുമായ സംഭവങ്ങൾ ഇന്നത്തെ ഏവൻഗേല്യോൻ ഭാഗത്ത് കാണുന്നു. മാത്രമല്ല തന്റെ കരതലങ്ങളെയും വിലാവിനെയും ശിഷ്യന്മാരെ കാണിച്ച് പുനരുത്ഥാനത്തിന്റെ പരമാർത്ഥത്തെക്കുറിച്ച് കർത്താവ് അവരെ ബോധ്യപ്പെടുത്തുന്നു. അതോടൊപ്പം മാർത്തോമാ ശ്ലീഹായുടെ വിശ്വാസ പ്രഖ്യാപനത്തിനുള്ള വേദി കൂടിയാണ് ഈ വേദഭാഗം. നമ്മുടെ കർത്താവിന്റെ പുനരുത്ഥാനത്തിന്റെ പുതുക്കത്തിൽ നടക്കുവാൻ വിളിക്കപ്പെട്ടിരിക്കുന്ന നമുക്ക് അത്യന്തം പ്രസക്തമായ പാഠങ്ങൾ പകർന്നു തരുന്ന സുവിശേഷ ഭാഗവുമാണിത്.

**1. യേശുക്രിസ്തുവിന്റെ പുനരുത്ഥാനം ദൈവശക്തിയുടെ വെളിപ്പെടുത്തലാണ്.**

ഏലിയാപ്രവാചകൻ കർമ്മേൽ മലയിൽ യഹോവയെ അറിയാതിരുന്ന ജനത്തിന്റെ മധ്യത്തിൽ നിന്നുകൊണ്ട് 'യഹോവേ എനിക്ക് ഉത്തരമരുളണമേ, നീ ദൈവം തന്നെ യഹോവേ; നീ തങ്ങളുടെ ഹൃദയം വീണ്ടും തിരിച്ചു എന്ന് ഈ ജനം അറിയേണ്ടതിന് എനിക്ക് ഉത്തരം നൽകണമേ' എന്ന് അപേക്ഷിക്കുമ്പോൾ യഹോവയുടെ തീ ഇറങ്ങി ഏലിയാവിന്റെ ബലിയെ കൈക്കൊള്ളുന്നു. അതുകണ്ട് ജനം 'യഹോവ തന്നെ ദൈവം, യഹോവ തന്നെ ദൈവം എന്ന് പറഞ്ഞു' (1രാജാ. 18: 37, '38). 'നിന്നെ ഉദരത്തിൽ ഉരുവാക്കിയതിനു മുൻപേ ഞാൻ നിന്നെ അറിഞ്ഞു, നീ ഗർഭപാത്രത്തിൽ നിന്ന് പുറത്തു വരുന്നതിനു മുമ്പേ ഞാൻ നിന്നെ വിശുദ്ധികരിച്ചു, എന്റെ വചനം നിവർത്തിക്കേണ്ടതിന് ഞാൻ ജാഗരിച്ചു കൊള്ളും' എന്ന് യഹോവ യിരമ്യാ പ്രവാചകനെ അറിയിക്കുന്നു (യിരെമ്യാ 1:4,12). 'ഇതാ യഹോവയായ കർത്താവ് ബലശാലിയായി വരുന്നു; അവന്റെ ഭുജം അവനുവേണ്ടി ഭരണം ചെയ്യുന്നു. യഹോവയുടെ മനസ്സ് ആരാഞ്ഞറിയുകയോ അവന് മന്ത്രിയായി അവനെ ഗ്രഹിപ്പിക്കുകയോ ചെയ്തത് ആർ ?' (യെശ.40:10, 13). യേശുക്രിസ്തുവിന്റെ പുനരുത്ഥാനം സകല മഹത്വത്തോടും കൂടെ സർവ്വജാതികളെയും കർത്താവിന്റെ രക്ഷയിലേക്ക് ആനയിക്കുന്നതായ ദൈവശക്തിയുടെ വെളിപ്പെടുത്തലായിരുന്നു. ഈ സത്യം കർത്താവ് തന്റെ ശിഷ്യന്മാരെ അറിയിക്കുന്നു.

**2. പുനരുത്ഥാനം ചെയ്ത കർത്താവ് ശിഷ്യന്മാരെ ഭരമേല്പിച്ച ദിവ്യനിയോഗം**

യേശു തമ്പുരാൻ ശിഷ്യന്മാരുടെ മേൽ ഊതി അവരോട് 'പരിശുദ്ധാത്മാവിനെ കൈക്കൊൾവിൻ, ആരുടെ പാപങ്ങൾ നിങ്ങൾ മോചിക്കുന്നുവോ, അത് അവർക്ക് മോചിക്കപ്പെട്ടിരിക്കുന്നു; ആരുടെ പാപങ്ങൾ നിർത്തുന്നുവോ അവർക്ക് നിർത്തിയിരിക്കുന്നു' എന്ന് പറഞ്ഞു (യോഹ 19: 22, 23). ഈ ദിവ്യനിയോഗം പിതാവ് പുത്രനെ ഭരമേൽപ്പിച്ച ദൗത്യനിർവ്വഹണത്തിലുള്ള പങ്കാളിത്തമായിരുന്നു. ഭൂമിയിൽ പാപങ്ങളെ മോചിക്കുവാൻ മനുഷ്യപുത്രന് അധികാരമുണ്ട് എന്ന് പഠിപ്പിച്ചവൻ തന്റെ ശിഷ്യന്മാർക്ക് പാപമോചനത്തിന് അധികാരം നൽകി. മാത്രമല്ല, 'നിങ്ങളെത്തന്നെ മരിച്ചിട്ട് ജീവിക്കുന്നവരായും നിങ്ങളുടെ അവയവങ്ങളെ നീതിയുടെ ആയുധങ്ങളായും ദൈവത്തിന് സമർപ്പിച്ചുകൊൾവീൻ' എന്നും 'നിങ്ങൾ കൃപയ്ക്ക് അധീനരായവർ ആകയാൽ ഒരുനാളും പാപം ചെയ്യരുത്', പാപത്തിന്റെ ശമ്പളം മരണമാകുന്നു; ദൈവത്തിന്റെ കൃപാവരം നമ്മുടെ കർത്താവായ യേശുക്രിസ്തുവിൽ നിത്യജീവൻ തന്നെ'യെന്നും അവർ പഠിപ്പിച്ചു (റോമ.6: 13, 22, 23).

**3. യേശുക്രിസ്തുവിന്റെ പുനരുത്ഥാനത്തെ കുറിച്ചുള്ള ബോധ്യം ശിഷ്യന്മാരുടെ ദൗത്യനിർവഹണത്തിന്റെ അടിത്തറയായി തീർന്നു.**

ക്രിസ്തുവിന്റെ പരസ്യ ശുശ്രൂഷയിൽ അവനോടുകൂടെ ഉണ്ടായിരുന്ന ശിഷ്യന്മാർ അവന്റെ കഷ്ടാനുഭവത്തിങ്കലും മരണത്തിലും പതറിപ്പോയിരുന്നു എങ്കിലും അവരെ ഭരമേല്പിച്ചിരുന്ന ദൗത്യം ദൈവാശ്രയത്തോടെ നിറവേറ്റുന്ന കാഴ്ച നാം കാണുന്നു. ഇതിന് അവരെ പ്രേരിപ്പിച്ച വലിയ ഘടകം തങ്ങളുടെ ഗുരുവും നാഥനുമായവൻ മരണത്തെ ജയിച്ച് പുനരുത്ഥാനം ചെയ്തിരിക്കുന്നു എന്ന വസ്തുതയാണ്. ധൈര്യവും ബലവും പ്രാപിച്ചവരായി തങ്ങളുടെ വിശ്വാസ ജീവിതം തുടരുവാനും അപ്പോസ്തോലിക ദൗത്യം നിറവേറ്റുവാനും 'ക്രിസ്തു ഉയർത്തെഴുന്നേറ്റിട്ടില്ല എങ്കിൽ ഞങ്ങളുടെ പ്രസംഗം വ്യർത്ഥം, നിങ്ങളുടെ വിശ്വാസവും വ്യർത്ഥം' എന്ന് പ്രഘോഷിക്കുവാനും അവരെ പ്രേരിപ്പിച്ചത് ഇതു തന്നെയാണ്. 'ക്രിസ്തുവും നിങ്ങൾക്കുവേണ്ടി കഷ്ടം അനുഭവിച്ചു, നിങ്ങൾ അവന്റെ കാൽച്ചുവട് പിന്തുടരുവാൻ ഒരു മാതൃക വെച്ചേച്ചു പോയിരിക്കുന്നു; അവൻ പാപം ചെയ്തിട്ടില്ല, അവന്റെ വായിൽ വഞ്ചന ഒട്ടും ഉണ്ടായിരുന്നില്ല, നാം പാപം സംബന്ധിച്ച് മരിച്ച് നീതിക്ക് ജീവിക്കേണ്ടതിന് അവൻ തന്റെ ശരീരത്തിൽ നമ്മുടെ പാപങ്ങളെ ചുമന്നുകൊണ്ട് ക്രൂശിൻമേൽ കയറി. അവൻെറ അടിപ്പിണരാൽ നിൾക്ക് സൗഖ്യം വന്നിരിക്കുന്നു. നിങ്ങൾ തെറ്റി ഉഴലുന്ന ആടുകളെപ്പോലെ ആയിരുന്നു, ഇപ്പോഴോ നിങ്ങളുടെ ആത്മാക്കളുടെ ഇടയനും അധ്യക്ഷനും ആയവങ്കലേക്ക്

മടങ്ങിവന്നിരിക്കുന്നു' (1 പത്രോസ് 2:19-25) ഈ വാക്കുകൾ കർത്താവിന്റെ ഉയിർപ്പിന്റെ മഹത്വം' വെളിവാക്കുന്നു. ദൈവത്തെക്കുറിച്ചുള്ള മനോബോധം നിമിത്തം കഷ്ടവും ദുഃഖവും സഹിച്ചാൽ അത് പ്രസാദം ആകുന്നു എന്ന് വിശ്വസിച്ചു കൊണ്ട് കർത്താവിന് വേണ്ടി കഷ്ടം സഹിക്കുവാൻ ശിഷ്യന്മാർ തയ്യാറായത് ഈ ബോധ്യം നിമിത്തമായിരുന്നു.

### 4. മാർത്തോമ്മാ ശ്ലീഹായുടെ വിശ്വാസ പ്രഖ്യാപനം

യേശുവിന്റെ പുനരുത്ഥാനത്തെക്കുറിച്ച് സഹശിഷ്യന്മാർ അറിയിച്ചു എങ്കിലും അവന്റെ വിലാവിൽ കൈവച്ച്, അവന്റെ ആണിപ്പഴുതുകളിൽ വിരലിട്ട്, അവനെ സ്പർശിച്ച് അവന്റെ പുനരുത്ഥാനത്തെക്കുറിച്ച് ബോധ്യപ്പെടുവാൻ മാർത്തോമ്മാ ശ്ലീഹാ ആഗ്രഹിച്ചു. തോമായും കൂടെ ഉണ്ടായിരിക്കെ കർത്താവ് അവരുടെ മദ്ധ്യേ പ്രത്യക്ഷനായി തന്റെ ഉയിർപ്പിന്റെ പരമാർത്ഥം ബോധ്യപ്പെടുത്തുന്നു. ഇവിടെ തോമ്മാശ്ലീഹാ നടത്തുന്ന വിശ്വാസ പ്രഖ്യാപനം 'എന്റെ കർത്താവും എന്റെ ദൈവവുമേ' എന്നുള്ളതാണ്. യോഹന്നാന്റെ സുവിശേഷത്തിന്റെ കാതലാണിവിടെ രേഖപ്പെടുത്തിയിരിക്കുന്നത്. യേ ശുക്രിസ്തു എന്റെ കർത്താവും ദൈവവുമാകുന്നു എന്ന ഉറച്ച ബോദ്ധ്യമാണത്. 'ആദിയിൽ വചനം ഉണ്ടായിരുന്നു, വചനം ദൈവത്തോടു കൂടിയായിരുന്നു, വചനം ദൈവമായിരുന്നു' (യോഹ. 1:1) ഇതേ വിശ്വാസ പ്രഖ്യാപനം തന്നെയാണിത്. 'കാണാതെ വിശ്വസിച്ചവർ ഭാഗ്യവാന്മാർ' എന്നുള്ള കർത്താവിന്റെ വാക്കുകൾ മനുഷ്യാവതാര സംഭവങ്ങൾ നേരിട്ട് കണ്ടിട്ടുള്ള ശിഷ്യന്മാരുടെ തലമുറയ്ക്ക് ശേഷം സുവിശേഷം പ്രഘോഷിക്കപ്പെടുമ്പോൾ അത് കേട്ട് വിശ്വസിക്കുന്നവർക്കുകൂടെ ലഭിക്കുന്ന ഭാഗ്യാവസ്ഥയെക്കുറിച്ചുള്ള വെളിപ്പെടുത്തലായും കാണാം. ⚬


29TH DEATH ANNIVERSARY
OF
**G. DANIEL**
KODIAT, 667 DARSHAN NAGAR
PEROORKADA, TRIVANDRUM,
on 22 March 2024



*"Safe in the arms of Lord Jesus Christ"*

*Inserted by :*
**Sorrowing family**


## ഓർമ്മ




പൗലോസ് മാർ സേവേറിയോസ് മെത്രാപ്പോലീത്തായുടെ 62-ാം ഓർമ്മ (മാർച്ച് 18, കുന്നംകുളം ആർത്താറ്റ് പുത്തൻപള്ളി)



നാലാം മാർത്തോമ്മായുടെ 296-ാം ഓർമ്മ (മാർച്ച് 25, കണ്ടനാട് പള്ളി)



വലിയ മാർ ദീവന്നാസിയോസ് മെത്രാപ്പോലീത്തായുടെ (6-ാം മാർത്തോമ്മാ) 216-ാം ഓർമ്മ (ഏപ്രിൽ 7, പുത്തൻകാവ് കത്തീഡ്രൽ)



ഗീവർഗീസ് മാർ ഈവാനിയോസ് മെത്രാപ്പോലീത്തായുടെ 11-ാം ഓർമ്മ (ഏപ്രിൽ 12, ഞാലിയാകുഴി മാർ ബസേലിയോസ് ദയറാ)



സ്ലീബാ മാർ ഒസ്താത്തിയോസ് മെത്രാപ്പോലീത്തായുടെ 94-ാം ഓർമ്മ (മാർച്ച് 19, കുന്നംകുളം ആർത്താറ്റ് പള്ളി)




കോനാട്ട് ഗീവർഗീസ് മാർ യൂലിയോസ് മെത്രാപ്പോലീത്തായുടെ 139-ാം ഓർമ്മ (മാർച്ച് 21, പാമ്പാക്കുട വലിയപള്ളി)



കുറിയാക്കോസ് മാർ ഗ്രിഗോറിയോസ് മെത്രാപ്പോലീത്തായുടെ (പാമ്പാടി തിരുമേനി 59-ാം ഓർമ്മ (എപ്രിൽ 5, പാമ്പാടി ദയറാ)

ഫാ. ഡോ. റജി മാത്യു
(ഓർത്തഡോക്സ് സെമിനാരി)



# പൗലോസ് വിവിധ വിചാരണ വേദികളിൽ II

(അപ്പോ. പ്ര. (24:126:32)

വിചാരണവേദിയുടെ ഒന്നാം ഭാഗത്ത് നാം കണ്ടത് പൗലോസിനെ മതപരമായ കോടതിയിൽ വിസ്തരിക്കുന്നതാണ്. ഇനി കാണുന്നത് രാഷ്ട്രീയ കോടതികളിലെ വിസ്താരമാണ്. ഇതിനു മൂന്നുഘട്ടങ്ങൾ ഉണ്ട്.

**(a) ഗവർണറായിരുന്ന ഫെലിക്സിനു മുൻപിൽ (24:1-27):** കൈസര്യായിലെ തടവറയിൽ സൂക്ഷിയ്ക്കപ്പെട്ടിരുന്ന പൗലോസിനെതിരായി കുറ്റാരോപണം നടത്തുവാൻ മഹാപുരോഹിതനായ അനന്യാസും സംഘവും യറുശലേമിൽ നിന്ന് കൈസര്യായിൽ വന്നുചേർന്നു. തെർത്തുല്ലൊസ് എന്ന വക്കീലാണ് കുറ്റാരോപണം നടത്തിയത്. ന്യായാധിപസഭയെ പുകഴ്ത്തിയശേഷം ഇദ്ദേഹം പൗലോസിനെതിരായി പറഞ്ഞത് നാല് കാര്യങ്ങളാണ്: (1) അദ്ദേഹം യഹൂദ്യാ ദേശത്ത് ഒരു വലിയ ശല്യമാണ്; (2) ലോകത്തിലുള്ള സമഗ്ര യഹൂദമതത്തിന്റെ ഇടയിലെ കലഹക്കാരനാണ് അദ്ദേഹം; (3) പൗലോസ് പുതുതായി ദേശത്ത് രൂപംകൊണ്ട 'നസ്രായ മത'ത്തിന്റെ വലിയ നേതാവാണ്; (4) സകല യഹൂദരും ബഹുമാനിയ്ക്കുന്ന യറുശലേം ദേവാലയം അശുദ്ധമാക്കിയതുകൊണ്ടാണ് ദേവാലയാധികാരികൾ ഇദ്ദേഹത്തെ അറസ്റ്റ് ചെയ്തത്. മഹാപുരോഹിത സംഘത്തിലെ മറ്റുള്ളവരും യഹൂദ ജനക്കൂട്ടവും ഈ ആരോപണങ്ങളെ ശരിവച്ചു.

ഈ ആരോപണങ്ങൾക്ക് മറുപടി പറയുവാൻ ആവശ്യപ്പെട്ട ഗവർണർ ഫെലിക്സിനോട് പൗലോസ് ഉണ്ടായ സംഗതികൾ വിവരിച്ചു. താൻ പന്ത്രണ്ടു ദിവസങ്ങൽക്കു മുൻപ് യറുശലേം ദേവാലയം സന്ദർശിച്ചിപ്പോൾ മുകളിൽ പറഞ്ഞ ആരോപണമൊന്നും ആരും ഉന്നയിച്ചില്ലായെന്ന് പൗലോസ് വ്യക്തിമാക്കി. മാത്രവുമല്ല, താൻ ഒരു തികഞ്ഞ ദൈവഭക്തനും, പിതാക്കന്മാരുടെ മതത്തെ അനുസരിക്കുന്നവനും, ന്യായപ്രമാണവും പ്രവചനവും പാലിക്കുന്നവനുമാണെന്ന് പൗലോസ് പറഞ്ഞു. യറുശലേമിൽ നിന്ന് വളരെ ദൂരസ്ഥലങ്ങളിലായിരുന്നതുകൊണ്ട് കുറെ വർഷങ്ങളായി താൻ ദേവാലയം സന്ദർശിച്ചിട്ടില്ലായിരുന്നു. ആയതിനാൽ തന്റെ സഭയ്ക്ക് നൽകുവാനായി കുറെ പണവുമായി പ്പോയ താൻ അവിടെ യാഗങ്ങളെ സമർപ്പിക്കുവാനാണാഗ്രഹിച്ചത്. ശുദ്ധീകരണത്തിന്റെ ക്രിയകൾ പൂർത്തിയാക്കിയ തന്നോടൊപ്പം ഒരു ജനക്കൂട്ടവുമില്ലായിരുന്നുവെന്നു തന്നെയല്ല, താനവിടെ ഒരു നിയമലംഘനവും നടത്തുകയും ചെയ്തില്ല. ആ സമയം അവിടെയുണ്ടായിരുന്ന ആസ്യക്കാരായ യഹൂദന്മാരാരെങ്കിലും വന്ന് താങ്കളോട് കുറ്റാരോപണം നടത്തുന്നതിന് താനെതിരുമല്ല എന്നു പൗ ലോസ് കൂട്ടിച്ചേർത്തു. മരിച്ചവർ പുനരുത്ഥാനം പ്രാപിയ്ക്കുമെന്ന ഒരൊറ്റ ആശയത്തിന്മേലാണ് ഇപ്പോളിവിടെ വന്നിരിക്കുന്നവർ പ്രകോപിതരായിരിക്കുന്നത്. ക്രിസ്തു മാർഗ്ഗത്തെപ്പറ്റി കുറെയൊക്കെ അറിവുണ്ടായിരുന്ന ഫെലിക്സ് പൗലോസിനെ തടവറയിൽ പാർപ്പിച്ചെങ്കിലും കുറെ സ്വാതന്ത്ര്യം നൽകുകയും അദ്ദേഹത്തിന്റെ ആവശ്യങ്ങൾ സാധിച്ചു കൊടുക്കുവാൻ ആളുകളെ ഏർപ്പെടുത്തുകയും ചെയ്തു. കുറെ ദിവസങ്ങൾക്കുശേഷം യഹൂദമതക്കാരിയായിരുന്ന തന്റെ ഭാര്യ ദ്രുസില്ലായുമൊപ്പം ഫെലിക്സ് വീണ്ടും പൗലോസിന്റെ ഭാഗം കേൾക്കുവാൻ തയ്യാറായി. എന്നാൽ നന്മയെയും, ആത്മനിയമന്ത്രണത്തെയും, ന്യായവിധി ദിവസത്തെയും പറ്റിയുള്ള പൗലോസിന്റെ വാദങ്ങൾ കേട്ടു ഫെലികിസ് ഭയപ്പെടുകയും തൽക്കാലം മാറിപ്പോകുവാൻ പൗലോസിനോട് ആജ്ഞാപിക്കുകയും ചെയ്തു. പൗലോസ് കുറെ കൈക്കൂലി വല്ലതും കൊടുക്കുമെന്നാശിച്ച ഫെലിക്സ് രണ്ടുവർഷക്കാലം അദ്ദേഹത്തെ കൈസര്യായിലെ ജയിലിൽ പാർപ്പിച്ചു.

**(b) പുതിയ ഗവർണറായ ഫെസ്തോസിനു മുൻപിൽ (25:1-12):** പുതിയ ഗവർണർ ചാർജ്ജെടുത്തതിന് മൂന്നു ദിവസത്തിനുശേഷം തന്നെ കൈസര്യായിൽ നിന്ന് യറുശലേമിലേക്ക് യാത്രയായി. അവിടെ ചെന്നുചേർന്ന അദ്ദേഹത്തിനോട് യഹൂദ നേതാക്കന്മാർ ഫെലിക്സിന്റെ കാലത്തു തടവിലാക്കപ്പെട്ട പൗലോസിനെപ്പറ്റി പറയുകയും തടവുപുള്ളിയ യറുശലേമിലേക്കയയ്ക്കണമെന്നു താല്പര്യപ്പെടുകയും ചെയ്തു. അദ്ദേഹത്തെ വധിയ്ക്കുവാൻ ഇക്കാലത്ത് യഹൂദ തീവ്രവാദികൾ തയ്യാറുമായിരുന്നു. എട്ടുപത്തു ദിവസങ്ങൾ യറുശലേമിൽ ചിലവഴിച്ച ഫെസ്തോസ് തിരികെ കൈസര്യായിൽ എത്തി പൗലോസിന്റെ ഭാഗം കേട്ടു. എങ്കിലും യഹൂദന്മാരെ തൃപ്തിപ്പെടുത്തുവാനായി പൗലോസിനോട് യറുശലേമിൽ പോകുവാൻ തയ്യാറാണോ എന്നാരാഞ്ഞപ്പോൾ പൗലോസ് മറുപടി പറഞ്ഞത് താൻ കൈസരെ അഭയം ചൊല്ലിയിരിക്കുന്ന ഒരു റോമാ പൗരനാണെന്നറിയിച്ചു.

**(c) നാട്ടുരാജാവായ ഹെരോദാവ് അഗ്രിപ്പാ രണ്ടാമന്റെ സന്നിധിയിൽ (25:13-26:32):** റോമാ ഗവർണറുമാരുടെ എപ്പോഴുമുള്ള നിലപാടായിരുന്നു മതപരമായി തടവിലാക്കപ്പെട്ടവരുടെ കാര്യം തീർപ്പാക്കുന്നതിനു മുൻപ് യഹൂദ നാട്ടുരാജാവിന്റെ കൂടെ സമ്മതം വാങ്ങുകയെന്നത്. ഫെസ്തോസിനെ സന്ദർശിക്കുവാൻ വന്ന അഗ്രിപ്പാ രണ്ടാമനോട് പുതിയ ഗവർണർ പൗലോസിനെപ്പറ്റി പറഞ്ഞതനുസരിച്ച് അദ്ദേഹം പൗലോസിനെ വിസ്തരിച്ചു. അദ്ദേഹത്തിന്റെ സന്നിധിയിലെത്തിയ പൗലോസ് തുടക്കം മുതൽ തന്നെ തന്റെ തീഷ്ണമായ യഹൂദമതത്തെപ്പറ്റി പറഞ്ഞശേഷം ദമാസ്ക്കോസിലെക്കുള്ള വഴിയിൽ ലഭിച്ച ദർശനം വിവരിച്ചു. അപ്പോസ്തോല പ്രവർത്തികളിൽ ഇതു മൂന്നാം തവണയാണ് ഈ വിവരണം നാം വായിക്കുന്നത് (9:1-20; 22:6-16). ഇക്കാര്യങ്ങളെല്ലാം ഫെസ്തോസിന്റെയും അഗ്രിപ്പാ രാജാവിന്റെ പത്നിയായിരുന്ന ബർണ്ണിക്കായുടെയും സാന്നിദ്ധ്യത്തിലാണ് പൗലോസ് പറഞ്ഞത്. വിവരണം കേട്ട ഫെസ്തോസ് പൗലോസിന് ഭ്രാന്തുണ്ട് എന്നു വിളിച്ചു പറഞ്ഞു. എങ്കിലും അഗ്രിപ്പാ രണ്ടാമൻ ഫെസ്തോസിനു കൊടുത്ത ഉപദേശം പൗലോസ് റോമാ ചക്രവർത്തിയെ അഭയം ചൊല്ലിയില്ലായിരുന്നുവെങ്കിൽ അപ്പോൾ തന്നെ വെറുതെ വിടാമെന്നായിരുന്നു. കാരണം യഹൂദ തീവ്രവാദികൾ ആക്ഷേപിയ്ക്കുന്നതുപോലെയുള്ള കാര്യങ്ങൾ ഒന്നും ചെയ്തതായി അഗ്രിപ്പാവിനു ബോധ്യപ്പെട്ടില്ല എന്നതായിരുന്നു.




പ്രാർത്ഥനാപൂർവ്വം...

# KURIAKOSE GREGORIOS COLLEGE PAMPADY KOTTAYAM

**COURSES OFFERED**

**AIDED : B.A Economics, B. Com, B.Sc. Physics, B.Sc. Chemistry, B.Sc. Zoology, B. Sc Food Science & Quality Control, M. Com, M.Sc. Zoology, Ph.D. in Commerce**

**Self-Financing: BBA (60 seats), B.A. English (24 seats)**

Website: www.kgcollege.ac.in Phone: 0481-2505212, 2508212 Email : mail@kgcollege.ac.in

# കെ. മാത്തൻ :

## സമുന്നത സഭാ സ്നേഹിയും നിയമ പണ്ഡിതനായ പത്രപ്രവർത്തകനും




– കെ. വി. മാമ്മൻ കോട്ടയ്ക്കൽ

പ്രശസ്തമായ കുറിച്ചി പുത്തൻപുരയ്ക്കൽ കരുനാട്ടു വീട്ടിൽ കെ. മാത്തന്റെ നിര്യാണം മൂലം മലങ്കരസഭയ്ക്ക് ഒരു സമുന്നത മിത്രവും പത്രപ്രവർത്തനരംഗത്തിന് ഒരു മികച്ച നിയമപണ്ഡിതനുമാണ് നഷ്ടപ്പെട്ടിരിക്കുന്നത്. രണ്ടുമേഖലകളിലും ഉണ്ടായിരിക്കുന്ന ഈ നഷ്ടം നികത്താൻ വർഷങ്ങൾ വേണ്ടിവരും.

മലങ്കരസഭയുടെ വലിയ ബാവാ എന്നറിയപ്പെടുന്ന മൂന്നാം കാതോലിക്കായായ–എന്റെ സീനിയർ സുഹൃത്തും സഭാ കവിയുമായ സി.പി. ചാണ്ടിയുടെ ഭാഷയിൽ പറഞ്ഞാൽ “കർമ്മേൽ മലപോൽ ഉന്നതനും ഹെർമ്മോനിൻ പനി നിർമ്മലനും ആയ–ഗീവർഗീസ് രണ്ടാമൻ ബാവായുടെ കല്ലാശ്ശേരിൽ കുടുംബവുമായുള്ള അടുത്ത ബന്ധം മൂലവും പൈതൽ പ്രായം മുതലേ ബാവായുടെ സ്നേഹവാത്സല്യങ്ങൾ ലോഭമെന്യേ ലഭിച്ച കെ. മാത്തനു സഭാ സ്നേഹം വളർത്തിയെടുക്കാൻ നിഷ്പ്രയാസം സാധിച്ചു. കഴിഞ്ഞ ജനുവരി ആദ്യം 96–ാം വയസ്സിൽ എത്തി അന്തരിക്കുന്നതുവരെയും അദ്ദേഹം മലങ്കരസഭയെ നെഞ്ചോടു ചേർത്തു പിടിച്ചാണു ജീവിച്ചത്. പ്രസിദ്ധമായ കുറിച്ചിയിലെ പത്രോസ് - പൗലോസ് ശ്ലീഹന്മാരുടെ നാമത്തിലുള്ള പള്ളിയുടെ സാമീപ്യവും പള്ളിയാരാധനകളുടെ ഭക്തിനിർഭരവും ഇമ്പകരവുമായ ആത്മീയ സ്വാധീനവും പരപ്രേരണ കൂടാതെ കെ. മാത്തനെ ഒരു വലിയ സഭാ ഭക്തനാക്കി മാറ്റി എന്നതാണു സത്യം.” മറ്റൊരു വിധത്തിൽ പറഞ്ഞാൽ പള്ളിയും അവിടത്തെ ആരാധനകളും വീട്ടിലെ പ്രാർത്ഥനകളും മാത്തനെ പാളം തെറ്റാതെ ഓടുന്ന തീവണ്ടിയെപ്പോലെ നേർപാതയിലൂടെ മുന്നോട്ടു പോകാൻ സഹായിച്ചു”.

നിയമബിരുദം കരസ്ഥമാക്കിയ ശേഷം സാധാരണ ഗതിയിലുള്ള അഭിഭാഷകവൃത്തിയിൽ പ്രവേശിക്കാതെ മലയാള മനോരമ പത്രാധിപസമിതിയിൽ ചേരുകയും നിയമസംബന്ധമായ വാർത്തകളുടെ മർമ്മം മനസ്സിലാക്കി എഡിറ്റിംഗിലും മറ്റും കൂടുതൽ ശ്രദ്ധിക്കുകയും ചെയ്തു. ഇംഗ്ലീഷ് വാർത്താ ഏജൻസികൾ നൽകുന്ന വാർത്തകളെ അവയുടെ സാരവും നീരും ഒട്ടും ചോർത്തിക്കളയാതെ വളരെ സൂക്ഷ്മതയോടെയാണു മാത്തൻ തർജ്ജമ ചെയ്തുവന്നത്. ഇതിനു മറ്റുള്ളവരെക്കാൾ അല്പം കൂടുതൽ സമയം എടുക്കേണ്ടിവരും. കൃത്യത പത്രപ്രവർത്തനത്തിന്റെ ഒരു മുഖ്യ ഘടകം ആണെന്നും ഓർക്കുക.



കെ. മാത്തന്റെ ചില പുസ്തകങ്ങൾ

കോടതി ഭാഷയും സങ്കീർണ്ണമായ വിധിന്യായങ്ങളും മറ്റും ലളിതസുന്ദരമായ മലയാളത്തിൽ പരിഭാഷപ്പെടുത്തണമെങ്കിൽ നിയമ വൈദഗ്ധ്യം അനിവാര്യമാണെന്നു പറയാൻ എന്റെ അനുഭവം എന്നെ നിർബന്ധിക്കുന്നു. മുപ്പത്തിയെട്ടുവർഷത്തെ മനോരമയിലെ പത്രപ്രവർത്തന ജീവിതത്തിൽ എനിക്കു സാധാരണ നിയമവിഷയങ്ങൾ കൈകാര്യം ചെയ്യാനിടയാകാഞ്ഞതു മാത്തുക്കുട്ടിയെപ്പോലെയുള്ള ഒരു ഉത്തമനായ സഹപ്രവർത്തകനെ ലഭിച്ചതുകൊണ്ടാണെന്നു പറയുന്നതിൽ ഒട്ടും അതിശയോക്തിയില്ല.

കഴിഞ്ഞ നൂറ്റാണ്ടിലെ മലങ്കര സഭാ കേസുകളുടെ ചരിത്രം എല്ലാം തർജ്ജമചെയ്തും എഡിറ്റു ചെയ്തും തെറ്റുതിരുത്തിയും കെ. മാത്തൻ തന്നതുകൊണ്ടാണ് എന്റെ ചുമതലയിലുള്ള കോട്ടയ്ക്കൽ പബ്ലിഷേഴ്സ് എന്ന പ്രസിദ്ധീകരണ ശാല സഭാ സംബന്ധമായ പ്രധാനപ്പെട്ട സകല കേസുകളും വിധികളും പുസ്കതക രൂപത്തിൽ ഇറക്കിയത്. അതിൽ പ്രധാനപ്പെട്ടതാണ് “മലങ്കരസഭാ കേസുകളുടെ സമഗ്ര സമാഹാരം” എന്ന പ്രശസ്തമായ കൃതി. ഇന്നു ഇത് ലഭ്യമല്ല.

1958–ലെ സുപ്രീം കോടതി വിധി മൂലമാണ് സഭയിൽ സമ്പൂർണ്ണ സമാധാനം ഉണ്ടായത്. ആ വിധി സഭയുടെ

‘മാഗ്നാകാർട്ട’ എന്ന പേരിൽ മാത്തുക്കുട്ടി തർജ്ജിമ ചെയ്ത് പ്രസിദ്ധീകരിച്ചതും ഞാനാണ്. അതിൽ ഗീവർഗീസ് രണ്ടാമൻ കാതോലിക്കാ ബാവായാണു യഥാർത്ഥ മലങ്കര മെത്രാപ്പോലീത്തായും കാതോലിക്കായുമെന്നു സുപ്രീം കോടതിയുടെ അഞ്ചംഗ ഭരണഘടന ബെഞ്ചു ഊന്നിപ്പറഞ്ഞിട്ടുണ്ട്.

മാത്തുക്കുട്ടി രചിച്ച നിയമപ്രധാനമായ പുസ്തകങ്ങളിൽ ഒന്നാം സ്ഥാനത്തു നിൽക്കുന്നതു “നിയമനിഘണ്ടു-ഇംഗ്ലീഷ് മലയാളം” എന്നതാണ്. അത് കോട്ടയത്തെ സാഹിത്യ പ്രവർത്തക സഹകരണസംഘം എന്ന പ്രമുഖ പ്രസിദ്ധീകരണ ശാലയാണ് ഏറ്റെടുത്ത് അച്ചടിച്ചു വിതരണം ചെയ്യുന്നത്. അഭിഭാഷകർക്കും നിയമ വിദ്യാർത്ഥികൾക്കും ഈ നിഘണ്ടു വളരെ പ്രയോജനകരമാണ്. നമ്മുടെ രാജ്യത്തെ കോടതികൾ, നമ്മുടെ നിയമസഭ, ജനം അറിഞ്ഞിരിക്കേണ്ട നിയമകാര്യങ്ങൾ, നമ്മുടെ സംസ്ഥാനത്തെ ജയിലുകൾ, നമ്മുടെ പോലീസ് തുടങ്ങിയവയാണ് മറ്റ് പ്രധാന കൃതികൾ.

മഹാനായ കെ.സി. മാമ്മൻ മാപ്പിളയുടെ ജീവിത സായാഹ്നത്തിൽ (1953 ൽ) മനോരമയുടെ പത്രാധിപസമിതിയിൽ നിയമിക്കപ്പെട്ട ഞാൻ ജോലി ആരംഭിച്ച് ഏതാനും വർഷങ്ങൾ കഴിഞ്ഞാണു കെ. മാത്തൻ മനോരമയിൽ എത്തുന്നത്. അദ്ദേഹത്തിന്റെ പ്രായത്തെ മുൻ നിർത്തി സഹപ്രവർത്തകരെല്ലാം തന്നെ കെ. മാത്തനെ “അച്ചായൻ” എന്നാണു സ്നേഹപൂർവ്വം വിളിച്ചു വന്നത്. ഞങ്ങൾ ഏതാണ്ടു സമപ്രായക്കാരായിരുന്നു എങ്കിലും ഞാനും അച്ചായൻ എന്നു വിളിക്കുന്നതിൽ ഉത്സുകനും സന്തുഷ്ടനും ആയിരുന്നു.

കെ. മാത്തന്റെ ഭാര്യ കഴിഞ്ഞവർഷം നിര്യാതയായ ലീലാമ്മ മേപ്രായിലെ പ്രശസ്തമായ കണിയാന്ത്ര കുടുംബാംഗവും, പത്തനാപുരം താബോർ ദയറാ അംഗവും ഡൽഹി ഭദ്രാസന മെത്രാപ്പോലീത്താ ആയിരുന്ന ഡോ. ജോബ് മാർ പീലക്സീനോസിന്റെ കസിനുമാണ്.

മക്കൾ: പരേതനായ കുര്യൻ മാത്യു, ബീന കോശി, കോശി മാത്യു. മരുമക്കൾ: തിരുവനന്തപുരം മാടവന ലതാ കുര്യൻ, കെ.വി. കോശി മുളപ്പനേട്ടുകണ്ടത്തിൽ, മിറിയം കോശി ചെമ്മരപ്പള്ളിൽ മാങ്ങാനം.

പുസ്തകശാല

## ഗുരുരത്നം

**ഫാ. ഡോ. റ്റി.ജെ ജോഷ്വ**

**ജീവിതം/നിയോഗം/ ദർശനം**

**ഫാ.ഡോ. ജോൺ തോമസ് കരിങ്ങാട്ടിൽ**




CSS Books, Thiruvalla
pages:180,
വില: 230

മലയാള സാഹിത്യത്തിലും വേദശാസ്ത്ര ബോധനത്തിലും വേദവ്യാഖ്യാനത്തിലും പ്രകാശം പരത്തുന്ന മഹാപ്രതിഭയാണ് ഫാ.ഡോ.റ്റി.ജെ. ജോഷ്വ. അദ്ദേഹത്തിന്റെ ജീവിതവും നിയോഗവും ദർശനവും ഹൃദ്യമായി ആവിഷ്ക്കരിച്ചിരിക്കുന്ന ഗ്രന്ഥമാണ് -‘ഗുരുരത്നം’.

GSTIN : 32AEEPD3742C1ZA



പള്ളികളുടെ
മനോഹാരിതയ്ക്കു വേണ്ടി
മദബഹായും പള്ളി ഹാളുകളും,
വിദേശ നിർമ്മിത സിന്തറ്റിക്ക് കാർപ്പറ്റുകളും
കയർ കാർപ്പറ്റുകളും ഉപയോഗിച്ച്
ആകർഷണീയമായി ഫർണിഷിംഗ്
ഓർഡർ അനുസരിച്ച്
ചെയ്തു കൊടുക്കുന്നു

PEEJAY COIR & CARPET
FURNISHING COMPANY

East of St. Thomas Orthodox Church, Alleppey, Kerala.
Mob : 9495268869 / 8921627661

Proprietor
K. V. DANIEL

• 30 വർഷത്തെ പാരമ്പര്യം • പരിചയ സമ്പന്നരായ ജോലിക്കാർ

# പുതുതലമുറക്കാലത്തെ ആരാധനാ വിചിന്തനങ്ങൾ

സുഹൃത്തിന്റെ വീട്ടിൽ പ്രായമായ അമ്മച്ചിയെ കാണാൻ പോയതാണ്. ഞായറാഴ്ച വൈകുന്നേരമായതുകൊണ്ട് ചോദിച്ചു "പള്ളീൽ കണ്ടില്ലല്ലോ? എവിടെയാ കുർബ്ബാനയ്ക്ക് പോയത്?" കുശലാന്വേഷണ മട്ടിൽ ചോദിച്ചുപോയതാണ്. ആ ചോദ്യം അവിടെ വലിയ ഒരു വെടിപ്പുരയിലേക്ക് ഒരു തീപ്പന്തം പോലെയാണ് ആ ചോദ്യം ചെന്നു വീണത് എന്ന് പിന്നീടാണ് മനസ്സിലായത്. "അതിന് ആര് പള്ളീൽ പോയിട്ടാണ്?" മക്കൾ രണ്ടുപേരും മൊബൈലും കുത്തി ഇരുന്നു. അവരെ നേർവഴി നടത്തേണ്ട അപ്പൻ ദാ കട്ടിലിൽ കിടന്ന് ടിവി കുർബ്ബാന കണ്ടു. ഞായറാഴ്ച കുർബ്ബാന മുടക്കുന്നത് എങ്ങനെയാണെന്ന് വിചാരിച്ച് ഞാൻ മാത്രം പോയി-ഇങ്ങനെ നാണം കെട്ട് പോകാൻ ഞാനില്ല. എല്ലാവരും കൂടി വരുന്നുണ്ടെങ്കിൽ മാത്രമേ അടുത്ത ഞായറാഴ്ച മുതൽ ഞാനും പോകുന്നുള്ളൂ-കട്ടക്കലിപ്പിലാണ് ആനി. നിഷ്കളങ്കമായ ഒരുചിരിയോടെ "അത് ഞാൻ. അമ്മയ്ക്ക് കൂട്ടിരുന്നതല്ലേ" എന്ന് പറഞ്ഞ് ഒഴിയാൻ നോക്കി സുഹൃത്ത്. "അതേ അതേ-അപ്പന് കിടപ്പ് കുർബ്ബാന ആണെങ്കിൽ, മക്കൾക്ക് നടപ്പ് കുർബ്ബാന"-കലി തീരാത്ത ആനി കയർത്തു.

**കുർബ്ബാന-കലി തീരാത്ത ആനി കയർത്തു.**

അതുവരെ പമ്മി നിന്ന ഡിഗ്രി വിദ്യാർത്ഥിയായ മകൾ അല്പം കുറ്റബോധത്തോടെ പറഞ്ഞു "അങ്കിൾ, നമ്മുടെ കുർബ്ബാന വളരെ നീണ്ടു. പോരാഞ്ഞിട്ട് പ്രസംഗവും അനൗൺസ്മെന്റും എല്ലാം കഴിയുമ്പോൾ ആകെ മടുത്തു പോകും. ഞാൻ ഹോസ്റ്റലിൽ ഉള്ളപ്പോൾ അവിടെ കാത്തലിക് പള്ളിയിൽ പോകും. അവിടെയാകുമ്പോൾ വേഗം കഴിയും. പെങ്ങളുടെ പ്രതികരണത്തിൽ നിന്നും പ്രചോദനം ഉൾക്കൊണ്ട് എന്ന വണ്ണം സഹോദരനും പറഞ്ഞു "അതേ അങ്കിൾ-എത്ര ലോംഗ് ആണ് നമ്മുടെ സർവീസ്?"

"പുതിയ തലമുറ പള്ളിയിൽ വരുന്നില്ല, കുർബ്ബാനയിലും കൂദാശകളിലും അവർക്ക് താല്പര്യമില്ല" എന്നിങ്ങനെ പരിഭവിക്കാത്ത സഭാസ്നേഹികൾ ഇല്ല. പക്ഷേ അതിനുള്ള പരിഹാരമാർഗ്ഗങ്ങൾ വേണ്ടത്ര ഗൗരവമായി പരിഗണിക്കപ്പെടുന്നുണ്ടോ എന്ന് സംശയമാണ്. ഈ പ്രശ്നത്തിന് വിവിധ തലങ്ങൾ ഉണ്ട്. എല്ലാം വിലയിരുത്താൻ തക്ക പ്രാപ്തി എനിക്കില്ല. സമഗ്രമായ ഒരു പഠനം വൈദിക സെമിനാരിയുടെ നേതൃത്വത്തിൽ നടത്തുകയാണെങ്കിൽ നന്നായിരിക്കും. മനഃശാസ്ത്രപരമായ അറിവുകളുടെയും നിരീക്ഷണങ്ങളുടെയും അടിസ്ഥാനത്തിൽ മാത്രം ചില ചിന്തകൾ പങ്കുവയ്ക്കട്ടെ.

**ഒന്ന്,** പുതിയ തലമുറയുടെ തലച്ചോർ ഡിജിറ്റൽ യുഗത്തിൽ രൂപപ്പെട്ടതാണ്. അതിന്റെ ഏകാഗ്രതാ സമയം (attention span) താരതമ്യേന കുറവാണ്. ഏകാഗ്രത ഇല്ലാതെ നമ്മുടെ ആരാധനയിൽ സംബന്ധിച്ചാൽ അത് ഒട്ടും ആസ്വാദ്യകരമായ അനുഭവം ആയിരിക്കില്ല. ആയതിനാൽ 45 മിനിറ്റ്-60 മിനിറ്റ് കൊണ്ട് തീരത്തക്ക രീതിയിൽ ഒരു short version കുർബ്ബാനയ്ക്ക് പരീക്ഷണാടിസ്ഥാനത്തിൽ എങ്കിലും നടപ്പാക്കുവാൻ നമുക്ക് കഴിയുമോ?

**രണ്ട്,** വി. കുർബ്ബാന മദ്ധ്യേയുള്ള പ്രസംഗം ഏവൻഗേലിയോൻ വായന കഴിഞ്ഞാലുടൻ 5-7 മിനിറ്റ് സമയം മാത്രം എടുത്ത് നടത്തുന്നത് അഭികാമ്യമല്ലേ?

**മൂന്ന്,** അനാവശ്യമായ അനൗൺസ്മെന്റുകൾക്ക് അവയുടെ വിശദീകരണങ്ങളും ഒഴിവാക്കിക്കൂടെ?





**ഡോ. വർഗീസ് പുന്നൂസ്**
**പണിക്കശ്ശേരിൽ**


**നാല്,** ജന്മദിനം, വിവാഹ വാർഷികം തുടങ്ങിയ സ്വകാര്യമായ വിവരങ്ങൾ പരസ്യമായി പള്ളിയിൽ അനൗൺസ് ചെയ്യുന്നത് യുവതലമുറ പൊതുവേ ഇഷ്ടപ്പെടുന്നില്ല. നമ്മുടെ പാരമ്പര്യത്തിൽ അത് ഇല്ലാത്തതുമാണ്. ഇടക്കാലത്ത് കയറി വന്ന ഈ ആചാരം നിർത്താമോ എന്ന് പരിശോധിച്ചു കൂടേ?

**അഞ്ച്,** വി. കുർബ്ബാനയുടെയും, ആചാരങ്ങളുടെയും പ്രതീകാത്മകത, ചരിത്രപരമായ പശ്ചാത്തലം, അർത്ഥം എന്നിവ മനസ്സിലാക്കി കൊടുക്കുക. അവ പ്രതിനിധാനം ചെയ്യുന്ന മഹത്തായ പാരമ്പര്യത്തിന്റെയും പൈതൃകത്തിന്റെയും സവിശേഷതയെപ്പറ്റി അഭിമാനമുണ്ടാക്കി കൊടുക്കുക.

"നിങ്ങളുടെ അച്ചൻ ധൂപക്കുറ്റി കുലുക്കിക്കൊണ്ട് അതിൽ നിന്ന് തീയും പുകയും ആയി കബറിന്റെ ചുറ്റും നടക്കുന്നതെന്തിനാ" എന്ന് പരിഹാസപൂർവ്വം പ്രൊട്ടസ്റ്റന്റ്കാരിയായ കൂട്ടുകാരി ചോദിക്കുമ്പോള് അപമാനിതയായി തലകുനിച്ച് നിൽക്കുന്ന ഓർത്തഡോക്സ് പെൺകുട്ടികളെ കണ്ടിട്ടുണ്ട്. "നിങ്ങൾ പുത്തൻ കൂറ്റുകാരല്ലേ-ഞങ്ങളാണ് പഴയ കൂറ്റുകാർ" എന്ന് അവമതിപ്പോടെയുള്ള കമന്റുകൾക്ക് ചരിത്രബോധത്തോടെ മറുപടി പറയാൻ കഴിയാതെ പതുങ്ങി നിൽക്കുന്ന ഓർത്തഡോക്സ് ആൺകുട്ടികളെയും കണ്ടിട്ടുണ്ട്.

കാലത്തിനൊത്ത് നാം മാറിയില്ലെങ്കിൽ നമ്മുടെ ഇളം തലമുറ സഭാ ജീവിതത്തിൽ നിന്നു തന്നെ മാറിപ്പോകും. നമസ്കാരങ്ങളും കൂദാശകളും നോമ്പും ഒക്കെ അവരുടെ ജീവിതവുമായി കണക്ട് ചെയ്യണമെങ്കിൽ കാലാനുസൃതമായ മാറ്റങ്ങൾ വരുത്തിയേ തീരൂ. യുവതലമുറയുടെ കുടിയേറ്റം കണക്കിലെടുത്ത് പുതിയ ഭദ്രാസനങ്ങൾ വരുന്നത് വളരെ നല്ലതു തന്നെ. പക്ഷേ അവരുടെ മാനസിക ഭാവങ്ങളിലും ചിന്താഗതിയിലും ജീവിത ശൈലിയിലും വന്നുകൊണ്ടിരിക്കുന്ന വലിയ മാറ്റങ്ങൾക്ക് മാച്ച് ചെയ്യുന്ന രീതിയിൽ നമ്മുടെ ആരാധനാ ക്രമങ്ങളെ രൂപപ്പെടുത്തി എടുക്കുക എന്ന ടാസ്ക് ആണ് മർമ്മ പ്രധാനം.

"കുരുമുള് പൊടി അവർ കടത്തിക്കോട്ടെ-സാരമില്ല, നമ്മുടെ ഞാറ്റുവേല അവർക്ക് കടത്തിക്കൊണ്ടു പോവാൻ കഴിയില്ലല്ലോ" പറങ്കികൾ കുരുമുളക് കടത്തുന്നതിനെപ്പറ്റി സാമൂതിരി പറഞ്ഞ ഈ നിരീക്ഷണം പ്രസിദ്ധമാണ്. ഓർത്തഡോക്സ് ആരാധന എന്ന കുരുമുളകുവള്ളി വരെ ശ്രേഷ്ഠമാണ്. പക്ഷേ പുതിയ കാലത്തിന്റെ ഞാറ്റുവേല ഇല്ലെങ്കിൽ അത് വേരിറങ്ങി ഫലം തരണമെന്നില്ല.

**Sahodaran (Brother) 2023-24**
**27-Jan-24 to 25-Feb-24**

| | |
|---|---|
| Educational Aid | 16,58,400.00 |
| Housing Aid | 12,50,000.00 |
| Marriage Aid | 1,60,000.00 |
| Medical Aid | 17,55,656.00 |
| SPECIAL AID | 1,75,847.00 |
| **Grand Total** | **49,99,903.00** |

**പദ്ധതിയിൽ അംഗങ്ങളായവരുടെ പേരുവിവരങ്ങൾ.**

**26 January 2024 to 26February 2024**

2189 Stephen George
Piralassery Cheganoor
2190 Mathew P Varghese USA
2191 Vicar, St.Marys Sehion O.C Vallamala
Mallappally
2192 Joby Philip Puramattom
2193 Manager, Bethelham Ashram
Kottarakkara Kollam
2194 Vicar, Emmanuel Orthodox Valiyapally
Nariyanpara Thumpamon
2195 Sr.Rebecca
st.Marys Convent Kozhimala Thiruvalla
2196 Jose A, Arupala Ooramana Ernakulam
2197 Saji Joseph Kuzhimattom
2198 K.A John Karikode
2199 Vicar, St.Gabriel Orthodox Valiyapally
Nallila, Kollam
2200 Justine Jacob USA
2201 Joel & Angel Devagiri Kangazha
2202 C.E Jacob Kunnackal Valakom
2203 K.P Baby, Kaliparambil Edavattom ,
Thalayolaparamb
2204 Fr.O.V Elias Ambalamed
2205 Baselios College Kottayam
2206 Muthoot Fincance LTD Kottayam
2207 A.P Joseph Cheganoor
2208 Fr.M.C paulose, St.Gregorios Medical
Mission Hospital, Parumala,Thiruvalla,PTM
2209 Prof.S Ninan Vazhakkala, kakkanad,kochi
2210 Selina Pampakuda, Pampakuda ,
Ernakulam
2211 Sosamma Joseph Ambadimoola
Ernakulam
2212 Secretary, Diocese of Thumpamon
Basil Aramana Pathanamthitta
2213 Vicar, St.Elias Orthodox Church,
Budhanoor Pathanamthitta
2214 Vicar, St.Pauls Orthodox Syrian Church
Pallom Kottayam
2215 Molly Abraham Devalokam Kottayam
2216 Ashok Simon Vennala Kochi
2217 Rajan C.M Karikkad Trichur
2218 Secretary, St.Thomas Sr.Seconday School,
Hariyana
2219 George Thomas Valakom, Kunnackal
2220 H.G.Yakob Mar Elias Metropolitan
Magalore
2221 Vicar St.Thomas Orthodox Syrian
Church,Ajmeer Road Jaipur Rajasthan
2222 John Mathai Dhanya Group of
Companies Sharjah UAE
2223 Jacob Mathew National Air Cargo, Dubai
2224 mathew Thomas Mulayirikal
2225 Mathew T.M
2226 Regi Philipose Eruva East Kayamkulam
2227 Fr.Mathew Nedumparampil
2228 Sunijincy Pampady
2229 Fr.Anil Joy [Pathrose Joy,
St.Thomas Orthodox Church,
Ajmer Road
Rajasthan
2230 Mathew Chugathara
2231 Mathi Mathai Arakkadavil
2232 Mathew T.J Puthencavu, Chengannur
2233 Vinu Kuriakose

**Address:**
Baselios Marthoma Mathews III,
Catholicate Aramana, Devalokam,
Kottayam-686004, Kerala, India

**Malankara Orthodox Syrian Church**

***ACCOUNT DETAILS:***

*Indian Currency*

| | | |
|---|---|---|
| Account Name | : | Baselios Marthoma Mathews III |
| Account Number | : | 50220001884863 |
| IFSC | : | ESMF0001132 |
| Bank & Branch | : | ESAF Small Finance Bank, Kottayam |

*Foreign Currency*

| | | |
|---|---|---|
| Account Name | : | Malankara Orthodox Syrian Church |
| Account Number | : | 40059833606 (FCRA Savings Account) |
| IFSC | : | SBIN0000691 |
| Bank & Branch | : | State Bank of India, New Delhi Main Branch |
| Swift | : | SBININBB104 |


Catholicate Aramana,
Devalokam P.O.(Via.)
Muttambalam,
Kottayam-686004,
Kerala, India
Tel no. 0481 2578500,
2578499,
*Email:*
catholicos@mosc.in
*Web Manager :*
webmanager@mosc.in
*Public Relations officer :*
pro@mosc.in


**സംഭാവനയായി പണം അക്കൗണ്ടിലേക്ക് ട്രാൻസ്ഫർ ചെയ്യുന്നവർ 9074925272 എന്ന വാട്ട്സപ് നമ്പറിലേക്ക് അഡ്രസ്സ് അയയ്ക്കുക.**



മലങ്കരസഭാ ഗുരുരത്നം ഫാ.ഡോ. റ്റി.ജെ ജോഷ്വായുടെ ബൈബിൾ ചിന്തകളും ജീവിത ദർശനവും വെളിപ്പെടുത്തുന്ന സുവർണ്ണപുസ്തകം പ്രകാശിതമായി. ജോഷ്വാച്ചന്റെ 96-ാം ജന്മദിനത്തിൽ പ.ബസേലിയോസ് മാർത്തോമ്മാ മാത്യൂസ് തൃതീയൻ ബാവാ, അഭി. ഡോ. യൂഹാനോൻ മാർ ദീയസ്കോറസ് മെത്രാപ്പോലീത്തയ്ക്കു നൽകി പ്രകാശനം ചെയ്തു. ഡോ. പോൾ മണലിൽ ഗ്രന്ഥപരിചയവും ഫാ.ഡോ.റ്റി.ജെ ജോഷ്വ മറുപടി പ്രസംഗവും നടത്തി. മഷിക്കൂട്ട് പ്രസിദ്ധീകരിച്ച പുസ്തകത്തിന്റെ എഡിറ്റർ ഡോ. തോമസ് കുരുവിളയാണ്.

## 48 യൂണിവേഴ്സിറ്റി റാങ്കുകൾ നേടി ഭിലായി സെൻറ് തോമസ് കോളേജ്

2022-23 അധ്യയന വർഷത്തിൽ 48 യൂണിവേഴ്സിറ്റി റാങ്കുകൾ നേടി ഭിലായ് സെന്റ് തോമസ് കോളേജ് മികച്ച നേട്ടം കൈവരിച്ചു. വിവിധ ബിരുദാനന്തര ബിരുദത്തിനും ബിരുദ കോഴ്സുകൾക്കുമായാണ് വിദ്യാർത്ഥികൾ പണ്ഡിറ്റ് രവിശങ്കർ ശുക്ല സർവകലാശാലയിൽ ശ്രദ്ധേയമായ മികവ് നേടിയത്. റാങ്ക് ജേതാക്കളായ വിദ്യാർത്ഥികളേയും പരിശീലിപ്പിച്ച അധ്യാപകരെയും ഛത്തീസ്ഗഢ് സംസ്ഥാന പ്ലാനിങ് ബോർഡ് അംഗം ഡോ. കെ. സുബ്രഹ്മണ്യം അനുമോദിച്ചു. ചെയർമാൻ അലക്സിയോസ് മാർ യൗസേബിയോസ് മെത്രോപോലീത്ത അധ്യക്ഷത വഹിച്ചു. അഡ്മിനിസ്ട്രേറ്റർ ഫാ.ഡോ. ജോഷി വർഗീസ്, പ്രിൻസിപ്പൽ ഡോ. എം. ജി. റോയ്മോൻ, ഡോ. സൂസൻ ആർ എബ്രഹാം തുടങ്ങിയവർ പ്രസംഗിച്ചു.




ഡോ. സിബി തരകൻ

2

Youth Junction

# തൊഴിൽ സ്വപ്നങ്ങളും പഠന സമ്മർദ്ദവും

**സ്കൂൾ**-കോളേജ് പഠനകാലയളവിലും അതിനു ശേഷമുള്ള തൊഴിലന്വേഷണകാലത്തും നമ്മുടെ യുവതീ യുവാക്കൾ വളരെയധികം വൈകാരിക സമ്മർദ്ദം നേരിടുന്നുണ്ട്. ഈ സമ്മർദ്ദം അവരുടെ മാനസികാരോഗ്യത്തെ പ്രതികൂലമായി ബാധിക്കുകയും ജീവിതത്തിൽ ദൂരവ്യാപകമായ ഫലങ്ങൾ ഉണ്ടാക്കുകയും ചെയ്യുന്നു. എന്തൊക്കെയാണ് അവർ അഭിമുഖീകരിക്കുന്ന വെല്ലുവിളികൾ?

വിദ്യാഭ്യാസത്തിന്റെയും കരിയർ പ്രതീക്ഷകളുടെയും സംയോജിത സമ്മർദ്ദമാണ് യുവതീ യുവാക്കളുടെ മാനസികാരോഗ്യത്തെ ബാധിക്കുന്ന പ്രധാന പ്രശ്നം. ഉത്കണ്ഠ, വിഷാദം, തളർച്ച, ഒന്നിനോടും താല്പര്യമില്ലായ്മ എന്നിവ അതിന്റെ ഫലമായി സാധാരണമായിത്തീരുന്നു. ഉയർന്ന പ്രതീക്ഷകൾ നിറവേറ്റാൻ കഴിയുമോ എന്ന ആശങ്ക, നീണ്ടുനിൽക്കുന്ന മാനസികാരോഗ്യ വെല്ലുവിളികൾ ഉണ്ടാക്കുന്നു.

### പഠനം അഭിരുചി അറിഞ്ഞ്

പഠന രംഗത്ത് ഏറ്റവും മികച്ചവരാകാൻ യുവതീ യുവാക്കൾ ആഗ്രഹിക്കുന്നത് സ്വാഭാവികമാണ്. എന്നാൽ, പഠന ഭാരവും മത്സരവും ഏറെ കഠിനമാണ്. അവർ നന്നായി പഠിക്കുമെന്നും മത്സരിക്കുമെന്നും സുഹൃത്തുക്കളും ബന്ധുക്കളുമെല്ലാം പ്രതീക്ഷിക്കുന്നു. വിദ്യാർത്ഥിയുടെ അഭിരുചി എന്താണെന്ന് ആരും അന്വേഷിക്കാറില്ല. പഠന ഭാരം, സങ്കീർണമായ പരീക്ഷകൾ, കുടുംബാംഗങ്ങളുടെയും സമൂഹത്തിന്റെയും പ്രതീക്ഷകൾ നിറവേറ്റാനുള്ള പരിശ്രമം, എന്നിവ സമ്മർദ്ദകരമായ അന്തരീക്ഷമാണ് യുവതീ യുവാക്കളിൽ ഉണ്ടാക്കുന്നത്.

### കരിയർ പ്രതീക്ഷകൾ

അക്കാദമിക സമ്മർദ്ദം കഴിഞ്ഞാൽ പിന്നെ, നമ്മുടെ യുവാക്കൾ നേരിടുന്ന വലിയ പ്രശ്നം ഭാവിയിലെ തൊഴിലിനെക്കുറിച്ചാണ്. എഞ്ചിനീയറിംഗ് അല്ലെങ്കിൽ മെഡിസിൻ പോലുള്ള ആകർഷകമായ മേഖലകളിൽ ജോലി നേടാനുള്ള ആഗ്രഹം പലർക്കുമുണ്ട്. കുട്ടിയുടെ അഭിരുചി മനസ്സിലാക്കാതെ മാതാപിതാക്കൾ കുട്ടിയുടെ മനസ്സിൽ കടത്തിവിട്ട ആഗ്രഹമായിരിക്കാം അത്. കുടുംബത്തെയും സമൂഹത്തെയും നിരാശപ്പെടുത്തേണ്ടിവരുമോ എന്ന ഭയം യുവതീയുവാക്കളെ ആശങ്കപ്പെടുത്തുന്നു. വിജയത്തിനും പരിപൂർണ്ണതയ്ക്കും വേണ്ടിയുള്ള അധ്വാനം, യഥാർത്ഥ ജീവിതത്തിൽനിന്ന് അവരെ അകറ്റുന്നു.

### കരിയർ മാർഗ്ഗനിർദ്ദേശം

വിദ്യാർത്ഥികൾക്ക് അവരുടെ താൽപ്പര്യങ്ങൾ സ്വയം മനസ്സിലാക്കാൻ കരിയർ മാർഗ്ഗനിർദ്ദേശവും കൗൺസിലിംഗും സഹായിക്കും. തൊഴിലിനെക്കുറിച്ചുള്ള പ്രതീക്ഷകൾ യാഥാർത്ഥ്യബോധത്തോടെ വച്ചുപുലർത്താനും അത് പ്രയോജനപ്പെടും.

### സമഗ്ര വിദ്യാഭ്യാസം

ഓർമ്മശക്തിയുടെ പരിശോധനയോടൊപ്പം , വ്യക്തിപരമായ വളർച്ച, സർഗ്ഗാത്മകത, വിമർശനാത്മക ചിന്ത എന്നിവയെ വിലമതിക്കുന്ന വിദ്യാഭ്യാസ രീതി അക്കാദമിക് സമ്മർദ്ദത്തിന്റെ ഭാരം ലഘൂകരിക്കും. നിലവിലുള്ള സ്കൂൾ-കോളേജ് വിദ്യാഭ്യാസ സമ്പ്രദായത്തിൽ ഇതിനൊക്കെ പരിമിതികൾ ഉണ്ടാവാം. എന്നാൽ സഭയുടെയും ഇടവകകളുടെയും മാനേജ്മെന്റിലുള്ള വിദ്യാഭ്യാസ സ്ഥാപനങ്ങളിൽ ഇക്കാര്യങ്ങൾ ഉൾപ്പെടുത്തി പരിശീലനം നൽകാൻ കഴിയും.

### ആശയവിനിമയം

തുറന്ന ആശയവിനിമയം പ്രോത്സാഹിപ്പിക്കേണ്ടത് അത്യാവശ്യമാണ്. വിദ്യാർത്ഥികൾക്ക് അവരുടെ ആശയങ്ങൾ ഭയംകൂടാതെ പ്രകടിപ്പിക്കാൻ സ്വാതന്ത്ര്യമുള്ള ഒരു അന്തരീക്ഷം വിദ്യാഭ്യാസ സ്ഥാപനങ്ങളിലും വീട്ടിലും ഉണ്ടാകണം. വിദ്യാർത്ഥികളും മാതാപിതാക്കളും അധ്യാപകരും തമ്മിലുള്ള തുറന്ന ആശയവിനിമയം ഉണ്ടാകുമ്പോൾ വൈകാരിക സമ്മർദ്ദം കുറയുകയും സർഗഗാത്മകത ഉയരുകയും ചെയ്യും.

അഭിഷേക് എന്ന കഠിനാധ്വാനിയായ യുവാവിന് എഞ്ചിനീയറിംഗ് കോളേജിലെ പഠനവും പരീക്ഷകളും പ്രയാസമുള്ളതായിരുന്നു. ഒരു പത്ര പ്രവർത്തകനാവുക എന്ന സ്വന്തം അഭിനിവേശം മാറ്റിവച്ച്, കുടുംബാംഗങ്ങളുടെ താല്പര്യമനുസരിച്ചാണ് എഞ്ചിനീയറിംഗിനു ചേർന്നത്. പഠിച്ച നാലുവർഷവും വളരെയധികം മാനസ്സിക സമ്മർദ്ദം നേരിടേണ്ടതായി വന്നു. നല്ല ഒരു കരിയർ അവനു ലഭിക്കണമെന്ന് കുടുംബാംഗങ്ങൾ ആഗ്രഹിച്ചത് സ്വാഭാവികമായിരുന്നു. അതിന് പഠനത്തിലും പരീക്ഷകളിലും ഉയർന്ന നിലവാരം പുലർത്തേണ്ടത് ആവശ്യമാണ്.

പഠനത്തിലും പ്രൊജക്റ്റുകൾ തയ്യാറാക്കുന്നതിലുമൊക്കെ സഹപാഠികളുമായി മത്സരിക്കേണ്ടിവന്നു. അതവനെ വൈകാരികമായി തളർത്തിക്കളഞ്ഞു. ഉറക്കമില്ലാത്ത രാത്രികളിലേക്കും കടുത്ത ഉത്കണ്ഠയിലേക്കുമാണ് അത് നയിച്ചത്.

ഒരു കരിയർ തിരഞ്ഞെടുക്കുന്നതിനുള്ള സമയമായപ്പോഴും അവൻ ഏറെ മാനസ്സിക സമ്മർദ്ദത്തിലായി. ഉയർന്ന ശമ്പളമുള്ള ജോലി ലഭിക്കണമെന്നുള്ള കുടുംബാംഗങ്ങളുടെ ആഗ്രഹം ഒരു വശത്ത്; താൻ

ഇഷ്ടപ്പെടുന്ന പത്രപ്രവർത്തനമെന്ന കരിയറിനോടുള്ള അഭിനിവേശം മറുവശത്ത്. മറ്റുള്ളവരുടെ പ്രതീക്ഷകളും വ്യക്തിപരമായ ആഗ്രഹങ്ങളും സന്തുലിതമാക്കുന്നതിൽ അവൻ ഏറെ പ്രയാസപ്പെട്ടു. വിശ്വാസമുള്ള ഒരു അധ്യാപകനുമായി പ്രശ്നങ്ങൾ ചർച്ചചെയ്തപ്പോൾ പ്രത്യാശയുടെ പൊൻകിരണങ്ങൾ അവൻ കണ്ടു.

കുറേക്കാലം എൻജിനീയറായി ജോലിചെയ്തതിനുശേഷം അവിടെനിന്നു ലഭിക്കുന്ന അനുഭവങ്ങളുടെ വെളിച്ചത്തിൽ പത്രപ്രവർത്തന രംഗത്തേക്ക് കടക്കാൻ തീരുമാനിച്ചു. സ്വകാര്യ മേഖലയിൽ ലഭിച്ച ജോലിയോടൊപ്പം വൈകുന്നേരങ്ങളിൽ ജേർണലിസം പഠനവും ആരംഭിച്ചു.

‘നിങ്ങൾ എന്തെങ്കിലും നേടുവാൻ തീവ്രമായി ആഗ്രഹിക്കുമ്പോൾ, അതുനേടിത്തരുന്നതിനായി പ്രപഞ്ചം മുഴുവൻ നിങ്ങൾക്കുവേണ്ടി ഗൂഢാലോചന നടത്തു'മെന്ന് പൗലോ കൊയ്‌ലോ പറഞ്ഞതുപോലെതന്നെ സംഭവിച്ചു. ജേർണലിസം പഠനം പൂർത്തിയായി ഒരുവർഷം കഴിഞ്ഞപ്പോൾ, അതേ കമ്പനിയിൽ ഒഴിവുവന്ന പബ്ലിക് റിലേഷൻസ് ഓഫീസറുടെ ജോലി അഭിഷേകിന് ലഭിച്ചു.

വിദ്യാഭ്യാസത്തിലും കരിയർ പ്രതീക്ഷകളിലും ഉണ്ടാകുന്ന വൈകാരിക സമ്മർദ്ദത്തിന്റെ ചുഴലിക്കാറ്റിൽ അകപ്പെട്ട് നട്ടംതിരിയുന്ന യുവാക്കളുടെ കഥകൾ വലിയൊരു സൂചനയാണ് നൽകുന്നത്. കൂടുതൽ സന്തുലിതവും സഹായോന്മുഖവുമായ വിദ്യാഭ്യാസ സമ്പ്രദായം രൂപം കൊള്ളേണ്ടിയിരിക്കുന്നു.

വൈകാരിക സമ്മർദ്ദം നേരിടുന്നവർ വിപാസ്സനയുടെ ഹെൽപ്പ് ലൈനിൽ വിളിക്കുക: 04812584533, 8078752574.



അഖില മലങ്കര മർത്തമറിയം വനിതാ സമാജം ഒക്ടോബർ 2023-ൽ നടത്തിയ കേന്ദ്ര പരീക്ഷയിൽ പ്രീ സൂപ്പർ സീനിയർ വിഭാഗത്തിൽ കുഞ്ഞമ്മ എം. പാപ്പച്ചൻ ഒന്നാം റാങ്കു കരസ്ഥമാക്കി. ഭിലായ് മാർ ഗ്രീഗോറിയോസ് ഓർത്തഡോക്സ് ഇടവകാംഗവും എം.ഒ. പാപ്പച്ചന്റെ സഹധർമ്മിണിയുമാണ്. സെന്റ് ജോർജ് പള്ളി പടിഞ്ഞാറെത്തുരുവ് കൊട്ടാരക്കര മാത്യു ഇടവകയാണ്.







വേർപാടിന്റെ ഏഴാം വർഷം
23-03-2024



Saramma Varghese

Kizhakaparambil House
Muthupala,
Vennikulam

Inserted By:
K. Kurian Varghese & Children



Sixth Death Anniversary
12.03.2024



SATHYAVAN
KOTTARAKARA

INSERTED BY

SARAMMA M.K
S.M.HOUSE
KOTTARAKARA

## BRIDEGROOM WANTED

Govt. Aided സ്കൂൾ അധ്യാപികയായ ഓർത്തഡോക്സ് യുവതി 27/167cm, M.Sc M.Ed (Mathematics), SET, KTet II&III പത്തനംതിട്ട സ്വദേശിനി. അനുയോജ്യരായ ഓർത്തഡോക്സ് യുവാക്കളിൽ നിന്നും വിവാഹാലോചന ക്ഷണിച്ചുകൊള്ളുന്നു. (ഓർത്തഡോക്സ് ശെമ്മാശൻമാർക്ക് മുൻഗണന).

**Contact No: 9495523041**
**M4marry: 5507495**

## BRIDE WANTED

Orthodox widower (38/168) without any encumbrance permanently employed as college professor at Trivandrum seeks suitable Godfearing bride.

**Contact No. :**
**9447123111**

## BRIDE WANTED

Orthodox Mechanical and Marine Engineer 32/164cm, upper middle class, runs his own business at Kottayam District seeks educated/ employed girls.

**Ph: 9846479864**

## BRIDE WANTED

Orthodox parents from Jaipur invite proposals from God-fearing girls for our son- 27/177 cm/ MBA working now at Bangalore. (from Pathanamthitta Dist). Seeking suitable alliance from girl's parents

**Ph: 9413205002**

## BRIDE WANTED

സുമുഖനും സൽസ്വഭാവിയുമായ ഓർത്തഡോക്സ് യുവാവ് 29, 170cm ഭദ്രമായ കുടുംബം, പത്തനംതിട്ട ജില്ല. ദുബായിലെ പ്രസിദ്ധവും സുസ്ഥിരവുമായ ഒരു MNC യിൽ അഞ്ചു വർഷത്തിലധികമായി മെക്കാനിക്കൽ എഞ്ചിനീയർ, B.Tech (Mech.), MBA ആയി ജോലി ചെയ്തു വരുന്നു. അനുയോജ്യമായ വിവാഹാലോചനകൾ ക്ഷണിക്കുന്നു. ദുബായ് ജോലി അഭിലഷണീയം.

**M4Id : 5451261**
**Mob. : 9496329194, 9496212027**


**മലങ്കരസഭ**

(A/c No. Malankara Sabha,
SBI, Devalokam Branch,
57017053203
IFSC Code: SBI N 0070820)

കൂടുതൽ വിവരങ്ങൾക്ക്:
0481 2573234, 9947804477

SCAN & PAY


# ഞായർ പള്ളിക്കൂടം
## 200 എപ്പിസോഡുകൾ പൂർത്തിയാക്കി :

കോവിഡ് കാലത്തു സൺഡേസ്കൂൾ വിദ്യാർഥികൾക്കായി ആരംഭിച്ചവെബ് സീരീസ് ഞായർ പള്ളിക്കൂടം മലങ്കര ഓർത്തഡോക്സ് സഭയുടെ മാർത്തോമൻ പൈതൃക സംഗമ ദിനമായ ഫെബ്രുവരി 25 ന് 200 എപ്പിസോഡുകൾ പൂർത്തിയാക്കി.

2020 മേയ് 3 ന് ആരംഭിച്ച ഞായർ പള്ളിക്കൂടം ഓർത്തഡോക്സ്സിറിയൻ സൺഡേസ്കൂൾ അസോസിയേഷന്റെ വെബ്സൈറ്റ് OSSAEBOHDANAM.COM, njayar pallikkoodam,ossae bhodhanam എന്നീ യു ട്യൂബ് ചാനലുകൾ വഴിയും അതു മായി ബന്ധപ്പെട്ട സമൂഹ മാധ്യമങ്ങളിലൂടെയും എല്ലാ ഞായറാഴ്ച്ചയും രാവിലെ 7 മണി മുതലാണ് സംപ്രേക്ഷണം.വേദപുസ്തക പഠനത്തോടൊപ്പം, ശാസ്ത്ര വിഷയ ങ്ങളും കേരള സർക്കാരിന്റെ വിവിധ വകുപ്പുകൾ നട ത്തുന്ന ബോധവൽക്കരണ പരിപാടികളുമാണ് പ്രധാന ഉള്ളടക്കം.

അഭി.ഡോ.ഗബ്രിയേൽ മാർ ഗ്രീഗോറിയോസ് മെത്രപ്പോലീത്ത,ഫാ.ഡോ.വർഗീസ്വർഗീസ്,പ്രൊഫ ഡോ.ചെറിയാൻ തോമസ്, ഡോ.ബിജു ജേക്കബ് ഐ എ & എഎസ്, ഡോ.അരുൺ ബി നായർ, ഡോ.സന്തോഷ് ജി. തോമസ് എന്നിവരാണ് പഠന വിഷയങ്ങൾക്ക് നേതൃത്വം നൽകുന്നത്.

അഭി.ഡോ.ഗബ്രിയേൽ മാർ ഗ്രീഗോറിയോസ് അധ്യക്ഷനായുള്ള മാതാ മറിയം ആശ്രമത്തിന്റെ ആഭിമുഖ്യത്തിൽ നിർമ്മിക്കുന്ന ഞായർ പള്ളിക്കൂട ത്തിന്റെ അവതാരകനും സംവിധായകനും ഡോ.സന്തോഷ് ജി. തോമസാണ്. ഛായാഗ്രഹണം സതീഷ് സാഗര, എഡിറ്റിംഗ് ലതീഷ് നെടുമ്പന.



### Form IV
### MALANKARA SABHA

| | | |
|---|---|---|
| Place of Publication | : | Kottayam |
| Periodicity | : | Monthly |
| Printer | : | Fr. Thomas Raju |
| Whether Citizen of India | : | Yes |
| Address | : | Catholicate Aramana, Kottayam |
| Publisher | : | Fr. Thomas Raju |
| Address | : | Item No.5 |
| Editor | : | Fr. Zachariah Thomas alias Fr. Reji Thomas |
| Whether Citizen of India | : | Yes |
| Address | : | Malankara Sabha Catholicate Aramana, Devalokam P.O., Muttambalam, Kottayam Kerala-686004 |
| Name&Address of the owner | : | Orthodox Sathya Viswasa Paripalana Samithy Devalokam, Kottayam-04 |

I, Fr. Thomas Raju here by declare that the particulars given above are true to the best of my knowledge and belief.

10.03.2024 Fr. Thomas Raju

# മട്ടക്കൽ കാരിക്കോട്ട് ദാനിയേൽ കത്തനാർ
# 131–ാം ചരമവാർഷികം 07/01/2024
## പരുമല പള്ളിയുടെ ആദ്യത്തെ വികാരിയും, നിരണം പള്ളിയുടെ മുപ്പച്ചനും ആയിരുന്നു



**മട്ടക്കൽ കരിക്കോട്ട് ദാനിയേൽ കത്തനാരുടെ 131–ാം ചരമവാർഷിക ആചരണം ജനുവരി ഏഴാം തീയതി നിരണം സെന്റ് മേരീസ് വലിയപള്ളിയിൽ ആചരിച്ചു.**

മട്ടയ്ക്കൽ കാരിക്കോട്ട് ദാനിയേൽ കത്തനാർ, പരുമല പള്ളിയുടെ ആദ്യത്തെ വികാരിയായിരുന്നു.

പരുമല തിരുമേനിയുടെ കൂടെ വൈദിക സംഘത്തിന്റെ ട്രഷറാർ ആയും പ്രവർത്തിച്ചിട്ടുണ്ട്.

ദാനിയേൽ കത്തനാർ 1876–ൽ മുളന്തുരുത്തി സുന്നഹദോസിൽ നിരണം പള്ളി, പരുമല പള്ളി, തുരുത്തിക്കാട്ട് പള്ളി എന്നീ പള്ളികൾക്ക് വേണ്ടിയും പങ്കെടുത്തിട്ടുണ്ട്.

വട്ടിപ്പണക്കേസിൽ പരി. പരുമലത്തിരുമേനിയുടെ മൊഴിയിൽ കവിയൂർ സ്ലീബാ പള്ളിയെ സംബന്ധിച്ച് തിരുമേനിയുടെ വിശ്വസ്തനായ പട്ടക്കാരൻ എന്ന് ദാനിയേൽ കത്തനാരെക്കുറിച്ച് രേഖപ്പെടുത്തിയിരിക്കുന്നു.

1878 ഫെബ്രുവരി 18ന് പുലിക്കോട്ടിൽ മെത്രാപോലീത്തായുടെ അദ്ധ്യക്ഷതയിൽ കൂടിയ പരുമല സുന്നഹദോസിൽ ദാനിയേൽ കത്തനാർ പങ്കെടുത്തിരുന്നു. (മലങ്കര സഭാ വിജ്ഞാനകോശം, പേജ് 463).

കാരിക്കോട്ട് ദാനിയേൽ കത്തനാർ, ബർസ്ലീബി കത്തനാരുടെ പിതാവും,റവ.ഫാ. കെ.ബി. മാത്യൂസ് കത്തനാരുടെ (കാരിക്കോട്ടച്ചൻ) പിതാമഹനും ആണ്

---

### 58–ാം ചരമവാർഷികം
### 06–03–2024



**ബർസ്ലീബി കത്തനാർ**

**നിരണം വലിയപള്ളി മുൻ വികാരിയും മുപ്പച്ചനും**

### 20–ാം ചരമവാർഷികം
### 27–02–2024



**റവ. ഫാ. കെ. ബി. മാത്യൂസ്, കാരിക്കോട്ട്**

**പരുമല സെമിനാരി മുൻ മാനേജർ,**
**പരുമല സെ. ഗ്രിഗോറിയോസ് ആശുപത്രി സ്ഥാപകൻ,**
**നിരണം വലിയ പള്ളി മുൻ വികാരി**

**ഫാ. യാക്കോബ് റമ്പാൻ**
*മാനേജർ, ദേവലോകം അരമന*



# മനോഹരമായ കനാൻ ദേശമേ...

പഴയനിയമം നിഴലും പുതിയ നിയമം പൊരുളും ആണെന്ന് പിതാക്കന്മാർ നമ്മെ പഠിപ്പിക്കുന്നു. യാഥാർത്ഥ്യം ഉള്ളതുകൊണ്ടാണ് അതിന്റെ നിഴൽ നമുക്ക് കാണുവാൻ സാധിക്കുന്നത്. അല്ലാത്ത പക്ഷം നിഴലിന് സാംഗത്യം ഇല്ല. സ്വർഗ്ഗീയ കനാൻ നാട്ടിലേക്കുള്ള യാത്രാകരാണല്ലോ നാം. ഈ യാത്രയുടെ വൈഷമ്യങ്ങളും പ്രലോഭനങ്ങളും അപകടങ്ങളും ദുർഘടങ്ങളും എല്ലാം താണ്ടി ലക്ഷ്യസ്ഥാനത്ത് എത്തിച്ചേരാൻ ദൈവത്തിന്റെ കരം പിടിച്ചു നടക്കുക എന്നതുമാത്രമാണ് കരണീയമായിട്ടുള്ളത്. അതിലേക്ക് പഴയ നിയമ യിസ്രായേൽ ജനത്തിന്റെ കനാൻ നാട്ടിലേക്കുള്ള യാത്ര നമുക്ക് നിഴലായി നിൽക്കുന്നു.

ഒന്നാമതായി പഴയനിയമ യിസ്രായേൽ ജനം ഫറവോന്റെ അടിമത്വത്തിൽ നിന്നും ചെങ്കടൽ കടന്ന് നീണ്ട 40 വർഷം മരുഭൂമിയിലൂടെ യാത്ര ചെയ്ത് കനാൻ ദേശത്ത് എത്തി.

പുതിയനിയമ യിസ്രായേലാകുന്ന നാം സാത്താന്റെ അടിമയിൽ നിന്ന് രക്ഷ പ്രാപിച്ച് യാത്ര ചെയ്ത് സ്വർഗ്ഗീയ കനാൻ നാട്ടിൽ എത്തിച്ചേരണം. തെരഞ്ഞെടുക്കപ്പെട്ട ജാതിയായ യിസ്രായേൽ ജനം ചെങ്കടൽ കടന്നത് സ്നാനത്തിന് ഒരു മുൻകുറിയായിരുന്നു എന്ന് വി. പൗലോസ് ശ്ലീഹ നമ്മെ ഓർമ്മിപ്പിക്കുന്നു. 1. കൊരി. 10:2, “എല്ലാവരും സമുദ്രത്തിലൂടെ കടന്ന് എല്ലാവരും മേഘത്തിലും സമുദ്രത്തിലും സ്നാനം ഏറ്റു മോശയോട് ചേർന്നു”. ഫറവോന്റെ അടിമയിൽ നിന്ന് ചെങ്കടൽ സ്നാനം വഴിയായി എല്ലാവരും പ്രവേശിച്ചു. സാത്താന്റെ അടിമയിൽ നിന്നും മാമോദീസാ വഴിയായി നമ്മുടെ ഈലോക ജീവിതയാത്ര ആരംഭിക്കുന്നു. ചെങ്കടൽ കടന്ന് യിസ്രായേൽ ജനം പ്രവേശിക്കുന്നത് കനാൻ ദേശത്തേക്ക് അല്ല. മറിച്ച് ഒരു മരുഭൂമിയിലേക്കാണ്. നീണ്ട നാല്പത് വർഷത്തെ യാത്രക്കു ശേഷമാണ് കനാൻ നാട്ടിൽ പ്രവേശിക്കുന്നത്. നമ്മുടെ ഈ ലോക ജീവിതം ഒരു മരുഭൂയാത്രയാണ്. അതുകൊണ്ടാണ് പിതാക്കന്മാർ ഈ ലോകജീവിതത്തെ ഒരു യാത്രയോട് ഉപമിക്കുന്നത്. ഉദാ. മരുഭൂയാത്ര അതികഠിനം. പ്രതികൂലങ്ങൾ അനുനിമിഷം. അക്കരക്കു യാത്ര ചെയ്യും സീയോൻ സഞ്ചാരി. യിസ്രായേൽ ജനങ്ങളുടെ ലക്ഷ്യം കനാൻ നാട്ടിൽ പ്രവേശിക്കുക എന്നതായിരുന്നു. അതുപോലെ നമ്മുടെ ലക്ഷ്യവും സ്വർഗ്ഗീയ കനാൻ നാട്ടിൽ എത്തിച്ചേരുക എന്നതാണ്.

ലക്ഷ്യം മറന്നുകൊണ്ടുള്ള യാത്ര അപകടകരമാണ്. ഈ യാത്രയിൽ അവർ ദൈവത്തിനെതിരെ പിറുപിറുത്തു. ദൈവദാസന്മാരെ കുറ്റം പറഞ്ഞു. അന്യദേവന്മാരുടെ പിന്നാലെ പോയി. ലഭിച്ച സൗകര്യങ്ങളിൽ തൃപ്തിപെടാതെ ഇറച്ചിക്കുവേണ്ടിയും പിറുപിറുത്തു. ഭക്ഷണത്തിനു വേണ്ടിയും വെള്ളത്തിനും വേണ്ടിയും പിറുപിറുത്തപ്പോൾ ദൈവം ഉടനെ അത് അവർക്കു നൽകി. കാരണം അത് ന്യായമായ ആവശ്യമായിരുന്നു. എന്നാൽ ഇറച്ചിക്കുവേണ്ടി പിറുപിറുത്തപ്പോൾ ദൈവം ഇറച്ചി നൽകി എങ്കിലും ഒരു ശിക്ഷകൂടി നൽകി. നമ്മുടെ ഈ ലോക ജീവിതത്തിൽ ന്യായമായ ആവശ്യങ്ങൾ ദൈവം പരിഹരിച്ചു നൽകും. എന്നാൽ നമ്മുടെ അത്യാഗ്രഹം പലപ്പോഴും ദൈവ ശിക്ഷക്ക് കാരണമാകുന്നു. അവർക്ക് ദൈവം നൽകിയ ഭക്ഷണം യാതൊരു മാലിന്യവും ചേരാത്ത ഏറ്റവും രുചികരമായ ഭക്ഷണമായിരുന്നു. അതിന് ‘മന്ന’ എന്നവർ പേരിട്ടു വിളിച്ചു. അവർക്കു കുടിക്കാൻ ലഭിച്ച വെള്ളം കയ്പുള്ളതായിരുന്നു എങ്കിലും ദൈവം അത് മധുരതരമാക്കി കൊടുത്തു. കനാൻ നാട്ടിൽ എത്തുന്നതുവരെ ഈ മന്ന അവർക്ക് നിലക്കാതെ ലഭിച്ചു.

സ്വർഗ്ഗീയ കനാൻ നാട്ടിലേക്കുള്ള നമ്മുടെ യാത്രയിൽ ദൈവം നമുക്ക് നൽകിയ ഭക്ഷണമാണ് അവന്റെ ശരീര രക്തങ്ങൾ. സ്വർഗ്ഗത്തിൽ നിന്ന് ഇറങ്ങിയ അപ്പം താൻ തന്നെ ആണെന്ന് കർത്താവ് പറയുന്നു. (വി. യോഹ. 6) ഈ അപ്പം തിന്നാത്തവന് നിത്യജീവൻ ലഭിക്കുകയില്ല. വി. കുർബ്ബാനയുടെ അവസാനത്തിൽ പുരോഹിതൻ പറയുന്നു “നിങ്ങൾ പ്രാപിച്ചിരിക്കുന്ന വഴിയാത്രാ ഭക്ഷണങ്ങളോടു കൂടെ സമാധാനത്താലെ പോകുവിൻ” ഈ മരുഭൂയാത്രയിൽ നമുക്കുള്ള ഭക്ഷണമാണ് കർത്താവിന്റെ ശരീര രക്തങ്ങൾ. ലക്ഷ്യം മറന്നു യാത്ര ചെയ്ത ഇസ്രായേൽ ജനത്തിന് സംഭവിച്ചതുപോലെ വഴിയിൽ വീണ് നശിക്കുവാൻ ഇടയാകും. മരുഭൂമിയിലെ സൗകര്യങ്ങൾ കൂടുതൽ ആസ്വദിക്കുവാൻ ശ്രമിച്ചാൽ യിസ്രായേൽ ജനം കാളകുട്ടിയുടെ പുറകെ പോയതുപോലെയും ബാൽപെയോരിനോട് ചേർന്നപ്പോൾ സംഭവിച്ചതുപോലെയും ദൈവശിക്ഷക്കു പാത്രമാകും. ഈ ലോകത്തിൽ പലവിധമായ പ്രലോഭനങ്ങൾ നമുക്ക് നേരിടേണ്ടതായി വരും. എന്നാൽ അതിലൊന്നും വീഴാതെ നമ്മുടെ മുമ്പിലും പിമ്പിലുമുള്ള ദൈവദൂതന്മാരുടെ സംരക്ഷണയിൽ മോശയോട് ചേർന്ന് നമുക്ക് നടക്കാം.

മിസ്രേമിൽ നിന്ന് ചെങ്കടൽ കടന്ന് യാത്ര പുറപ്പെട്ട ആറുലക്ഷത്തിൽപരം എണ്ണപ്പെട്ടവരിൽ കനാൻ നാട്ടിൽ എത്തിച്ചേർന്നത് രണ്ടു പേർ മാത്രമാണ്. കാലേബും യോശുവായും. രണ്ടു ദിവസം കൊണ്ട് എത്തിച്ചേരാമാകുമായിരുന്ന ദേശത്തേക്ക് നീണ്ട നാല്പതുവർഷം അവർക്ക് അലഞ്ഞു നടക്കേണ്ടിവന്നു. എത്രയും വേഗം ദൈവസന്നിധിയിൽ എത്തിച്ചേരണമെന്ന ആഗ്രഹമാണ് നമുക്ക് വേണ്ടത്. അതാണ് പിതാക്കന്മാർ ആഗ്രഹിച്ചതും പ്രാർത്ഥിച്ചതും പ. പൗലോസ് ശ്ലീഹ പറയുന്നു വിട്ടുപിരിഞ്ഞു ക്രിസ്തുവിനോട് ചേരുവാൻ അതിയായി ആഗ്രഹിക്കുന്നു എന്ന്. ചെങ്കടൽ കടന്നതുകൊണ്ട് മാത്രം കനാൻ നാട്ടിൽ എത്തിച്ചേരുകയില്ല. യാത്രയിലെ അച്ചടക്കം വളരെ പ്രധാനപ്പെട്ടതാണ്. അവിടെ ദൈവം മോശവഴി നൽകിയ കല്പനകൾ നിർബന്ധമായും പാലിക്കണം. മാമോദീസാ ഏറ്റു ക്രിസ്ത്യാനി ആയതുകൊണ്ട് മാത്രം സ്വർഗ്ഗീയ കനാൻ നാട്ടിൽ നാം എത്തിച്ചേരുകയില്ല. ഈ ഭൂമിയിലെ നമ്മുടെ യാത്രയിലെ അച്ചടക്കം വളരെ പ്രധാനപ്പെട്ട ഒന്നാണ്. ദൈവം നൽകിയ കല്പനകളെ സ്വീകരിക്കുകയും അനുസരിക്കുകയും ചെയ്യണം. രാവും പകലും ദൈവത്തിന്റെ സംരക്ഷണ ഉറപ്പുവരുത്തണം. വഴിതെറ്റിപ്പോകുവാൻ സാധ്യതകൾ ഏറെയുണ്ട്. ഈ ലോകത്തിന്റെ പ്രലോഭനങ്ങൾ അനവധിയാണ്. അതിനെയെല്ലാം അതിജീവിച്ച് സ്വർഗ്ഗീയ മന്നയായ കർത്താവിനെ ഭുജിച്ച് അവൻ നമ്മുടെ മുമ്പിൽ ജീവിച്ചു കാണിച്ച പാതകളിലൂടെ നമുക്ക് മുന്നേറാം. ആയതിന് നമ്മുടെ നോമ്പും പ്രാർത്ഥനകളും കരുത്താകട്ടെ. നാം ചെന്നു ചേരുന്ന കനാൻ ദേശം പാലും തേനും ഒഴുകുന്ന ദേശത്ത് അവിടെ ദുഃഖങ്ങൾ ഇല്ല, രോഗങ്ങൾ ഇല്ല. ദൈവത്തിന്റെ വിശുദ്ധന്മാരും മാലാഖമാരും നമ്മുടെ പൂർവ്വപിതാക്കന്മാരും വെള്ള നിലയങ്കി ധരിച്ച് രാപകൽ ദൈവത്തെ ആരാധിക്കുന്നു. അവരോട് ചേരുവാൻ നമുക്ക് ആഗ്രഹിക്കാം.

"കർത്താവേ നിന്റെ രണ്ടാമത്തെ വരവിനായി

ഞങ്ങൾ നോക്കി പാർക്കുന്നു". ആമ്മീൻ.

# സഹജീവികളെ കരുതുന്ന പാതയാണ് ക്രിസ്തീയത

## പരിശുദ്ധ കാതോലിക്കാ ബാവ



**കോട്ടയം:-** സഹജീവികളെ കരുതുന്ന പാതയാണ് ക്രിസ്തീയതയെന്ന് പരിശുദ്ധ ബസേലിയോസ് മാർത്തോമ്മാ മാത്യൂസ് തൃതീയൻ കാതോലിക്കാ ബാവാ പറഞ്ഞു.

മലങ്കര ഓർത്തഡോക്സ് സുറിയാനി സഭ നിർധനരായ 101 പേർക്ക് നൽകുന്ന ഭവന നിർമ്മാണ ധനസഹായ വിതരണത്തിന്റെ ഉദ്ഘാടനം നിർവ്വഹിച്ച് സംസാരിക്കുകയായിരുന്നു അദ്ദേഹം. വ്യത്യസ്തങ്ങളായ ജീവിത സാഹചര്യങ്ങളിൽ പ്രയാസം അനുഭവിക്കുന്നവരെ കരുതുവാനുള്ള ബാധ്യത നമ്മൾക്കുണ്ട്. അവരെ കരുതുകയും സഹായിക്കുകയും ചെയ്യുന്നതാണ് യഥാർത്ഥ ക്രിസ്തീയത.

ഭവന രഹിതമായ അനേകമാളുകൾ നമ്മുടെ ഇടയിലുണ്ട്. അവരെ സഹായിക്കുന്നതിനായി വിവിധ പദ്ധതികൾ സഭ ആവിഷ്കരിച്ച് വരുകയാണെന്നും പരിശുദ്ധ കാതോലിക്കാ ബാവ പറഞ്ഞു.

ഭവന നിർമ്മാണ സഹായ സമിതി പ്രസിഡന്റ് ഡോ.എബ്രഹാം മാർ എപ്പിപ്പാനിയോസ് മെത്രാപ്പോലീത്താ അദ്ധ്യക്ഷത വഹിച്ചു. വൈദിക ട്രസ്റ്റി ഫാ.ഡോ.തോമസ് വർഗീസ് അമയിൽ, അൽമായ ട്രസ്റ്റി റോണി വർഗീസ് ഏബ്രഹാം അസോസിയേഷൻ സെക്രട്ടറി അഡ്വ.ബിജു ഉമ്മൻ, ഭവന നിർമ്മാണ സഹായ സമിതി കൺവീനർ ജിജു പി. വർഗീസ്, വിവാഹ സഹായ സമിതി കൺവീനർ എ.കെ.ജോസഫ് , ഫാ.ജേക്കബ് ഫിലിപ്പ്, ഫാ.ഗീവർഗീസ് മാത്യു, അലക്സ് കുര്യാക്കോസ്, പി.എം.തോമസ്, ജോജി.പി. തോമസ്, എൻ.എ അനിൽമോൻ , കോശി ഉമ്മൻ, ഉമ്മൻ ജോൺ , ജേക്കബ് കൊച്ചേരി, പൈലി വാതിയാട്ട്, പി.യു ഷാജൻ, ഷാലു ജോൺ, സിബി ജോൺ, സി.കെ. റെജി, ജോൺ ഏബ്രഹാം എന്നിവർ പ്രസംഗിച്ചു.




ശാസ്താംകോട്ട മാർ ബസേലിയോസ് മാത്യൂസ് ദ്വിതീയൻ കോളേജ് ഓഫ് എഞ്ചിനീയറിംഗ് (BMCE) മലേഷ്യയിലെ INTI ഇന്റർനാഷണൽ യൂണിവേഴ്സിറ്റിയുമായി 2024ഫെബ്രുവരി 22 വിദ്യാർഥി കൾക്ക് ഇരു ക്യാമ്പസുകളിലും പഠിക്കുവാനുള്ള ധാരണാപത്രം ഒപ്പുവച്ചു. കോളേജ് പ്രിൻസിപ്പൽ ഡോ. എൽ പത്മ സുരേഷ് മലേഷ്യയിലെ ഐഎൻടിഐ ഇന്റർനാഷണൽ യൂണിവേഴ്സിറ്റി പ്രോ ചാൻസലർ പ്രൊഫ. ഡോ. ഗോഷ്പാങ്കെൻ, ഫാ.സാം ജി എന്നിവർ സന്നിഹിതരായിരുന്നു. ഇരു സ്ഥാപനങ്ങൾ തമ്മിലുള്ള അക്കാദമിക് സഹകരണമാണ് പ്രധാനമായും ലക്ഷ്യമിടുന്നത്. സെമിനാറുകൾ,വർക്ക്ഷോപ്പുകൾ കൺസൾട്ടേഷനുകൾ എന്നിവ പതിവായി നടത്തുകയും പുസ്തകങ്ങളുടെ സംയുക്ത പ്രസിദ്ധീകരണം നടത്തുവാനും തീരുമാനിച്ചു. വിദ്യാർത്ഥികളുടെയും ഗവേഷകരുടെയും ആവശ്യങ്ങൾ കൈകാര്യം ചെയ്യുന്ന, പരിപാടികൾ സംഘടിപ്പിക്കുക എന്നതും ഈ ഉടമ്പടിയുടെ ലക്ഷ്യങ്ങളിൽപ്പെടുന്നു. ഈ നൂതന കാൽവയ്പ് വിദ്യാർഥികളിൽ കൂടുതൽ കാര്യശേഷി വർദ്ധിപ്പിക്കാൻ സഹായകരമാകും.

ഡോ. ജോർജ്ജ് വി. തോമസ്,
വെട്ടിമുട്ടിൽ, വകയാർ




# പ്ലാസ്റ്റിക്ക് മലിനീകരണം: പരിസ്ഥിതിക്കും ആരോഗ്യത്തിനും വലിയ ഭീഷണി

**1907** ൽ ലിയോ ബെക്കെലാൻസ് എന്ന് ബൽജിയൻ രസതന്ത്ര ശാസ്തജ്ഞൻ കണ്ടുപിടിച്ച് അവതരിപ്പിച്ച സിന്തറ്റിക് പ്ലാസ്റ്റിക്ക് ലോകവാണിജ്യ വ്യവസ്ഥയിൽ ഒരു വിപ്ലവം സൃഷ്ടിച്ചതോടൊപ്പം ആധുനിക കാലഘട്ടത്തിൽ ഒഴിച്ചു കൂടാൻ പറ്റാത്ത ഒരു വസ്തുവായി മാറി. വിലകുറഞ്ഞതും മോടിയുള്ളതും വ്യത്യസ്ത ഉപയോഗങ്ങൾക്ക് അനുയോജ്യവുമായതിനാൽ പ്ലാസ്റ്റിക്ക് നമ്മുടെ ദൈനംദിന ജീവിതത്തിന്റെ ഭാഗമായി. ആഗോള പ്ലാസ്റ്റിക്ക് ഉൽപാദനം 1950 കളിൽ 1.5 ദശലക്ഷം ടണ്ണായിരുന്നത് 2018 ൽ 396 ലധികം ദശലക്ഷം മെട്രിക്ക് ടണ്ണായി വർദ്ധിച്ചു. വിപണനം ചെയ്യുന്ന പ്ലാസ്റ്റിക്കിന്റെ 10% മാത്രമേ ശാസ്ത്രീയമായി പുനഃചംക്രമണം ചെയ്യപ്പെടുന്നുള്ളൂ. പ്ലാസ്റ്റിക്കിന്റെ രാസഘടന പ്രകൃതിദത്ത വിഘടീകരണത്തിന് യോജിച്ചതല്ലാത്തതിനാൽ ഉപയോഗശേഷം വലിച്ചെറിയുന്ന പ്ലാസ്റ്റിക്ക് അടിഞ്ഞു കൂടി മലിനീകരണത്തിന് കാരണമാകുന്നു. പ്ലാസ്റ്റിക് ഭൂമിയിലും ജലപാതകളിലും സമുദ്രത്തിലും ഒരു വലിയ മലിനീകരണ പ്രശ്നമായി മാറി മനുഷ്യനും ജീവജാലങ്ങൾക്കും അവയുടെ ആവാസ വ്യവസ്ഥകൾക്കും വലിയ ഭീഷണിയായി നിലനിൽക്കുന്നു. ഉൾനാടുകളിൽ നിന്ന് തോടുകളും നദികളും വഴി കടലിൽ എത്തി വലിയ തോതിലുള്ള സമുദ്ര മലിനീകരണത്തിന് ഇടയാക്കുന്നു. ഓരോ വർഷവും ഏകദേശം 9 ദശലക്ഷം ടൺ പ്ലാസ്റ്റിക്ക് മാലിന്യങ്ങൾ ആഗോളതലത്തിൽ കടലിൽ പതിക്കുന്നതുമൂലം ദശലക്ഷക്കണക്കിന് സമുദ്രജീവികൾ പ്ലാസ്റ്റിക്ക് കഴിച്ചോ അതിൽ കുടുങ്ങിയോ നശിക്കുന്നു.

ഉയർന്ന തന്മാത്രാഭാരമുള്ള ഓർഗാനിക് പോളിമറുകളാണ് പ്ലാസ്റ്റിക്കുകൾ. വലിയ തന്മാത്രകൾ പരസ്പരബന്ധിതമായ അനന്തമായ പരമ്പരകൾ കൊണ്ടു നിർമ്മിച്ച നീണ്ട ചങ്ങലപോലെയായതിനാൽ അവയുടെ വിഘടീകരണം പ്രകൃതിയിൽ നടക്കുന്നില്ല. മാലിന്യമായി പ്രവർത്തിക്കുന്ന പ്ലാസ്റ്റിക്കുകളെ വലുപ്പമനുസരിച്ച് മൈക്രോ, മെസോ, മാക്രോ അവശിഷ്ടങ്ങളായി തരംതിരിച്ചിരിക്കുന്നു.


## പ്ലാസ്റ്റിക്കും ആരോഗ്യപ്രശ്നങ്ങളും

പ്ലാസ്റ്റിക്കുകൾ ദീർഘനാൾ വിഘടനം സംഭവിക്കാതെ പ്രകൃതിയിൽ നിലനിൽക്കുകയും ചെറിയ കഷണങ്ങളായി വിഘടീകരിച്ച് മൈക്രോപ്ലാസ്റ്റിക്ക് ആയി ശ്വാസോച്ഛ്വാസം വഴിയും അവയവങ്ങൾ വഴിയും മനുഷ്യശരീരത്തിൽ എത്തിച്ചേരുന്നു. നമ്മുടെ ശ്വാസകോശം, കരൾ, സ്ളീൻ, കിഡ്നി എന്നിവയിലും രക്തത്തിലും മൈക്രോപ്ലാസ്റ്റിക് കണ്ടെത്തിയിട്ടുണ്ട്. നവജാത ശിശുക്കളിൽ പോലും മൈക്രോ പ്ലാസ്റ്റിക്ക് കണ്ടെത്തിയത് പ്രശ്നത്തിന്റെ ഗൗരവം കാണിക്കുന്നു. പ്ലാസ്റ്റിക്ക് മലിനീകരണം ജനന സങ്കീർണ്ണതകൾ, ശ്വാസകോശ രോഗങ്ങൾ, കുട്ടിക്കാലത്തെ ക്യാൻസർ എന്നിവയ്ക്കുള്ള സാദ്ധ്യത വർദ്ധിപ്പിക്കുന്നു. പ്ലാസ്റ്റിക് കത്തിക്കുമ്പോൾ പുറത്തുവിടുന്ന ഡയോക്സിൻ, ബെൻസോപൈറിൻ, പോളയാരോമറ്റിക് ഹൈഡ്രോകാർബണുകൾ എന്നീ രാസവസ്തുക്കൾ, ക്യാൻസറിന് കാരണമാ കുന്നുവെന്ന് തെളിയിക്കപ്പെട്ടിട്ടുണ്ട്. മനുഷ്യരുടെ ആരോഗ്യത്തേയും, പ്രകൃതിയേയും കാലാവസ്ഥയേയും ദോഷകരമായി ബാധിക്കുന്നതിനാൽ പ്ലാസ്റ്റിക്ക് കത്തിക്കുന്നത് പൂർണ്ണമായി ഒഴിവാക്കേണ്ടതുണ്ട്.

## പ്ലാസ്റ്റിക്ക് മലിനീകരണം തടയാനുള്ള മാർഗ്ഗങ്ങൾ

ഭൂരിഭാവം പ്ലാസ്റ്റിക്കുകളും പ്രകൃദിദത്ത വിഘടീകരണം നടക്കാത്തവയായതിനാൽ അവയുടെ ഉല്പാദനവും ഉപഭോഗവും കുറയ്ക്കുക എന്നുള്ളതാണ് മലിനീകരണം തടയുന്നതിനുള്ള ഏറ്റവും പ്രധാനമായ മാർഗ്ഗം. പ്ലാസ്റ്റിക്കിന്റെ ശാസ്ത്രീയ രീതിയിലുള്ള പുനഃചംക്രമണം സാധ്യമാണെങ്കിലും പ്ലാസ്റ്റിക്ക് ശേഖരിക്കാനും വേർതിരിച്ച് റീ സൈക്ലിംഗ് കേന്ദ്രങ്ങളിൽ എത്തിക്കാനുമുള്ള അടിസ്ഥാന സൗകര്യങ്ങളുടെയും മനു ഷ്യശക്തിയുടെയും കർമ്മപദ്ധതികളുടെയും അഭാവം മൂലം കാര്യക്ഷമമായി നടക്കുന്നില്ല. ഓരോ വ്യക്തിയും പ്ലാസ്റ്റിക്ക് മാലിന്യങ്ങൾ കുറയുന്ന ജീവിതശൈലീ പ്രാവർത്തികമാക്കി മലിനീകരണം കുറയ്ക്കാൻ സാധിക്കും. ഷോപ്പിംഗിന് പുനഃരുപയോഗിക്കാവുന്ന ബാഗുകൾ കരുതുക. പ്ലാസ്റ്റിക്ക് പാക്കേജിംഗ് ഇല്ലാത്ത ഭക്ഷണം തിരഞ്ഞെടുക്കുകയും റീഫിൽ കണ്ടെയ്നറുകൾ കഴിവതും വാങ്ങുക, വീണ്ടും ഉപയോഗിക്കാവുന്ന കോഫി മഗ്ഗുകൾ, വെള്ള കുപ്പികൾ, ഭക്ഷണ പൊതി പാത്രങ്ങൾ എന്നിവ നമ്മുടെ ദൈനംദിന ജീവിത ശൈലിയുടെ ഭാഗമാക്കണം. ഒറ്റപ്രാവശ്യം മാത്രം ഉപയോഗിച്ച ശേഷം വലിച്ചെറിയുന്ന പ്ലാസ്റ്റിക് ബാഗുകൾ ഏറ്റവും അപകടകാരി ആയതിനാൽ അതിന്റെ ഉപയോഗം ഗവൺമെന്റുകൾ നിരോധിച്ചിട്ടുണ്ടെങ്കിലും അതു പൂർണ്ണമായും പ്രവർത്തിപഥത്തിൽ വന്നിട്ടില്ല. പ്ലാസ്റ്റിക് മലിനീകരണത്തിന്റെ ഗുരുതരമായ ഭവിഷ്യത്തുകളെക്കുറിച്ച് ജനങ്ങളിൽ അവബോധം വരുത്തേണ്ടതുണ്ട്. പ്ലാസ്റ്റിക്ക് രഹിത അല്ലെങ്കിൽ പ്ലാസ്റ്റിക്കിന്റെ ഉപയോഗം ഏറ്റവും കുറഞ്ഞ ജീവിതശൈലീയിലേക്കു മാറി ആധുനിക ലോകം അനുഭവിക്കുന്നത വലിയ മലിനീകരണ പ്രശ്നത്തിന് പരിഹാരം ഉണ്ടാക്കേണ്ടത് നാം ഓരോരുത്തരുടേയും കടയമാണ്.

# മാർ ഗ്രീഗോറിയോസ് കാരുണ്യ നിലയം - കരുണയുടെ കൈവഴികൾ



ചിറത്തിലാട്ട് സി. ജോൺ കോറെപ്പിസ്ക്കോപ്പാ

പ. ബസേലിയോസ് മാർത്തോമ്മാ മാത്യൂസ് ദ്വിതീയൻ കാതോലിക്കാ ബാവായുടെയും പുണ്യശ്ലോകനായ ഗീവർഗീസ് മാർ ഈവാനിയോസ് തിരുമേനിയുടെയം അനുഗ്രഹാശിസ്സുകളോടെ 1994 ഫെബ്രുവരി മാസത്തിൽ ആരംഭിച്ച് 2024 ഫെബ്രുവരി ഏതാണ്ട് 30 വർഷത്തെ ചാരിറ്റി പ്രവർത്തനങ്ങളുടെ മികച്ച നേട്ടങ്ങളുമായി കോട്ടയം മെഡിക്കൽ കോളജിനു സമീപം തലയുയർത്തിനിൽക്കുന്ന മലങ്കരസഭയിലെ പ്രമുഖമായ ഒരു ജീവകാരുണ്യപ്രസ്ഥാനമാണ് 'മാർ ഗ്രീഗോറിയോസ് കാരുണ്യനിലയം'. പരിശുദ്ധ പരുമല തിരുമേനിയുടെയും പാമ്പാടി തിരുമേനിയുടെയും മദ്ധ്യസ്ഥതയിൽ ശരണപ്പെട്ടുകൊണ്ട് നടത്തുന്ന ഈ പ്രസ്ഥാനം ദിനം തോറും ധാരാളം രോഗികൾക്ക് ആശ്വാസം നൽകുന്ന ഒന്നായി വളർന്നു കഴിഞ്ഞിരിക്കുന്നു.

പ്രസ്ഥാനത്തിന്റെ ഇപ്പോഴത്തെ പ്രവർത്തനങ്ങളുടെ ഒരു ലഘു വിവരണം 'മലങ്കരസഭയുടെ' വായനക്കാരായ നിങ്ങളെ ഏവരെയും അറിയിക്കുവാൻ ഞങ്ങൾ ആഗ്രഹിക്കുന്നു.

**സൗജന്യ ഉച്ചഭക്ഷണം:** കോട്ടയം മെഡിക്കൽ കോളജിൽ താമസിച്ച് ചികിത്സിക്കുന്നവർക്കും അവരുടെ സഹായികൾക്കും സൗജന്യ ഉച്ചഭക്ഷണം നൽകുന്നു.

**സൗജന്യ മരുന്നുവിതരണം:** മെഡിക്കൽ കോളേജിലും സമീപത്തും ഉള്ള ഡോക്ടർമാർക്ക് ലഭിക്കുന്ന സാമ്പിൽ മരുന്നുകൾ ശേഖരിച്ച് ഒരു ഫാർമസിസ്റ്റിന്റെ സഹായത്തോടെ ഡോക്ടറുടെ കുറിപ്പനുസരിച്ച് രോഗികൾക്കു നൽകുന്നു.

**സൗജന്യ താമസ സൗകര്യം:** മെഡിക്കൽ കോളേജിൽ ക്യാൻസറിനുള്ള റേഡിയേഷൻ ചികിത്സയ്ക്കും ഡയാലിസിസ് ചികിത്സയ്ക്കുമായി വിവിധ സ്ഥലങ്ങളിൽ നിന്നും വരുന്ന നിർദ്ധനരായ രോഗികൾക്ക് റേഡിയേഷൻ കാലാവധി തീരുന്നതുവരെ സൗജന്യ താമസവും ഭക്ഷണവും നൽകുന്നു. 2022-ൽ മസ്കറ്റ് മഹാഇടവകയുടെ സഹായത്തോടെ ഇവർക്കു താമസിക്കുവാൻ മനോഹരമായ മുറികൾ സജ്ജമാക്കിയിരിക്കുന്നു.

**മാർ ഗ്രീഗോറിയോസ് ചാപ്പൽ:** ഇപ്പോൾ ആശുപത്രി സന്ദർശിച്ച് രോഗികൾക്കു വേണ്ടി പ്രാർത്ഥിക്കുന്ന പദ്ധതിക്ക് നിരോധനം ഉണ്ട്. എന്നാൽ കാരുണ്യനിലയത്തോടു ചേർന്നു സ്ഥിതി ചെയ്യുന്ന ചാപ്പലിൽ രോഗികൾക്കും കൂട്ടിരിപ്പുകാർക്കും വന്നു പ്രാർത്ഥിക്കുവാൻ അവസരം നൽകുന്നു. ഇപ്പോൾ ചാപ്പൽ വികാരിയായി ബഹുമാനപ്പെട്ട ജോൺ വർഗീസ് അച്ചൻ സേവനം അനുഷ്ഠിക്കുന്നു.

**ലൈറ്റ് ഓഫ് ലൈഫ്-** കാരുണ്യ നിലയത്തിന്റെ പത്താമതു ജന്മദിന പദ്ധതിയായി ആരംഭിച്ചതാണ് ലൈറ്റ് ഓഫ് ലൈഫ്. 2005 ജൂലൈ 29-ന് ഇൻഡ്യയുടെ പ്രസിഡന്റ് ആയിരുന്ന ഡോ. എ.പി.ജെ. അബ്ദുൽ കലാം ഉദ്ഘാടനം ചെയ്ത പദ്ധതി ഗവണ്മെന്റിൽ നിന്നും ക്യാൻസർ രോഗികളായ കുട്ടികൾക്ക് സൗജന്യമായി ചികിത്സ ആരംഭിക്കുന്നതുവരെ തുടർന്നുപോന്നിരുന്നു.

**ഹൃദയ ആശ** - ഹൃദയ സംബന്ധമായ രോഗം ബാധിച്ച് നിരാശ്രയരായ രോഗികൾക്കു വേണ്ടിയുള്ള കാരുണ്യനിലയത്തിന്റെ പദ്ധതി ആണ് 'ഹൃദയ ആശ'. ശസ്ത്രക്രിയ നടത്താൻ സാധിക്കാതെ മരുന്നിൽ മാത്രം ആശ്രയിച്ചു കഴിയുന്ന നിർദ്ധനരായ രോഗികൾക്കു മാസം തോറും ഡോക്ടർമാരുടെ നിർദ്ദേശ പ്രകാരം മരുന്നു വാങ്ങി നൽകുന്നു. 2010 ഏപ്രിൽ 10-ന് സുപ്രീം കോടതി ചീഫ് ജസ്റ്റിസ് ആയിരുന്ന ശ്രീ. കെ.ജി. ബാലകൃഷ്ണൻ ഉദ്ഘാടനം ചെയ്ത ഈ പദ്ധതിയിൽ ഇപ്പോൾ 243 രോഗികൾ സഹായം തേടി വരുന്നു.

**കാരുണ്യ പാലിയേറ്റീവ് കെയർ യൂണിറ്റ്:** പരിശുദ്ധ ബസേലിയോസ് മാർത്തോമ്മാ മാത്യൂസ് ദ്വിതീയൻ കാതോലിക്കാ ബാവാ തിരുമനസ്സുകൊണ്ട് ഉദ്ഘാടനം ചെയ്ത് ആരംഭിച്ച മറ്റൊരു ജീവകാരുണ്യ പ്രവർത്തനമാണ് പാലിയേറ്റീവ് കെയർ യൂണിറ്റ്. മരുന്ന്, ഭക്ഷണം, വസ്ത്രം, സാന്ത്വനം, ആത്മീയ ദർഷ്ടതികൾ ഒക്കെ ആവശ്യമായി വരുന്ന ആളുകളെ അവരുടെ ഭവനത്തിൽ സന്ദർശിച്ച് വേണ്ട സഹായം ചെയ്തുകൊടുക്കുന്ന പദ്ധതിയാണിത്. പരേതനായ കൊറ്റുകുളം കെ.വി. ജോർജ്ജിന്റെ സ്മരണയ്ക്കായി അദ്ദേഹത്തിന്റെ കുടുംബക്കാർ സ്നേഹോപഹാരമായി നൽകിയ വാഹനത്തിൽ രോഗികളെ സന്ദർശിക്കുകയും ആവശ്യമായവരെ ആശുപത്രിയിൽ എത്തിക്കുകയും ചെയ്യുന്നു.

**ചികിത്സാ സഹായ പദ്ധതികൾ:** മെഡിക്കൽ കോളേജിലും മറ്റ് ഗവണ്മെന്റ് ആശുപത്രികളിലും ചികിത്സയിൽ കഴി

**കോട്ടയം മെഡിക്കൽ കോളജിൽ താമസിച്ച് ചികിത്സിക്കുന്നവർക്കും അവരുടെ സഹായികൾക്കും സൗജന്യ ഉച്ചഭക്ഷണം നൽകുന്നു.**

**മെഡിക്കൽ കോളേജിലും സമീപത്തും ഉള്ള ഡോക്ടർമാർക്ക് ലഭിക്കുന്ന സാമ്പിൾ മരുന്നുകൾ ശേഖരിച്ച് ഒരു ഫാർമസിസ്റ്റിന്റെ സഹായത്തോടെ ഡോക്ടറുടെ കുറിപ്പനുസരിച്ച് സൗജന്യ മരുന്നുവിതരണം രോഗികൾക്കു നൽകുന്നു.**

**മെഡിക്കൽ കോളേജിൽ ക്യാൻസറിനുള്ള റേഡിയേഷൻ ചികിത്സയ്ക്കും ഡയാലിസിസ് ചികിത്സയ്ക്കുമായി വിവിധ സ്ഥലങ്ങളിൽ നിന്നും വരുന്ന നിർദ്ധനരായ രോഗികൾക്ക് റേഡിയേഷൻ കാലാവധി തീരുന്നതുവരെ സൗജന്യ താമസവും ഭക്ഷണവും നൽകുന്നു.**

യുന്ന നിർദ്ധനരും നിരാലംബരുമായ കാൻസർ രോഗികൾ, ഹൃദ്രോഗികൾ, മാനസിക രോഗികൾ എന്നിവർക്ക് ചികിത്സാ സഹായം പരിമിതമായ രീതിയിൽ ചെയ്തുവരുന്നു. ഇവർ ഏതു പ്രദേശത്തു നിന്നു വരുന്നോ അവിടെയുള്ള ഏതെങ്കിലും ക്രിസ്തീയ സഭയിലെ ഒരു പുരോഹിതന്റെ പരിചയപ്പെടുത്തിക്കൊണ്ടുള്ള കത്ത് ആവശ്യമാണ്. ഇപ്പോൾ ഏതാണ്ട് 9000 ത്തോളം പേരുകൾ രജിസ്റ്റർ ചെയ്തിട്ടുണ്ട്.

**മാർ ഈവാനിയോസ് നെഫ്രോ അസിസ്റ്റന്റ് പ്രോജക്ട് (MINAP)**

മാർ ഈവാനിയോസ് തിരുമേനിയുടെ കാലശേഷം അദ്ദേഹത്തിന്റെ നാമത്തിൽ ആരംഭിച്ച പ്രോജക്റ്റ് ആണ് ഇത്. കോട്ടയം മെഡിക്കൽ കോളേജിലും സമീപ ആശുപത്രികളിലും ചികിത്സയിൽ കഴിയുന്ന അശരണരായ കിഡ്നി രോഗികൾക്കും മരുന്നു വാങ്ങിക്കൊടുത്തു സഹായിക്കുന്ന പദ്ധതി. ഇപ്പോൾ 282 രോഗികൾ സ്ഥിരമായി മരുന്നു വാങ്ങുന്നു.

**ഡയാലിസ്സിസ് കിറ്റു വിതരണം:** 2023 മാർച്ച് മാസത്തിൽ പ. ബസേലിയോസ് മാർത്തോമ്മാ മാത്യൂസ് തൃതീയൻ കാതോലിക്കാ ബാവാ ഉദ്ഘാടനം ചെയ്ത അന്നു മുതൽ പ്രതിമാസം 100 മുതൽ 150 വരെ നിർദ്ധനരായ കിഡ്നി രോഗികൾക്കു കിറ്റ് സൗജന്യമായി നൽകി വരുന്നു. ഒരു കിറ്റിന്റെയും മരുന്നിന്റെയും വിലയായ 2000 രൂപാ പ്രകാരം ഉദാരമതികളായ ആൾക്കാർ സംഭാവന നൽകി വരുന്നു.

**വലിയ നോമ്പ് ധ്യാനം:** എല്ലാ വർഷവും അൻപതു നോമ്പു കാലങ്ങളിൽ ആഴ്ചയിൽ ഒരു ദിവസവും കോട്ടയം, കോട്ടയം സെൻട്രൽ ഭദ്രാസനങ്ങളിലെ മർത്തമറിയം വനിതാ സമാജത്തിന്റെ ആഭിമുഖ്യത്തിൽ ധ്യാനയോഗങ്ങൾ നടത്തി വരുന്നു.

**സ്ഥാപനത്തിന്റെ പ്രവർത്തനഫണ്ട്:** വിവിധ സ്കൂളുകളിൽ പോയി കുട്ടികളിൽ നിന്ന് പണം പരിച്ച് കിട്ടിയ തുകയുടെ പലിശയും സഹൃദയരായ അഭ്യുദയ കാംക്ഷികളിൽ നിന്നുള്ള സംഭാവനയും കൊണ്ടാണ് ഈ സ്ഥാപനം നടക്കുന്നത്. ആദ്യകാലത്ത് ധനശേഖരണത്തിനു നേതൃത്വം നൽകി സഹായിച്ചത് ഇപ്പോൾ കർത്തൃസന്നിധിയിൽ വിശ്രമിക്കുന്ന വെരി.റവ.ഇ.കെ. ജോർജ് കോർഎപ്പിസ്കോപ്പായെ അനുസ്മരിക്കുന്നു. ബഹുമാനപ്പെട്ട മരോട്ടിപ്പുഴ തോമസ് കുര്യൻ അച്ചൻ, വെരി. റവ. ജോസഫ് റമ്പാൻ എന്നിവരും ഫണ്ടുശേഖരണത്തിന് നേതൃത്വം നൽകിയവർ ആണ്. വാർദ്ധക്യത്തിലും ഈ സ്ഥാപനത്തിന്റെ പ്രവർത്തനങ്ങൾക്കു നേതൃത്വം നൽകുന്ന വന്ദ്യനായ റ്റി. ജെ. ജോഷ്വാ അച്ചൻ ഇതിന്റെ പ്രാരംഭകനായ പ്രവർത്തകനാണ്. അതൊടൊപ്പം തന്നെ ദൈവസന്നിധിയിൽ വിശ്രമിക്കുന്ന മലയാള മനോരമ പത്രാധിപ സമിതിയിലെ അംഗമായിരുന്ന ശ്രീ. തമ്പാൻ തോമസിന്റെ സേവനങ്ങളും നിസ്തുലമാണ്.

**നേതൃത്വം:** പരിശുദ്ധ കാതോലിക്കാ ബാവാ പ്രസിഡന്റായും കോട്ടയം ഭദ്രാസന മെത്രാപ്പോലീത്താ മാനേജിംഗ് ട്രസ്റ്റിയായും ബഹു. ഫാ. ഡോ. റ്റി. ജെ. ജോഷ്വാ വൈസ് പ്രസിഡന്റായും റവ. ഫാ. ബിറ്റു കെ. മാണി സെക്രട്ടറിയായും വെരി. റവ. സി. ജോൺ ചിറത്തിലാട്ട് കോറെപ്പിസ്ക്കോപ്പാ ട്രഷറാർ ആയും ഉള്ള ട്രസ്റ്റ് ബോർഡ് ആണ് ഇതിന്റെ പ്രവർത്തനങ്ങൾക്ക് നേതൃത്വം നൽകുന്നത്. ഓഫീസ് ചുമതലകൾ വഹിക്കുന്നത് ബഹു. ഫിലിപ്പ് തോമസ് അച്ചൻ ആണ്. മാനേജിംഗ് ട്രസ്റ്റിയായ അഭിവന്ദ്യ ഡോ. യൂഹാനോൻ മാർ ദീയസ്ക്കോറോസ് തിരുമേനി ഇതിന്റെ എല്ലാ പ്രവർത്തനങ്ങൾക്കും നൽകുന്ന നേതൃത്വം ഞങ്ങൾക്ക് അനുഗ്രഹമാണ്.

നിങ്ങളുടെ പ്രിയപ്പെട്ടവരുടെ ചരമദിനം, വിവാഹ വാർഷികം, ജന്മദിനം, ഉദ്യോഗലബ്ധി, പ്രമോഷൻ, സന്താനലബ്ധി ഇങ്ങനെയുള്ള സന്ദർങ്ങളിൽ കാരുണ്യനിലയം സന്ദർശിച്ച് ഉച്ചനമസ്ക്കാരങ്ങളിൽ പങ്കെടുക്കുവാൻ അവസരം ഉണ്ട്. ഇങ്ങനെ ഒക്കെ ഉള്ള സന്ദർഭങ്ങളിൽ നിങ്ങൾ നൽകുന്ന സംഭാവനകൾ അനേകം ചാരിറ്റി പ്രവർത്തനങ്ങൾക്കായി മാത്രം വിനിയോഗിക്കുന്നു.

സംഭാവനകൾ അയയ്ക്കുന്നവർക്കുവേണ്ടി ബാങ്ക് അക്കൗണ്ട്സ് വിവിരം താഴെച്ചേർക്കുന്നു

1) Federal Bank Ltd., Gandhinagar, Kottayam
SB A/c No. 10670100056173 . IFSC : FDRL 0001067

2) State Bank of India, Gandhinagar, Kottayam
SB A/c No. 57011374675. IFSC : SBIN 007011
Swift Code : SBINBB715
(Foreign Transaction only)

30 വർഷത്തെ കാരുണ്യ പ്രവർത്തനങ്ങൾ പൂർത്തീകരിക്കുമ്പോൾ ഞങ്ങൾ ഒരു സൗജന്യ ഡയാലിസ്സിസ് യൂണിറ്റും കിടപ്പുരോഗികൾക്ക് ഉപയുക്തമാകുന്ന വിധത്തിൽ ഒരു പാലിയേറ്റീവ് പരിചരണ വിഭാഗവും ആരംഭിക്കുവാൻ ദൈവത്തിൽ ശരണപ്പെടുന്നു. ഉദാരമതികളായ വ്യക്തികളും സാമ്പത്തിക ശേഷിയുള്ള ദേവാലയങ്ങളും ഈ സംരംഭത്തിൽ പങ്കെടുത്ത് സഹായിക്കുവാൻ ആഗ്രഹിക്കുന്നുവെങ്കിൽ ഞങ്ങളെ അറിയിക്കുക.

വിശ്വസ്തതയോടെ,

**ചിറത്തിലാട്ട് സി. ജോൺ കോറെപ്പിസ്ക്കോപ്പാ**
**(ട്രഷറാർ) 9447124611**
**ഫാ. ബിറ്റു കെ. മാണി**
**(സെക്രട്ടറി) 9846796387**


MY LORD AND MY GOD
മലങ്കര ഓർത്തഡോക്സ് സുറിയാനി സഭ
തിരുവിതാംകോട് അരപ്പള്ളി
അന്താരാഷ്ട്ര മാർത്തോമ്മൻ തീർത്ഥാടന കേന്ദ്രം
വി. മാർത്തോമ്മാ ശ്ലീഹായുടെ പെരുന്നാളും
തീർത്ഥാടനവാരാഘോഷവും
2024 മാർച്ച് 31 (ഉയിർപ്പു ഞായർ) മുതൽ ഏപ്രിൽ 7 (പുതുഞായറാഴ്ച) വരെ
പ. ബസ്സേലിയോസ് മാർത്തോമ്മാ മാത്യൂസ് തൃതീയൻ കാതോലിക്കാ ബാവായുടെ
മുഖ്യകാർമ്മികത്വത്തിലും അഭിവന്ദ്യരായ മെത്രാപ്പോലീത്താമാരുടെ സഹകാർമ്മികത്വത്തിലും
കൊടിയേറ്റ്
തീർത്ഥാടനവാരാഘോഷം ഉദ്ഘാടനം
ഹേവോറോ ദിവസങ്ങളിൽ രാവിലെ 7 മണിക്ക് വി. കുർബ്ബാന
വിവിധ സഭകളുടെ നേതൃത്വത്തിൽ സന്ധ്യയ്ക്കു ആരാധനയും ധ്യാനവും
മർത്തമറിയം വനിതാസമ്മേളനം
M.G.O.C.S.M നേതൃസംഗമം
പ്രദക്ഷിണം
പെരുന്നാൾ സന്ദേശം
ആശീർവാദം
നേർച്ചവിളമ്പ്
പ്രൊഫ. ഇ . ജേക്കബ് ജോൺ
തിരുവിതാംകോട് അരപ്പള്ളി കൗൺസിൽ സെക്രട്ടറി
ബർസ്ലീബി റമ്പാച്ചൻ
വികാരി & മാനേജർ
എബ്രഹാം സാമുവേൽ
പെരുന്നാൾ ആഘോഷ കമ്മിറ്റി കൺവീനർ
Design: Dn.Amal Umman



അഖില മലങ്കര സൺഡേസ്ക്കൂൾ സൗത്ത് സോൺ സഹപാഠ്യ മത്സരങ്ങളിൽ ജൂനിയർ വിഭാഗം വേദവാക്യം ഒന്നാം സ്ഥാനവും, പൊതുവിജ്ഞാനത്തിന് രണ്ടാം സ്ഥാനവും നേടിയ ആരോൺ. വൈ. ജോൺസൺ. മണപ്പള്ളി സെന്റ് മേരീസ് ശാലേം ഓർത്തഡോക്സ് പള്ളി ഇടവകാംഗവും കുണ്ടറ സെന്റ് തോമസ് വലിയ പള്ളി അസിസ്റ്റന്റ് വികാരി ഫാ.ഇ.വൈ. ജോൺസന്റെയും, അനുപമ ജോൺസൺ (അധ്യാപിക, Dr. CTEM HSS ശാസ്താംകോട്ട) മകനായ ആരോൺ കുണ്ടറ സെന്റ് തോമസ് വലിയ പള്ളി സൺഡേസ്ക്കൂൾ വിദ്യാർത്ഥിയാണ്.



മല്ലപ്പള്ളി ആനിക്കാട് ഗ്രാമപഞ്ചായത്ത് പ്രസിഡന്റ് ആയി തെരഞ്ഞെടുക്കപ്പെട്ട സൂസൻ ജോജി. നിരണം ഭദ്രാസനത്തിലെ മല്ലപ്പള്ളി പാതിക്കാട് സെ. പീറ്റേഴ്സ് & സെ. പോൾസ് ഓർത്തഡോക്സ് പള്ളി ഇടകാംഗമാണ്. ആനിക്കാട് കല്ലൻപറമ്പിൽ ജോജി കെ. ജേക്കബിന്റെ ഭാര്യ. മക്കൾ : എലീഷ, ജോജി.



പോണ്ടിച്ചേരി സെൻട്രൽ യൂണിവേഴ്സിറ്റിയിൽ നിന്നും Politics and International Studies–ൽ പി എച്ച്ഡി ബിരുദം കരസ്ഥമാക്കിയ അനിത എലിസബത്ത് മാത്യു. മെഴുവേലി ഹോളി ഇന്നസെന്റ്സ് വലിയപള്ളി ഇടവകാംഗം. കൊട്ടാരക്കര ഐപ്പള്ളൂർ പണയിൽ നിതാസ് വീട്ടിൽ കെ.ജി. മത്തായികുട്ടിയുടെയും എലിസബത്ത് മാത്യുവിന്റെയും മകൾ.

കുറ്റൂർ സെന്റ് ഗ്രീഗോറിയോസ് ബഥാന്യ ഇടവക വികാരി ഡോ. റെന്നി തോമസ് അച്ചന്റെ സഹധർമ്മിണിയും സുൽത്താൻ ബത്തേരി സെന്റ് മേരീസ് കോളേജിൽ അസി. പ്രൊഫസറുമാണ്.



സൺഡേസ്കൂൾ അഖിലമലങ്കര വേദവചന പരീക്ഷയിൽ ഒന്നാം സ്ഥാനം കരസ്ഥമാക്കിയ ക്രിസ്റ്റീന ആൻ സണ്ണി. ഈ വർഷത്തെ 'വേദവചന ഭൂഷൺ' അവാർഡ് കരസ്ഥമാക്കിയ ക്രിസ്റ്റീന ആൻ സണ്ണി കൊച്ചി ഭദ്രാസനത്തിലെ പട്ടിക്കാട്-കരിപ്പുക്കുന്ന് മാർ ബസേലിയോസ് ഇടവകാംഗമാണ്.

## തിരുവിതാംകോട് അരപ്പള്ളിയിൽ വി. മാർത്തോമ്മാശ്ലീഹായുടെ പെരുന്നാളും, തീർത്ഥാടനവാരാഘോഷവും

ഭാരതത്തിന്റെ അപ്പോസ്തോലനും മലങ്കര സഭയുടെ സ്ഥാപകനുമായ വി. മാർത്തോമ്മാ ശ്ലീഹായുടെ 1952 മത് ഓർമ്മപ്പെരുന്നാളും തീർത്ഥാടനവാരവും മാർത്തോമ്മാ ശ്ലീഹായാൽ സ്ഥാപിതമായ തിരുവിതാംകോട് അരപ്പള്ളിയിൽ 2024 ഏപ്രിൽ 31 (ഉയിർപ്പു ഞായർ) മുതൽ 2024 ഏപ്രിൽ 7 (പുതുഞായർ) വരെ വിവിധ പരിപാടികളോടുകൂടി ആഘോഷിക്കുകയാണ്. പരി. ബസ്സേലിയോസ് മാർത്തോമ്മാ മാത്യൂസ് തൃതീയൻ കാതോലിക്കാ ബാവായുടെ മുഖ്യ കാർമ്മികത്വത്തിലും, അഭിവന്ദ്യ മെത്രാപ്പോലീത്താമാരുടെയും, വൈദീക ശ്രേഷ്ഠരുടെയും, സഹകാർമ്മികത്വത്തിലും പെരുന്നാൾ ശുശ്രൂഷകൾ നടത്തപ്പെടുന്നതാണ്. 31.03.2024 ഉയിർപ്പ് ഞായറാഴ്ച വൈകിട്ട് 5.30ന് പെരുന്നാൾ കൊടിയേറ്റും, തീർത്ഥാടന വാരാഘോഷങ്ങളുടെ ഉദ്ഘാടനവും, സന്ധ്യാനമസ്കാരവും നിർവ്വഹിക്കപ്പെടുന്നതാണ്. ഉയിർപ്പ് പെരുന്നാൾ മുതൽ പുതുഞായറാഴ്ച്ച വരെയുള്ള എല്ലാ ദിവസവും ദേവാലയത്തിൽ രാവിലെ 7 മണിക്ക് വി. കുർബ്ബാനയും, വൈകുന്നേരം 5.30 മുതൽ ധ്യാനമന്ദിരത്തിൽ വിവിധ സഭകളുടെ ആഭിമുഖ്യത്തിൽ ആരാധനയും, ധ്യാനവും ഉണ്ടായിരിക്കുന്നതാണ്. 05.04.2024 വെള്ളിയാഴ്ച്ച വി. കുർബ്ബാനാനന്തരം തിരുവനന്തപുരം മർത്തമറിയം സമാജത്തിന്റെ നേതൃത്വത്തിൽ വനിതാസമ്മേളനവും, 06.04.2024 ശനിയാഴ്ച്ച MGOCSM ത്തിൻറെ ആഭിമുഖ്യത്തിൽ നേതൃസംഗമവും നടത്തപ്പെടുന്നതാണ്.

ശനി യാഴ്ച്ച വൈകുന്നേരം 6 മണിക്ക് പെരുന്നാൾ സന്ധ്യാനമസ്കാരവും, പ്രസംഗവും, തിരുവിതാംകോട് ജംഗ്ഷൻ ചുറ്റി പടിഞ്ഞാറേ കുരിശുംതൊട്ടിയിലേക്ക് ഭക്തിനിർഭരമായ പ്രദക്ഷിണവും, ആശീർവാദവും, പെരുന്നാളിന്റെ പ്രധാന ദിവസമായ 07.04.2024 പുതുഞായറാഴ്ച്ച രാവിലെ 7.30ന് പ്രഭാതനമസ്കാരവും, 8.30ന് വി. കുർബ്ബാനയും, വി. മാർത്തോമ്മാ ശ്ലീഹായോടുള്ള മദ്ധ്യസ്ഥപ്രാർത്ഥനയും, പെരുന്നാൾ സന്ദേശവും, പ്രദക്ഷിണവും, ആശീർവാദവും, നേർച്ചവിളമ്പും ഉണ്ടായിരിക്കുന്നതാണ്.

**പള്ളികൾ മനോഹരമാക്കൂ**

Vinyle, Carpet tyle, Synthetic carpets, Belgium Centre Carpets എന്നിവ ഉപയോഗിച്ച് ഞങ്ങൾ നേരിട്ടെത്തി വർക്കുകൾ ഏറ്റെടുത്ത് ചെയ്യുന്നു. വിവിധതരം ഇംപോർട്ടഡ് ഡോർമാറ്റുകളുടെ വിപുലമായ ശേഖരം!

പള്ളികളിൽ, വീടുകളിൽ, ഓഫീസ് അകത്തളങ്ങൾ...
എവിടെയും, നിങ്ങളുടെ വർക്കുകൾ, ചെറുതോ വലുതോ ആകട്ടെ, ഷോറൂം സന്ദർശിക്കൂ...

**ഫോൺ: 0481-2571126, 2574183**
**0484-3292390 മൊബൈൽ: 9447259003**

**എം.എ. കയർ ഹൗസ്**

**ജീ-മാർട്ടിനു സമീപം**
**കഞ്ഞിക്കുഴി, കോട്ടയം**

# ഒരു രൂപക്ക് ഹൃദയ പരിരക്ഷാ പാക്കേജ്ജുമയി പരുമല കാർഡിയോളജി



**പരുമല:** പരുമല ഇൻറർനാഷണൽ കാർഡിയോ തൊറാസിക്ക് സെന്റർ ആൻഡ് റിസർച്ച് ഇൻസ്റ്റിറ്റ്യൂട്ടിന്റെ വാർഷികാഘോഷത്തോടനുബന്ധിച്ച് 2500 രൂപ വില വരുന്ന കാർഡിയാക് ചെക്കപ്പ് ഒരു രൂപയ്ക്ക് നൽകികൊണ്ടുള്ള പ്രഖ്യാപനം പ്രശസ്ത സിനിമാതാരം ശ്രീ രമേശ് പിഷാരടി നിർവഹിച്ചു. ഇസിജി, എക്കോ, ബ്ലഡ് ഇൻവെസ്റ്റിഗേഷൻ, കാർഡിയോളജിസ്ററ് കൺസൾട്ടേഷൻ അടങ്ങിയ ഈ പാക്കേജിന്റെ കാലാവധി 2024 മെയ് 15 വരെയാണ്.

നിരണം ഭദ്രാസനാധിപൻ അഭിവന്ദ്യ ഡോ. യൂഹാനോൻ മാർ ക്രിസോസ്റ്റമോസ് തിരുമേനിയുടെ അധ്യക്ഷതയിൽ കൂടിയ വാർഷികാഘോഷം മലങ്കര ഓർത്തഡോക്സ് സഭയുടെ പരമാധ്യക്ഷൻ പരിശുദ്ധ ബസേലിയോസ് മാർത്തോമ്മാ മാത്യൂസ് തൃതീയൻ കാതോലിക്കാ ബാവ ഉദ്ഘാടനം നിർവഹിച്ചു. പ്രസ്തുത ചടങ്ങിൽ സാമ്പത്തിക പരിമിതി ഉള്ളവർക്ക് 7,500 രൂപക്ക് ആൻജിയോഗ്രാം, 75,000 രൂപക്ക് സിംഗിൾ സ്റ്റെന്റ് (single stent) ആൻജിയോപ്ലാസ്റ്റി ചെയ്തു നൽകുന്ന പ്രത്യേക പാക്കേജ് പരിശുദ്ധ ബാവ തിരുമേനി പ്രഖ്യാപിച്ചു.

സുൽത്താൻ ബത്തേരി ഭദ്രാസനാധിപൻ അഭിവന്ദ്യ ഡോ. ഗീവർഗീസ് മാർ ബർണബാസ്, ആശുപത്രി സിഇഒ ഫാ. എം.സി പൗലോസ്, പരുമല സെമിനാരി മാനേജർ കെ. വി. പോൾ റമ്പാൻ, പ്രൊജക്റ്റ് ഡയറക്ടർ ശ്രീ. വർക്കി ജോൺ, കാർഡിയോളജി വിഭാഗം മേധാവി ഡോ. മഹേഷ് നളിൻ കുമാർ, സീനിയർ കൺസൾട്ടന്റ് ഡോ. ജോർജ് കോശി, കൺസൾട്ടന്റ് ഡോ. റിനെറ്റ് സെബാസ്റ്റ്യൻ എന്നിവർ യോഗത്തിൽ സംസാരിച്ചു. ഫിനാൻസ് കോർഡിനേറ്റർ ഫാദർ തോമസ് ജോൺസൻ കോർ എപ്പിസ്കോപ്പ, ചാപ്ലിൻ ഫാ. ജിജു വർഗീസ്, ആശുപത്രി മാനേജ്മെന്റ് കമ്മിറ്റി അംഗം ഫാ. റോയ് പി തോമസ്, മെഡിക്കൽ സൂപ്രണ്ട് ഡോ. ഷെറിൻ ജോസഫ്, ഡെപ്യൂട്ടി മെഡിക്കൽ സൂപ്രണ്ടന്റ് ഡോ. എബിൻ വർഗീസ്, കൺസൾട്ടന്റുമാരായ ഡോ. നകുൽ മഹേഷ് ബാബു, ഡോ. ജോയൽ ജെ. കണ്ടത്തിൽ, ഡോ. ആര്യ എസ്, പീഡിയാട്രിക്ക് കാർഡിയോളജിസ്റ്റ് ഡോ. നിഷ ചന്ദ്ര ബാബു, കാർഡിയാക് അനസ്തേഷ്യ ഡോ. ഷാനിൽ ജോസ്, ഡോ. ബ്രൈറ്റ് പി. ജേക്കബ് മറ്റു ആശുപത്രി മാനേജ്മെന്റ് കമ്മിറ്റി അംഗങ്ങൾ എന്നിവർ വേദിയിൽ സന്നിഹിതരായിരുന്നു.

## പേറ്റന്റ് ലഭിച്ചു



*അജു ജോ ശങ്കരത്തിൽ, അശ്വതി ആൻ മാത്യൂ, സിഫിൻ സജി, യദുകൃഷ്ണൻ ഹരി, സഹീർ ഷാ, കെ.എസ്. സച്ചു.*

കേരളത്തിലും ഇന്ത്യയിലെ മറ്റ് സംസ്ഥാനങ്ങളിലും സുലഭമായി കാണപ്പെടുന്ന അടയ്ക്ക മരത്തിന്റെ ഫലത്തിൽ നിന്ന് വികസിപ്പിച്ചെടുക്കുന്ന പ്രകൃതിദത്തമായ നാരുപയോഗിച്ച് നിർമ്മിച്ച്, വാഹനങ്ങളിൽ ഘടിപ്പിക്കുന്ന ലീവ് സ്പ്രിങ്ങിനാണ് ഇന്ത്യൻ പേറ്റന്റ് ലഭിച്ചത് കോട്ടയം ചെറിയ പള്ളി ഇടവകാംഗവും പത്താമുട്ടം സെൻറ് ഗിറ്റ്സ് എഞ്ചിനീയറിങ് കോളേജ് മെക്കാനിക്കൽ വിഭാഗം അസിസ്റ്റൻറ് പ്രൊഫസറുമായ അജു ജോ ശങ്കരത്തിലിന്റെ നേതൃത്വത്തിലാണ് ഈ കണ്ടത്തൽ നടത്തിയത്. കണ്ടെത്തൽ നടത്തിയ ആറംഗ സംഘത്തിൽ അജുവിന്റെ ഭാര്യയും കോഴിക്കോട് എൻഐടിയിൽ പി എച്ച് ഡി വിദ്യാർഥിയും ജലസേചന വകുപ്പിൽ അസിസ്റ്റൻറ് എൻജിനീയമായ അശ്വതി ആൻ മാത്യുവും സെൻറ് ഗിറ്റ്സ് എഞ്ചിനീയറിങ് കോളേജ് മെക്കാനിക്കൽ വിഭാഗം അവസാന വർഷ വിദ്യാർത്ഥികളും ഉൾപ്പെടുന്നു. പുത്തനങ്ങാടി ശങ്കരത്തിൽ ഹൗസിൽ ജോൺ ശങ്കരത്തിൽ കോർ എപ്പിസ്കോപ്പായുടെയും ആനിയുടെയും മകൻ. കോട്ടയം സെൻട്രൽ ഭദ്രാസനം എം ജി ഒ സി എസ് എം സെക്രട്ടറി കൂടിയാണ് അജു. കാർത്തികപ്പള്ളി സെൻറ് തോമസ് കത്തീഡ്രൽ ഇടവകയിൽ ഉപ്പേരിൽ തോമസ് മാത്യുവിന്റെയും എലിസബത്ത് മാത്യുവിന്റെയും മകളാണ് അശ്വതി.

# സഹോദരൻ പദ്ധതി മനുഷ്യസ്നേഹത്തിന്റെ ഉദാത്ത മാതൃക;
## പൂയം തിരുനാൾ ഗൗരി പാർവതി ബായി തമ്പുരാട്ടി



**പരുമല :** രണ്ടു വർഷംകൊണ്ട് 12 കോടി രൂപയിലധികം തുക ജീവകാരുണ്യ പ്രവർത്തനങ്ങൾക്കായി ചിലവഴിച്ച 'സഹോദരൻ പദ്ധതി, മനുഷ്യസ്നേഹത്തിന്റെ ഉദാത്ത ഭാവമാണെന്ന് പൂയം തിരുനാൾ ഗൗരി പാർവതി ബായി തമ്പുരാട്ടി പ്രസ്താവിച്ചു. പരുമല സെമിനാരിയിൽ സഹോദരൻ പദ്ധതിയുടെ രണ്ടാം വാർഷികം ഉദ്ഘാടനം ചെയ്തു സംസാരിക്കുകയായിരുന്നു തമ്പുരാട്ടി. കോട്ടയം പാച്ചിറയിൽ ഭൂരഹിതർക്ക് വേണ്ടി നിർമ്മിച്ച പത്ത് ഭവനങ്ങളുടെ താക്കോൽദാനവും തമ്പുരാട്ടി നിർവഹിച്ചു. പരിശുദ്ധ ബസേലിയോസ് മാർത്തോമ്മാ മാത്യൂസ് തൃതീയൻ കാതോലിക്കാ ബാവാ അധ്യക്ഷത വഹിച്ചു. നൂതന പദ്ധതികളായ കിഡ്നി ട്രാൻസ്പ്ലാന്റേഷൻ പ്രോജക്ട്, മൊബൈൽ പാലിയേറ്റീവ് കെയർ യൂണിറ്റ്, പരസ്പര സഹകരണത്തോടെ നിർമ്മിക്കുന്ന 100 ഭവനങ്ങളുടെ നിർമ്മാണം എന്നിവ യഥാക്രമം കോട്ടയം അതിരൂപത സഹായമെത്രാപ്പോലീത്ത ഗീവർഗീസ് മാർ അപ്രേം, ഡോ. യുഹാനോൻ മാർ ദിയസ്ക്കോറസ്, ബ്രഹ്മശ്രീ. സച്ചിദാനന്ദ സ്വാമികൾ എന്നിവർ ഉദ്ഘാടനം ചെയ്തു. ഡോ. യുയാക്കീം മാർ കൂറിലോസ് സഫ്രഗൻ മെത്രാപ്പോലീത്ത മുഖ്യസന്ദേശം നൽകി. സഭാംഗമായ ശ്രീ. ജേക്കബ് സ്കറിയ ദാനമായി നൽകിയ സ്ഥലത്താണ് സഭാഭേദമില്ലാതെ നിർദ്ധനരായവർക്ക് 10 ഭവനങ്ങൾ നൽകുന്നത്.

പരിശുദ്ധ എപ്പിസ്കോപ്പൽ സുന്നഹദോസ് സെക്രട്ടറി ഡോ. യൂഹാനോൻ മാർ ക്രിസോസ്റ്റമോസ് മെത്രാപ്പോലീത്ത, ഡോ. യുയാക്കീം മാർ കൂറിലോസ് സഫ്രഗൻ മെത്രാപ്പോലീത്ത, കോട്ടയം അതിരൂപത സഹായമെത്രാപ്പോലീത്ത ഗീവർഗീസ് മാർ അപ്രേം, ബ്രഹ്മശ്രീ. സച്ചിദാനന്ദ സ്വാമികൾ, കെ. സഹലബത്ത് ദാരിമി (ചീഫ് ഇമാം മാന്നാർ ജുമാ മസ്ജിദ്). അല്മായ ട്രസ്റ്റി ശ്രീ. റോണി വർഗീസ് എന്നിവർ പ്രസംഗിച്ചു. സഹോദരൻ പദ്ധതിയുടെ വിവിധ മെമ്പർഷിപ്പുകളിൽ അംഗങ്ങളായവർക്കുള്ള സർട്ടിഫിക്കറ്റുകളും മെഡലുകളും പ. കാതോലിക്കാബാവാ സമ്മാനിച്ചു കാലം ചെയ്ത പരിശുദ്ധ ബസേലിയോസ് മാർത്തോമ്മ പൗലോസ് ദ്വിതീയൻ കാതോലിക്കാ ബാവായുടെ സ്മരണയിൽ 2022 ഫെബ്രുവരി 12നാണ് സഹോദരൻ പദ്ധതി ആരംഭിച്ചത്.



മുൻ മുഖ്യമന്ത്രി ഉമ്മൻ ചാണ്ടിയുടെ സ്മരണയ്ക്കായി മലങ്കര ഓർത്തഡോക്സ് സഭയുടെ സേവന വിഭാഗമായ ആർദ്ര ചാരിറ്റബിൾ സൊസൈറ്റിയുടെ ആഭിമുഖ്യത്തിൽ ദേവലോകം അരമന ഓഡിറ്റോറിയത്തിൽ വെച്ച് ഏഴ് പെൺകുട്ടികൾക്ക് വിവാഹ സഹായ ധനമായ ഒരു ലക്ഷം രൂപ വീതം നൽകി. പരിശുദ്ധ കാതോലിക്കാ ബാവാ ഫണ്ട് വിതരണം ഉദ്ഘാടനം ചെയ്തു.

*For Favours Received*




Roshan Thiurvalla



ഒരു വിശ്വാസി

IVTH DEATH ANNIVERSARRY
22-03-2024



# Dr. Saramma Varghese

(Former Principal, Catholicate College, Pathanamthitta)
Karingattil Puthen Veedu, Thumpamon

**Nellimmoottil Chavadiyil**
**Adoor**

BEREAVED FAMILY MEMBERS

40 YEARS OF EXCELLENCE ★★★★★

EXCELLENCE IN ACADEMICS & SPORTS

NAAC A GRADE

# ST. THOMAS COLLEGE

## RUABANDHA & KAILASH NAGAR BHILAI, CHHATTISGARH

Affiliated to Hemchand Yadav Vishwavidyalaya, Durg, C.G. &
Kushabhau Thakare Patrakarita Avam Jansanchar Vishwavidyalaya, Raipur, C.G.

48 UNIVERSITY MERIT HOLDERS 2022-23



# B.Ed.

**50%** DIRECT ADMISSION (CHRISTIAN QUOTA)

Pre-B.Ed. Entrance test compulsory for all

**Annual Fee Rs. 31970/-**

**PRE-B.Ed ENTRANCE TEST**

**02 June 2024**

**LAST DATE TO APPLY**

**24 March 2024**

Counseling through SCERT, Raipur
vyapam.cgstate.gov.in

## PROGRAMMES OFFERED

**B.Com.**
Computer Application

**B.B.A.**

**B.C.A.**

**B.A.**
English Literature
Economics
Journalism & Mass Communication
Psychology
Sociology

**M.A.**
Economics
English
Psychology

**M.Com.**

**B.Sc.**
Biotechnology
Botany
Chemistry
Computer Science
Electronics
Information Technology
Industrial Chemistry
Mathematics
Microbiology
Physics
Zoology

**Ph.D.**
Microbiology
Chemistry
Biotechnology

**M.Sc.**
Biotechnology
Botany
Chemistry
Computer Science
Electronics
Information Technology
Mathematics
Microbiology
Physics
Zoology

**PG DIPLOMA**
P.G.D.C.A
Counselling and Guidance

**DIPLOMA**
Journalism

IN CAMPUS **HOSTEL** FOR GIRLS & *BOYS

For admission in B.Ed please contact

**7987054494**

For more details please visit
www.stthomascollegebhilai.in

Fr. Dr. Joshi Varghese
**8989649463**

For more details please visit
www.stcbhilai.in

/stthomascollegebhilaiofficial | /st.thomascollege.official | /stthomascollegebhilaioffic7501 | stthomascollege_bhilai@rediffmail.com

THE MALANKARA SABHA,
CATHOLICATE ARAMANA,
KOTTAYAM-686 004

RNI No. 3076/57,
Registered No. KL/KTM/39/2024-26
License No. KL/CR/KTM/WPP-07/2024-26
Licensed to Post Without Pre-Payment

Published on
10 March/2024




PRINTED & PUBLISHED BY FR. THOMAS RAJU FOR AND ON BEHALF OF ORTHODOX SATHYA VISWASA PARIPALANA SAMITHY, CATHOLICATE ARAMANA, DEVALOKAM.P.O.,VIA MUTTAMBALAM, KOTTAYAM,KERALA-686004 AND PRINTED AT STERLING PRINT HOUSE (P) LTD., DOOR. NO.49/1849, PONEKKARA, CHERANALOOR ROAD, AIMS PONEKKARA. POST, COCHIN, KERALA-682041 AND PUBLISHED AT CATHOLICATE ARAMANA, DEVALOKAM P.O., VIA MUTTAMBALAM, KOTTAYAM, KERALA-686004.

EDITOR: FR. ZACHARIAH THOMAS ALIAS FR. REJI THOMAS